www.malankaralibrary.com

# ബൈബിൾ ഗീതങ്ങൾ

ജി. ചേടിയത്ത്

കോട്ടയം

1983

www.malankaralibrary.com

# BIBLE GEETHANGAL

Author
Dr. G. CHEDIATH

Copyright to the author

Printed at Bethany Press, Kottayam-10

Published by
Dr. G. Chediath,
St. Thomas Ap. Seminary,
Kottayam-10. 686010

Ad Usum Privatum
Cum Permissu Superiorum

## ആമുഖം

മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് സുപരിചിതമായ രീതികളിലാണ് ഇതിലെ 85 ഗീതങ്ങളും രചിച്ചിരിക്കുന്നത്. പ്രധാനമായും വി. ഗ്രന്ഥത്തെ ആധാരമാക്കി എഴുതപ്പെട്ടതിനാലാണ് ബൈബിൾ ഗീതങ്ങൾ എന്ന് പേരു കൊടുത്തത്. ഗീതങ്ങൾ മൊത്തം അഞ്ച് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വിവിധ സന്ദർഭങ്ങളിൽ പാടുന്നതിന് ഗാനങ്ങൾ തെരഞ്ഞെടുക്കാൻ ഇത് സഹായകമാണ്. ഭവനങ്ങളിലെ യാമപ്രാർത്ഥനകൾ, ഇടവകകളിലെ വായനകൾ, മററ് സഭായോഗങ്ങൾ ആദിയായ അവസരങ്ങളിൽ ഇവ പാടാവുന്നതാണ്. ഒററയ്ക്ക് ധ്യാനിക്കാനും പ്രാർത്ഥിക്കാനും ആഗ്രഹിക്കുന്നവർക്കും ഇത് സഹായകമാണ്. സഭയിലെ എല്ലാ ജീവിതാവസ്ഥയിൽപെട്ടവർക്കും ഉപകാരപ്രദമാണ് ഈ ഗ്രന്ഥം.

ഇതിൻെറ മുദ്രണം ഭംഗിയായി നിർവഹിച്ച ബഥനി പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

കോട്ടയം
16-7-1983

ഫാ. ജി. ചേടിയത്ത്

www.malankaralibrary.com

# രീതികൾ

1 എൻ നാഥാ നിൻ കൃപനിന്നെ
ഇപ്പാപികളിൽ ചായിച്ച്
നിൻ സ്ലീബാ ചിറകിൽ തൂങ്ങും
നിൻ സഭമേൽ കൃപതോന്നേണം
(ക്യംതാ—സന്ധ്യ)

2 ബ്ഹൗ നഹറോ ഗായോ മാലാഖേ
''ശോഭയെഴും പ്ര—ഭയിൽ വാനോർ—നിൻ
ദൈവത്വം ശുശ്രൂഷിപ്പൂ
ഉഷസ്സിന്നുദയത്തിൽ സൃഷ്ടികളും
വന്നിപ്പാൻ ധൃതികൂട്ടുന്നു.''
(ചൊവ്വാ—പ്രഭാതം—എക്ബോ)

3 കാദീശോ ദശ്റിശ്കിൻതേ
''സീനായ്മേൽ തൻ മഹിമവിരി—
ച്ചതിനെ ശുദ്ധം ചെയ്തോനേ,
ഭവനേ വാസം ചെയ്തിതിനെ
കൃപയാൽ പാവനമാക്കേണം.

4 അക്ഹദോ ആത്തീറേ ഉമെസ്ക്കീനേ
''നാം ദൈവസുതന്മാരാവാ
നായുഷ്ക്കാലത്തിൽ ചൊല്ലി
തന്നാ—താതരെയോർക്കേണം—പ്രാർത്ഥ—ന കാഴ്ച്ചകളിൽ
നയവാന്മാർ പുണ്യപ്പെട്ടോർ
ഒന്നിച്ചേർക്കുമവർക്കാശ്വാ—
സംസ്വർഗ്ഗേപുത്രൻ ദൈവം;—നാഥാ കൃപചെയ്ക.
(തിങ്കൾ—പ്രഭാതം—രണ്ടാം കോലോ)



5 വാങ്ങിപ്പോയോർക്കായ് അത്ഭുതമേകും നീ—ഹാ
ആചാ—ര്യൻമാരപ്പീകരും
ധൂപത്താ—ലെ വിശ്വാസിനിയാം സഭ
തന്റെ മൃതരെ ഓർക്കുന്നു
താതൻ ശാന്തിയതിൽ മേവും
ദുഷ്ടൻ തോ—റ്റിട്ടവരും തൻ
സുതരുത്ഥാപകനാം നിന്നെ സ്തുതി ചെയ്യും.
(ശനി—പ്രഭാതം—ഒന്നാം കോലോ)

6 ബ്രീക്ദ്ഹാദി ലശ്മായോനേ...
''ധന്യൻ വിൺമൺവാസികളെ
ആമോദിപ്പിച്ചോൻ
ഭക്തർക്കരുളുക കരുണാബ്ധേ
മ്ശീഹാസന്തോഷം.''
(വിവാഹശുശ്രൂഷ)

7 ബാറെക്നഫ്ശല്മൊറിയോ
''ദാസർ തന്നാത്മാക്കൾക്കായ്
ആശ്വാസം നല്ലണമെ മിശിഹാരാജാ—
ശാന്തിയിൽ വാഴുമവർ
മരണം, വ്യഥ ചേരാത്തൊരു നൽ
ശാശ്വത ജീവനെഴും രാജ്യേ
ശുദ്ധന്മാർ തൻ ഗണമൊന്നായ്''
(ശനി—സന്ധ്യ—ഒന്നാം കോലോ)

8 എൻ വിളി നിൻ മുൻ ഏറണമെ
നാഥാ, നിൻമുൻ—ഏററിയൊരീധൂപം
സ്വീകൃതമാകണമെ
അഹറോൻ മസ്സിൻ സബീനായിൽ
കാട്ടിയ ധൂപസുഗന്ധത്തിൽ
തുഷ്ടിപ്പെട്ട നിരപ്പായ് നീ
ഉയരേ കീഴിലുമതുപോലെ
നിന്നിഷ്ടാൽ—സ്വീകൃതമായതുപോൽ.

www.malankaralibrary.com

# ഉള്ളടക്കം

## ഭാഗം 1 – ക്രിസ്തു


| നമ്പർ | | ഖണ്ഡിക | രീതി | പേജ് |
|---|---|---|---|---|
| 152–1 | അഗ്രാഹ്യമതാം രഹസ്യങ്ങൾ | 7 | 1 | 1 |
| 153–2 | അതിരാവിലെ സൂര്യൻ ഉയരുന്നു | 18 | 2 | 2 |
| 154–3 | അത്യുന്നതനാഥൻ സ്തുത്യൻ | 13 | 3 | 4 |
| 155–4 | ഈ ലോകത്തിനു പ്രഭ നല്കാൻ | 12 | 3 | 6 |
| 156–5 | കത്തിജ്വലിക്കുന്നെൻ ഹൃദയം | 40 | 3 | 8 |
| 157–6 | കന്യാസുതനും തിരുസുതനും | 5 | 4 | 13 |
| 158–7 | കരുണ നിറഞ്ഞോനാം പ്രിയനാഥാ | 20 | 2 | 14 |
| 159–8 | കുരിശിൽ കാണും സ്നേഹത്തെ | 7 | 1 | 17 |
| 160–9 | കുസുമം ശോഭ ധരിക്കുന്നു | 14 | 5 | 18 |
| 161–10 | തിരയുന്നു പ്രിയനേ നിന്നെ | 9 | 3 | 20 |
| 162–11 | ദൈവസുതൻ മിശിഹാ | 7 | 5 | 21 |
| 163–12 | ധരയുടെ എല്ലാ കോണുകളും | 10 | 3 | 22 |
| 164–13 | നരനെ സ്നേഹിക്കും താതൻ | 5 | 3 | 23 |
| 165–14 | മകുടം പ്രാപിപ്പാനോടിൻ | 5 | 5 | 24 |
| 166–15 | മിശിഹായുടെ പാർശ്വനിന്നു് | 12 | 3 | 25 |
| 167–16 | മിശിഹായുടെ പെസഹാ രഹസ്യം | 8 | 1 | 27 |
| 168–17 | വഴിഞാനെന്നോതുന്നു നൃപൻ | 39 | 3 | 28 |
| 169–18 | വി. കൂറില്ലോസ്: സ്നാനം | 15 | 3 | 33 |
| 170–19 | രഹസ്യങ്ങൾ വെളിവാകുമ്പോൾ | 3 | 4 | 36 |
| 171–20 | ശാലേമിന്നധിപൻ ശ്രേഷ്ഠൻ | 8 | 5 | 37 |
| 172–21 | ശില്പിയതാം പൗലോസ്ശ്ലീഹ | 12 | 4 | 38 |
| 173–22 | സ്നാനം | 5 | 3 | 40 |
| 174–23 | സ്ലീബാ നല്കും സന്ദേശം | 40 | 3 | 41 |
| 175–24 | സ്നേഹം ജീവിത സാരാംശം | 14 | 2 | 46 |
| 176–25 | ഹൃദയകവാടമൊരുക്കിയിതാ | 3 | 1 | 48 |
| 177–26 | റൂഹായാം ദാനം ചിന്തു | 7 | 4 | 49 |
| 178–27 | റൂഹാ മേലിൽ നിന്നെത്തും | 8 | 4 | 51 |




## ഭാഗം 2 – ത്രിത്വം


| നമ്പർ | | ഖണ്ഡിക | രീതി | പേജ് |
|---|---|---|---|---|
| 179–28 | ഉയരേ ഒരു ഗോപുരമതിനഗ്രേ | 14 | 2 | 53 |
| 180–29 | ഒരു കൂടാരം പോൽ കൃപയാൽ | 5 | 1 | 55 |
| 181–30 | ഒഴുകും നീരിന്നരികത്തായ് | 5 | 4 | 56 |
| 182–31 | കൂരിരുളിൽ നീ ദീപശിഖ | 12 | 3 | 57 |
| 183–32 | കൈക്കൊൾകിക്കാഴ്ച | 12 | 5 | 59 |
| 184–33 | ജീവന്നാധാരം സ്നേഹം | 7 | 1 | 60 |
| 185–34 | തരണം മമ ഭോജ്യം | 22 | 2 | 61 |
| 186–35 | ദാവീദിൻ കിന്നരമേന്തി | 10 | 3 | 65 |
| 187–36 | മെഴുകുരുകും പോൽ മലയുരുകും | 7 | 3 | 66 |
| 188–37 | യിരെമ്യാവ് | 14 | 6 | 67 |
| 189–38 | ലോകം മുഴുവൻ പ്രഭ വിതറും | 22 | 3 | 69 |
| 190–39 | വധിച്ചതു കണ്ടാമോദിച്ചബ്രാഹം | 9 | 5 | 72 |
| 191–40 | വീണു തകർന്നു പാതാളം | 5 | 3 | 74 |
| 192–41 | ശക്തി ധരിച്ച കരം | 6 | 3 | 75 |
| 193–42 | ശാശ്വതമല്ലീ ഭൂലോകം | 26 | 3 | 76 |
| 194–43 | സ്നേഹം പണിയുന്ന ഭവനം | 4 | 3 | 79 |
| 195–44 | റൂഹായാമെൻ സകലേശാ | 12 | 4 | 80 |


## ഭാഗം 3 – കന്യകമറിയം – സഭ


| | | | | |
|---|---|---|---|---|
| 196–45 | ഉത്തമഗീതം | 10 | 3 | 83 |
| 197–46 | കന്യക നമ്മുടെയും മാതാ | 9 | 1 | 84 |
| 198–47 | കന്യകമറിയം | 4 | 5 | 85 |
| 199–48 | കറയില്ലാത്തൊരു കന്യകയെ | 9 | 4 | 86 |
| 200–49 | പരിപാവന ദേവാലയമേ | 9 | 7 | 88 |
| 201–50 | മിശിഹായുടെ പ്രിയ മാതാവേ | 5 | 1 | 90 |
| 202–51 | നാവിൽ ഉത്തമ സംഗീതം | 7 | 4 | 91 |
| 203–52 | നിന്നെ പ്രതിയാണെൻ ജീവൻ | 22 | 3 | 92 |
| 204–53 | പേറുന്നു ദീപം നയനേ | 7 | 4 | 96 |
| 205–54 | ശ്‌മൂയേൽ | 9 | 4 | 97 |
| 206–55 | ശോഭയെഴും രത്നം | 4 | 8 | 99 |
| 207–56 | സ്വർണ്ണാലയമേ | 17 | 8 | 100 |

www.malankaralibrary.com



## ഭാഗം 4 – അനുതാപം – രോഗം – മരണം


| നമ്പർ | | ഖണ്ഡിക | രീതി | പേജ് |
|---|---|---|---|---|
| 208–57 | ആഴിയുടാഴത്തിൽ കാണും | 26 | 3 | 105 |
| 209–58 | ആറാം പ്രുമിയോൻ | 8 | 4 | 108 |
| 210–59 | എത്രോ | 4 | 5 | 110 |
| 211–60 | എൻ ഹൃദയം കബറിൽനിന്നും | 20 | 1 | 111 |
| 212–61 | ഏവൻഗേലിയോനു ശേഷം | 18 | 8 | 114 |
| 213–62 | ഒരുവൻ മൃതനായെൻ പേർക്കായ് | 12 | 3 | 119 |
| 214–63 | കർത്താവെല്ലാ മർത്ത്യരിലും | 7 | 3 | 120 |
| 215–64 | കുർബാനയ്ക്കു ശേഷം | 8 | 8 | 121 |
| 216–65 | കുർബാനയ്ക്കു ശേഷം | 10 | 4 | 123 |
| 217–66 | 1 കൊറിന്തോസ് | 8 | 4 | 125 |
| 218–67 | ദാനം | 5 | 1 | 127 |
| 219–68 | ദിനരാത്രങ്ങളും തീരുമ്പോഴും | 7 | 4 | 128 |
| 220–69 | മറിയം ദീലേത്തോക് | 2 | 3 | 129 |
| 221–70 | മൃതിയണയും വേഗം | 5 | 3 | 130 |
| 222–71 | രക്തമയം ലബനോൻ ദേശം | 16 | 3 | 130 |
| 223–72 | ശോശപ്പാ പ്രാർത്ഥന | 15 | 3 | 133 |
| 224–73 | സ്തുതി സ്രഷ്ടാവാം താതനും | 33 | 3 | 135 |


## ഭാഗം 5 – പൊതുവ്


| | | | | |
|---|---|---|---|---|
| 225–74 | എൻ ജീവൻ ബലിയർപ്പിച്ചീടും | 22 | 8 | 140 |
| 226–75 | ഞാനെന്നും നിന്റേതാകുന്നു | 20 | 8 | 145 |
| 227–76 | തരണം ശാന്തി നിറഞ്ഞദിനം | 7 | 8 | 150 |
| 228–77 | ദൈവിക രാജ്യം | 16 | 8 | 151 |
| 229–78 | നമ്മുടെ ദേഹം | 6 | 8 | 155 |
| 230–79 | നാഥൻ സവിധേ ഭൃത്യൻ പോൽ | 10 | 3 | 157 |
| 231–80 | നിന്നിൽ ഞാൻ വച്ചുന്നെൻ ഹൃദയം | 14 | 8 | 159 |
| 232–81 | മണലാൽ കടലിന്നതിരിട്ടോൻ | 16 | 8 | 162 |
| 233–82 | വലയെറിയാം ആഴിയുടാഴത്തിൽ | 12 | 8 | 166 |
| 234–83 | സ്നേഹത്തിൻ സന്ദേശം പകരാൻ | 18 | 8 | 169 |
| 235–84 | സൗന്ദര്യത്തികവാം റാണി | 9 | 4 | 173 |
| 236–85 | സൗഭഗ സുന്ദര കന്യക | 3 | | 171 |


## ഭാഗം 1 – ക്രിസ്തു

### 152-1 അഗ്രാഹ്യമതാം രഹസ്യങ്ങൾ

രീതി:1

1 താതനിൽ നിന്നുരുവായ സുതൻ
മർത്ത്യ സ്വഭാവമെടുത്തൊരു നാഥം
കന്യക മറിയാമിൽനിന്നും
നരനായ് അവതാരം ചെയ്തു.

2 മിശിഹാ മർത്ത്യനുമതുപോലെ
ദൈവവുമാണെൻ വത്സലരേ
കൂടിക്കലരാതവ രണ്ടും
മേവി മിശിഹാ രാജാവിൽ.

3 ശക്തിയിൽ ദൈവത്തിനു തുല്യൻ
മഹിമയിലും അതുപോൽ തന്നെ
ജനനമൊഴിച്ചെല്ലാററിലുമീ
പുത്രൻ താതനു തുല്യൻ താൻ.

4 ദൈവഹിതം നിറവേററിടുവാൻ
നരനായി ദൈവിക വചനം
രണ്ടാമാളാം ദൈവസുതൻ
നരനായവതാരം ചെയ്തു.

5 പിതൃവലഭാഗം വെടിയാതെ
മേവി കന്യകയുടെ ഉദരേ
ലോകം പരിപാലിക്കുന്നോൻ
പോഷിതനായ് യൂദാ നാട്ടിൽ.

6 അഗ്രാഹ്യമതാം രഹസ്യങ്ങളും
പേറുന്നത്യുന്നത ദൈവം
തിരുഅവതാരവുമതു പോലെ
രഹസ്യം തിങ്ങുവതെൻ പ്രിയരേ.

www.malankaralibrary.com



7 നരനായ് തീർന്നവനാം നാഥാ
നീയാണെൻ പ്രിയ നേതാവ്
നിന്നെ ഞാൻ സ്നേഹിക്കുന്നു
നിൻ വഴിയെന്നെ കാട്ടേണം.

## 153–2 അതിരാവിലെ സൂര്യൻ ഉയരുന്നു

രീതി: 2

1 യോർദ്ദാനിൽ വ–ച്ചായൂഹാ–നോൻ
മിശിഹായെ ചൂണ്ടി–ക്കാട്ടി
ഞാൻ നീരിൽ സ്നാനം–നല്കുന്നു
അവനോ ആത്മാവിൽ നല്കും.

2 മുറമവനുണ്ടതിനാൽ പതിരെല്ലാം
പുറമേ തീയിലെറിഞ്ഞീടും
ഫലമേകാത്തുള്ളാപാഴ്‌വൃക്ഷം
പാടെ വെട്ടി നശിപ്പിക്കും.

3 'നിയമം' രക്ഷിക്കില്ലൊരുവനെയും
സ്നേഹം മാത്രമതേ കാമ്യം
അതിനാലെല്ലാവരുമനുദിനവും
സ്നേഹത്തിൻ വഴി തേടീടിൻ.

4 യൂഹാനോൻ പക്കൽ മിശിഹായും
സ്നാനത്തിന്നായാ–ഗതനായ്
തടയരുതെന്നോ നീ–മുൻഗാമി
പൂർത്തിവരുത്തേണം നിയമം.

5 യോർദ്ദാൻ തീരത്തിൽ നിന്ന–പ്പോൾ
താതൻ മിശിഹായെ കാട്ടി
ഇവനെൻ പ്രിയസൂനു ശ്രദ്ധിപ്പിൻ
ഇവനിൽ ഞാനെന്നും പ്രീതൻ.

6 മിശിഹാ സ്നാനത്താൽ ഉറവകളെ
പരിപാവനമാക്കിത്തീർത്തു
പുതിയൊരു ലോകത്തെ പണിയാനായ്
പൂരിതനായ് ശുദ്ധാത്മാ–വാൽ.



7 മിശിഹായുടെ സ്നാനം ജലതതിയെ
പരിപാവനമാക്കിത്തീർത്തു
അതിൽ സ്നാനം പ്രാപി–പ്പവരെല്ലാം
പുതിയതിനവകാശി–കളാകും.

8 ശ്ലീഹർ വിതചെയ്തു സുവിശേഷം
ദിശികളിലെല്ലാം മോദ–മൊടെ;
നിറപറയാൽ മോദി–ക്കുന്നുടയോൻ
ഫലമെല്ലാമവനൊ–ന്നിച്ചു.

9 യോർദ്ദാൻ തീരത്തിൽ മിശിഹായെ
ദർശിച്ചവരാം സഹദേ–ന്മാർ
ശിരസ്സുനമിച്ചൊന്നായ് സാക്ഷി–ച്ചു
പീഡകരുടെ വാളിൻ–മുമ്പിൽ.

10 ബഹുലമതാം പീ–ഡകളേററ–വരാം
മൗദ്യാനന്മാർ കീർത്തിതരാം
സഭയെ പണി ചെ–യ്തു മല്പ്പാ–ന്മാർ
മഹിമ ധരിച്ചവരാ–ണെന്നും.

11 ഗളരക്ത മൊ–ഴിച്ചവർ മിശിഹാ–യെ
സാക്ഷിപ്പൂ ജനമദ്ധ്യത്തിൽ
അവനെൻ പ്രിയ നാഥൻ; ഞാൻ നിത്യം
അവനായെൻ ജീവൻ നല്കും.

12 അതിരാവിലെ സൂര്യൻ ഉയരുന്നു
ലോകത്തെ പ്രഭ ചൂടുന്നു;
മിശിഹാ ലോകത്തിൻ പ്രഭ തന്നെ
അവനാണുന്നതനാം സൂര്യൻ.

13 അതിനാലവനെന്നും സ്തുതി പാടാം
അവനെ നിത്യം ഘോഷിക്കാം;
അവനായ് നാം ജീവൻ വയ്ക്കേണം
അവനെ ലോകത്തിൽ കാട്ടാം.

www.malankaralibrary.com



14 അനുദിനമുണ്ടാകും കുരിശുകളെ
അവനവനേറ്റു വഹിക്കേണം;
അവയും പേറി—ക്കൊണ്ടെല്ലാരും
കാൽവരിയിൽ കയറീടേണം.

15 മരുഭൂമിയിൽ യാനം ചെയ്യവരാം
ഇസ്രായേൽ പോൽ കേഴരുതേ;
''എൻ ചുമടെല്ലാക്കും ലഘുതന്നെ;
എൻ നുകമെത്ര മധുരതരം''

16 മിശിഹാ ദൈവത്തിൻ പ്രിയസൂനു
അവനെ ഞാനാരാധിപ്പൂ;
ഒരു തരുണിയിൽ നി—ന്നവൻ ശിശുവായി
ബേത്‌ലഹേമി—ലുദിച്ചല്ലോ.

17 സ്തോത്രം നല്കീടുക സഭയേ നീ
താതാത്മജ റൂഹാസ്സായി;
അവനായ് പ്രിയ ജീവൻ വച്ചവരാം
നിൻ സുതരെ നീ കാണിക്കു.

18 പുലരിയിൽ നാമെല്ലാം മുന്നേറി
താതന്നായ് സ്തുതി പാടീടാം
സുതനേയും വന്ദിച്ചീടാം നാം
ഹാലേൽ പാടാം റൂഹാസ്സും.

## 154-3 അത്യുന്നത നാഥൻ സ്തുത്യൻ

രീതി: 3

1 കീർത്തിക്കുന്നു—നിൻ ഗീതം
കീർത്തിയെഴുന്നോ—രുന്നതനേ,
കിന്നരമേന്തിപ്പാടുന്നു
തിരുസഭയൊരു നാവിൽ നന്നായ്.

2 കാൽവരിമലയിൽ—പ്രിയ ജീവൻ
മാനവരെ രക്ഷിപ്പാനായ്
ഒരു യാഗമതായർപ്പിച്ചോൻ
അത്യുന്നത നാഥൻ സ്തുത്യൻ.



3 ഭാരം തിങ്ങും പാപത്തിൻ
ഭീകരച്ചുമടിൽ നിന്നെന്നെ
സ്ലീബായാൽ മോചിച്ചവനാം
അത്യുന്നത നാഥൻ സ്തുത്യൻ.

4 പരിപാവനനാം റൂഹായാൽ
ഹൃദയം മോദി—പ്പിച്ചെന്റെ
മനസ്സിനു ശക്തി പകർന്നവനാം
അത്യുന്നത നാഥൻ സ്തുത്യൻ.

5 അനുദിനമുയരും കുരിശുകളാം തൻ
നടുവിൽ താങ്ങായ് എത്തുന്നോൻ
കരുണ നിറഞ്ഞവനാമെന്റെ
അത്യുന്നത നാഥൻ സ്തുത്യൻ.

6 വഴികളിലെന്റെ സഹചാരി
കട്ടിലിലെന്റെ ശിരസ്സിങ്കൽ
യാത്രയിലെൻ കാലിൻ മുമ്പിൽ
അത്യുന്നത നാഥൻ സ്തുത്യൻ.

7 ക്ഷാമത്തിലുമെൻ സവിധെയവൻ
ദാഹം തീർക്കുന്നു കൃപയാൽ;
ഇടറാതെന്നെ താങ്ങുന്ന
അത്യുന്നത നാഥൻ സ്തുത്യൻ.

8 എന്മേൽ നയനം വച്ചവനാം
എന്മേൽ കൃപകൾ ചൊരിയുന്ന
എന്നുടയവനാം സകലേശൻ
അത്യുന്നത നാഥൻ സ്തുത്യൻ.

9 വൈരികൾ നടുവിൽ ഉത്തമമായ്
മേശയൊരുക്കും ജഗദീശൻ;
വൻ കൃപയാലെന്നെ കാക്കും
അത്യുന്നത നാഥൻ സ്തുത്യൻ.

www.malankaralibrary.com



10 അനന്നിമിഷം കാ—രുണ്യത്താൽ
എൻ ദാഹം പോ—റുന്നവനാം
കരുണ നിറഞ്ഞൊരു സാഗരമാം
അത്യുന്നത നാഥൻ സ്തുത്യൻ.

11 നിൻ സ്തുതി പാടുന്നവനാകും
എൻമേൽ കൃപ നീ ചൊരിയേണം
ഹൃദയ സമാധാനം നൽക;
ശാന്തി പരത്തണമീലോകേ.

12 കാഹള നാദത്തിൻ നാളിൽ
നിന്നിൽ മൃതരാം ദാസരെ നീ
നിൻ വലഭാഗെ നിറുത്തണമെ
നിൻ ഗീതം ഞാൻ കീർത്തിക്കും.

13 പ്രിയനേ, വാഴ്ത്തു തൃക്കൈയാൽ
മമ യാചനയാ—ചിപ്പവരെ
കരുണ നിറഞ്ഞൊരുറവയതിൽ
നിന്നു ചൊരിഞ്ഞിടണം ദാനം.

## 155–4 ഈ ലോകത്തിനു പ്രഭ നൽകാൻ

രീതി: 3

1 യൂദായിൽ നി—ന്നുന്നതനാം
സൂര്യനുദിച്ചു—ശോഭയോടെ
ഉലകം മുഴുവൻ പ്രഭ വിതറും
കതിരോനേ, കൃപ ചെ—യ്കെന്നിൽ.

2 പേരെഴുതാനാ—ജ്ഞാപിച്ച
ഭൗമിക രാജാ—വാം സീസർ
സ്വർഗ്ഗത്തിൽ പേരെഴുതുന്നോൻ
അവതാരം ചെയ്യുന്നാളിൽ.

3 ഉയരാഴങ്ങളാ—ക്കധിപതിയാം
നൃപനാം ദൈവ—ത്തിൻ തനയൻ
കന്യക മറിയാമിൽ നിന്നും
അവതാരം ചെയ്യു—ന്നാളിൽ.



4 കന്യകയാകും—മാതാവിൻ
നിർമ്മലമാം മേ—നിയിൽ നിന്നും
ജന്മമെടുത്താ ദൈവസുതൻ
അവതാരം ചെയ്യു—ന്നാളിൽ.

5 മുപ്പതുവർഷം—നസ്രത്തിൽ
മറവായ് മേവി—മഹനീയൻ;
താത്ത്വികരെ ലജ്ജിപ്പിക്കാൻ
വിനയത്തിൻ വഴിയെ പോയി.

6 സൃഷ്ടിയെയെല്ലാം നിർമ്മിച്ചോൻ
സത്യപിതാവിൻ ഏകസുതൻ
സൃഷ്ടികളിടയിൽ മേവുന്നു
അത്ഭുതമേറുന്നൂ—ദൂതർ.

7 സ്രോപ്പേന്മാർ കാ—ദീശ്രുകളാൽ
ക്രോബേന്മാരാ—ഘോഷത്താൽ
കീർത്തിപ്പവനാം ദൈവസുതൻ
മന്നിൻ സുതനായ് തീർന്നല്ലോ.

8 കടലിന്നടിയിൽ ദൈവജനം
സ്നാനം പ്രാപി_ച്ചൊരുനാളിൽ
കടലിൽ താണു ഫറവോനും
സൈന്യങ്ങളുമെല്ലാമൊന്നായ്.

9 ആദിയിലൊന്നാം ദിവസത്തിൽ
ലോകം ശോഭിപ്പിച്ചവനേ,
പ്രഭ വിതറീടണമെന്നുള്ളിൽ
തമസ്സിനെ ദൂരെയകറ്റേണം.

10 നോഹിൻ നാളിൽ ലോകത്തെ
സ്നാനം ചെയ്യിച്ചു ദൈവം;
അതിനാൽ പാപം കഴുകിയവൻ
നൃപനേ, കഴുകണമെൻ പാപം.

www.malankaralibrary.com



11 മരുഭൂമിയിലി—സ്രായേല്യർ—
ക്കഗ്നിത്തൂണാൽ—പ്രഭ വിതറി
അവരുടെ പാതയൊരുക്കിയ നീ
പാതയൊരുക്കണമെൻ -മുൻപിൽ.

12 സ്ഥാനം പ്രാപി—ച്ചവരെല്ലാം
സൂര്യനു തുല്യം—ശോഭിക്കും;
ഈ ലോകത്തിനു പ്രഭ നല്കാൻ
മിശിഹാ സഭയെ സ്ഥാ—പിച്ചു.

## 156-5 കത്തിജ്വലിക്കുന്നെൻ ഹൃദയം

രീതി: 3

1 അനുദിനമെന്നെ വഴികാട്ടാൻ
ചൊരിയണമെന്നിൽ നിൻ ദാനം
വിജ്ഞാനം ചിന്തണമെന്നിൽ
നാവിൽ വചനം നൽകേണം.

2 കത്തിജ്വലിക്കു—ന്നെൻ ഹൃദയം
സ്നേഹം തിങ്ങും ജ്വാലയതിൽ
നിന്നിൽ നിന്നകലെപ്പോകാൻ
ഇടയാകരുതേ—യെൻ നാഥാ.

3 നിൻ സ്ലീബാ നല്കും വചനം
മോദം പകരു—ന്നെൻ ഹൃദയേ
കത്തിജ്വലിക്കുന്നെൻ ഹൃദയം
ഞാനതു ലോകെ നല്കീടും.

4 പതറിയ ഹൃദയം പേറിയിവൻ
നിൻ ഭവനേയാ—ഗതനായി
അവിടെന്നെക്കാത്തമരുന്ന
കരുണ നിറഞ്ഞവനേ, സ്തോത്രം.

5 വ്യഥകളുമെല്ലാം വേദനയും
ബലിപീഠത്തിൻ പാദത്തിൽ
വച്ചിവനൊരു ഞൊടിയിട നേരം
അർപ്പിച്ചെല്ലാം തൃക്കൈയിൽ.



6 എൻ ഹൃദയം ഞാൻ നല്കുന്നു
കൈക്കൊള്ളൂ കാരുണ്യത്താൽ
ഞാൻ നിന്നെ സ്നേഹിക്കുന്നു
റൂഹായാം ദാനം ചിന്തൂ.

7 മരണം കാംക്ഷി—ക്കുന്നടിയൻ
നിന്നോടൊന്നായ് മേവീടാൻ
നിന്നെക്കൂടാതൊരു നിമിഷം
ജീവിക്കാനെളുതല്ലീശോ.

8 ഉന്നതമാം നിൻ സ്ലീബായിൻ
മുദ്രപതിക്കെൻ ഹൃദയത്തിൽ
അതു നിന്റേതാകുന്നീശോ
അതു ഞാൻ വയ്ക്കുന്നു നിന്നിൽ.

9 നിൻ ഭവനേയെ—ന്നും വാഴാൻ
നിൻ തിരുബലിയർ—പ്പിച്ചീടാൻ
നിന്നിൽ മമ ഹൃദയം വയ്ക്കാൻ
കൃപയേകണമെൻ കർത്താവേ.

10 ഞാനെൻ നാഥാ—വൻ പാപി
നീയോ കരുണാ—സാഗരവും
കരുണക്കടലിൽ കർത്താവേ,
കഴുകണമെൻ കറകൾ നന്നായ്.

11 എൻ യാചനകൾ നല്കണമെ
റൂഹായാം ദാ—നം തരണം
മേലുയരേ നിന്നെത്തുന്ന
ദാനം ചിന്തണമെന്നുള്ളിൽ.

12 താതനുമെന്റെ മാതാവും
ബന്ധുക്കളുമ—ങ്ങാകുന്നു
ഈ മരുഭൂമിയിൽ വേറാരും
എന്റെ തുണയ്ക്കായില്ലീശോ.

13 എൻ പേർക്കായ് വ—ത്സലസുതനെ
ധരയിലയച്ച ജഗദീശാ
നരരിൽ മോദിച്ചീടുന്ന
കരുണ നിറഞ്ഞവനേ, സ്തോത്രം.

www.malankaralibrary.com



14 ഒരു യാഗമതായ് കുരിശിന്മേൽ
കൈകൾ വിരിച്ച മിശിഹായേ,
നരരെ സ്നേഹിക്കുന്നവനെ
കരുണ നിറഞ്ഞവനേ സ്തോത്രം.

15 പുതിയൊരു ലോകം പണിതീടാൻ
പണി ചെയ്യുന്നോൻ റൂഹായേ,
നരരിൽ വാസം ചെയ്‌വവനേ, കരുണ ...

16 മൂന്നാളുകളിൽ സ്ഥിതിചെയ്യും
അത്യുന്നത ദൈ—വം ഏകൻ
നരരെ സ്നേഹിച്ചീടുന്ന—കരുണ നിറ...

17 അനുദിനമെന്റെ യാചനകൾ
കൃപയാൽ കേട്ടു—ത്തരമരുളും
ഭുവാനങ്ങൾക്കുടയവനാം—കരുണ നിറ...

18 ദേഹാരോഗ്യം തന്നെന്നെ
കൈയിൽ താങ്ങും കർത്താവേ,
ദുഷ്ടനെയാട്ടിപ്പായിക്കും—കരുണ...

19 മോദം പകരും പറുദീസാ,
ലോകത്തിൽ സ്ഥാപിച്ചവനേ,
അതിൽ നൃപരായ് നരരെ വച്ച—കരുണ...

20 കത്തി ജ്വലിക്കു—ന്നീലോകേ
പച്ചവിരിക്കും—ഭൂലോകം
അതിൽ മാനവരെ നിയമിച്ച—കരുണ...

21 ഗോഗുൽത്തായി—ന്നൊഴുകുന്ന
ജീവജലത്താൽ കറയെല്ലാം
കഴുകിയ നിർമ്മലനാം നാഥാ— കരുണ...

22 രാവിൽ ചിറകിൽ കാത്തവനേ,
ദുഷ്ടനെയാട്ടിപ്പായിച്ചവനേ,
കൃപയാൽ എന്നെ കാത്തവനേ—കരുണ...

23 ഈ സുദിനത്തിൽ എൻ മീതെ
കൈകൾ വിരിക്കു—ന്നെൻ നാഥാ,
അനുനിമിഷം പരിപാലിക്കും, കരുണ...



24 പാപത്താൽ ഞാൻ നിദ്രിതനായ്
തീരായ്‌വാൻ നാ—ഥാ തുണചെയ്
തിന്മയിൽ നിന്നെന്നെ കാത്ത
കരുണ നിറഞ്ഞവനേ സ്തോത്രം.

25 മണവറയൊരുനാൾ എൻ പേർക്കായ്
നല്കുന്നവനാം എൻ നാഥാ,
ദാനത്തിൻ ഉറവിടമാകും—കരുണ...

26 മേല്യയരേ മേ—വും ദൂതർ
പാടുന്ന നിൻ ഗീതങ്ങൾ
നരരെ ഭവനെയിരുത്തുന്നോൻ—കരുണ...

27 ജീവിതമെല്ലാംനിൻസ്തുതികൾ
പാടീടുമടിയാർ മോദമോടെ
വായ് നാവുകളെ തന്നവനാം—കരുണ...

28 സ്തുതികൾക്കെല്ലാം നീയോഗ്യൻ
നിന്നെ ഞങ്ങൾ വാഴ്ത്തുന്നു
നിൻ ചെയ്തികളെ വിവരിക്കും—കരുണ...

29 തവജനതതിയിൻ പാപങ്ങൾ
കൃപയാൽ നീക്കുക പ്രിയനാഥാ,
രോഗങ്ങളെ നീ നീക്കണമെ—കരുണ...

30 സൂര്യനുദിക്കുന്നീ നേരം
സ്രഷ്ടാവേ, നീ കനിയണമേ,
കേൾക്കണമെ നാദം നന്നായ്—കരുണ...

31 ഈ ദിവസം ഞാൻ തൃക്കൈയിൽ
വയ്ക്കുന്നെന്നെ മിശിഹായേ,
സുഖവും ദുഃഖവുമൊരുപോലെ—കരുണ...

32 നിൻ സ്തുതി നിത്യം പാടുന്ന
സഭയിൻ സുതരോ—ടൊന്നായി
എൻ ബലഹീനതയേറുന്ന
യാഗം ഞാനർപ്പി-ക്കുന്നു.

www.malankaralibrary.com



33 നിൻ വഴിയിൽക്കൂടെൻ നാഥാ,
എന്നെ നടത്തു ഈ ദിവസം
ശക്തി പകർന്നിടു—ഉയരേന്നും
റൂഹായാം ദാനം നൽകു..

34 ഇന്നെന്നുള്ളിൽ ഉയരുന്ന
ചിന്തകളെല്ലാം നിൻപക്കൽ
വയ്ക്കുന്നെൻ പ്രിയനാം നാഥാ,
അവ നിൻ ഗീതം പാടട്ടെ.

35 ഇന്നെൻ നാവിൽ പൊന്തിവരും
വചനം നിൻ പേ-ർക്കേകുന്നു
എൻ ചെയ്തികളും ജീവിതവും
നിൻ ഹൃദയത്തിൽ വയ്ക്കുന്നു.

36 ദുഷ്ടനിൽ നിന്നും ഈ ദിവസം
കൃപയാലെന്നെ കാക്കണമെ
വേദന തിങ്ങും ശോധനകൾ
ദൂരെയകറ്റൂയെൻ നാഥാ.

37 മുൻപിലുമതുപോൽ പിൻപിലുമായ്
ഉള്ളിലുമതുപോൽ ചുറ്റിലുമായ്
ഇടവും വലവും മേൽകീഴും
സംരക്ഷിക്കണമെന്നെ നീ.

38 മുൻപിലുമതുപോൽ പിൻപിലുമായ്
നിഴലുകൾ വീശു ജഗദീശാ
ഇടവും വലവും ഒരുപോലെ
സംരക്ഷിക്കണമെൻ നാഥാ.

39 താഴെയുമതുപോൽ ഉയരേയും
ഉള്ളിലുമതുപോൽ ചുറ്റിലുമായ്
സംരക്ഷണമേകണമീശോ
നിൻ കൈയിൽ വയ്ക്കുന്നെന്നെ.

40 നിത്യം നിലനില്ക്കുന്നവനാം
സത്യം തിങ്ങും ത്രീയേകൻ
അത്യുന്നതനാമെൻ ദൈവം
ശക്തിപകർന്നു തരുന്നെന്നും.



## 157-6 കന്യാസുതനും തിരുസുതനും

രീതി: 4

1 അത്യുന്നതനാം തിരുവചനം
കാലാന്ത്യമടുത്തൊരു നേരം
ഒരു പാ—വന കന്യകവഴിയായ്—നരനായ് എത്തിയിതാ
മനുഷ്യസ്വഭാവം പേറിയവൻ
മർത്ത്യാത്മാവുണ്ടാ നരനിൽ
പാപം—കൂടാ—തെല്ലാറ്റിലുമവനായ് നരനായി.

2 ദൈവസ്വഭാവം വെടിയാതെ
മർത്ത്യസ്വഭാവമെടുത്തുടയോൻ
എത്തീനരനായീധരയിൽ—മറിയാം വഴിയായി
അവളെയവനൊരു പടവാക്കി
ലോകം പേറും മാലുമി താൻ
അവളിൽ മേവിശിശുവായി—ധരയെ വാഴ്ത്തിയവൻ.

3 ദൈവകുമാരൻ തിരുവചനം
കന്യകമറിയാമിൻ മടിയിൽ
ശിശുവായ് സ്തന്യം പാനം ചെയ്തത്യത്ഭുതകർമ്മം
ശീലകളാൽ ചുറ്റപ്പെട്ടോൻ
ലോകം നിറയും ജഗദീശൻ
മേവു—ന്നു പിതൃവലഭാഗേ—ഗൂഢം യാഥാർത്ഥ്യം.

4 മാറ്റമെഴാത്തവനാം വചനം
മാറ്റം കൂടാതിവിടെത്തി
കൂടിക്കലരാതവനെന്നും—നരനായ് വർത്തിച്ചു
ദൈവിക വ്യക്തിയിൽ രണ്ടാമൻ
ദൈവ സ്വഭാവത്തിന്നുടമ
നരരെ രക്ഷിപ്പാനായി—നരനായ്തീർന്നുലകിൽ.

5 ഒരു കർത്താവും ഒരു സുതനും
കന്യാസുതനും തിരുസുതനും
ഒരുവൻ തന്നെയെന്നടിയർ—ആർക്കും തിരുസഭയിൽ
കബറിലടഞ്ഞാലും പാടും
മറിയാം സുതനെ പ്രസവിച്ചു
അവനത്യുന്നത ദൈവസുതൻ—കന്യാസുതനമവൻ.

www.malankaralibrary.com



## 158–7 കരുണ നിറഞ്ഞോനാം പ്രിയനാഥാ

രീതി: 2

1 സ്നാനം പ്രാപിച്ചവരെല്ലാരും
വചനത്തിൽ ശ്രദ്ധിക്കേണം.[1]
അനുനിമിഷം ചെയ്യേണം നന്നായ്
നാഥന്ന പ്രീതികരം കർമ്മം.

2 വടിയാൽ കോടാലി ജലത്തിന്നും
ഏറ്റി ഉയരേ ഏലീശാ[2]
റൂഹാതൻ ശക്തിയതാൽ പാപി
വെണ്മ ധരിക്കുന്നു സ്നാനേ.

3 പാവനമാക്കുന്നോ—രീവെള്ളം
പാപികളെ മോചിക്കുന്നു
ഐക്യതയുടെ വെള്ളമതത്രേയീ—
സ്നാനത്തിൻ ജലമെന്നോർക്കിൻ.

4 ഹാഗാർ മരുഭൂമിയിലൊരു നേരം
കണ്ടത്ഭുതകരമായുറവ
മരുഭൂമിയതാകുന്നീയുലകിൽ
സ്നാനത്തെയതു കാട്ടുന്നു.

5 കാനായിൽ വാഴ്‌വായ് തീർന്നിടയൻ
മരുഭൂമിയിൽ ജീവന്മേശ
ഉന്നതനും ദാനക്കലവറയും
സ്നാനം നല്കുന്നോൻ മ്ശീഹാ.

6 കാനായിൽ നീരിനെ വീഞ്ഞാക്കി
വീഞ്ഞിനെ നിണമാക്കിയന്ത്യേ
നീരിൽ സ്നാനം ചെ—യ്യുന്നോരെ
മുക്കുന്നു തിരുരക്തത്തിൽ.[3]

---

(1) തന്റെ വാക്കിൽ
(2) 2 രാജാ. 6, 1–7.
(3) റോമ. 6, 1–6.



7 മിന്നുന്നൊരു വാളും പേറിക്കൊ
ണ്ടൊരുവനിതാ വന്നീടുന്നു
തീരം തിങ്ങുന്നൊരു നദിപോലെ
ക്രോധം പേറുന്നാ വീരൻ.[4]

8 അഗ്നിക്കുമ്പാരത്തിൻ മീതേ
അഗ്നിരഥത്തിലവൻ മേവി
ചുണ്ടുകളെല്ലാമാക്രോധത്താൽ
പൂരിതമായവയെൻ പ്രിയരേ.

9 അവനേ നോക്കീടാനാരുണ്ടീ
ധരയിൽ ചൊല്ലീൻ വത്സലരേ,
തീയേ പുണരുന്നവനാരാണോ?
ചോദിപ്പൂ സീയോൻ മക്കൾ.[5]

10 സ്നാനത്തിൻ സന്തതിമാരാകും
നിർമ്മലരവനെതിരേ ചെല്ലും
ധരയെ ഞെട്ടി—ച്ചവരാം വീരർ
കിടിലം കൊണ്ടീടുമന്നാളിൽ.

11 സ്നാനജലത്തിൻ തിരുനിർമ്മലമാം
മൂറോൻ മുദ്ര ധരിച്ചവരും
തിരുരക്തം പാനം ചെയ്തവരും
അഗ്നിയെയെതിരേല്ക്കാനെത്തും.

12 കാലടികളിലെല്ലാം നിർമ്മലരായ്
മേവിയവർ എതിരേ ചെല്ലും
വചനം ചിന്തകളിലെപ്പോഴും
പ്രാവിൻ സമമായോർ ചെല്ലും.[6]

13 സോദരനെ ഞെക്കിയ സമ്പാദ്യം
മോഹിക്കാത്തവനും ചെല്ലും
കൈക്കൂലികളൊന്നും വാങ്ങാത്ത
ഉത്തമനാം നരനും ചെല്ലും.

---

(4) ഏശാ. 30, 27–28.
(5) ഏശാ. 33, 14
(6) ഏശാ. 33, 15

www.malankaralibrary.com



14 കൊല പാതകമാം വഴികേൾക്കാതെ
ചെവി പൊത്തുന്നവനും ചെല്ലും
ദുഷ്ടത തിങ്ങുന്നോരു കാഴ്ചകളെ
നോക്കാത്ത പ്രിയനും ചെല്ലും.

15 ഉയരേ മരുവുന്നോ—രുത്തമനാം
നൃപനവനേ ചൂടും കൃപയാൽ
ഒരുനാളും ദുഷ്ടനടുക്കില്ല
ആ നരനുടെ വാസം ഗേഹേ.

16 ഉയരേയോരു പാറയുടയരത്തിൽ
വീടവനുണ്ടാകും നൂനം
കുറയില്ലവനപ്പം ഒരുനാളും
തൻ ജലവും തീരില്ലൊട്ടും.

17 ദുഷ്ടത തകരുമ്പോൾ മോദിക്കും
വലഭാഗത്തുള്ളോർക്കൂട്ടം
ദുഷ്ടത വിതച്ചെ—ട്ടവരാം മർത്ത്യർ
കൊയ്യും കാലാന്ത്യേയഗ്നി.

18 പതിരു സമം ദുഷ്ടർ വൻതീയിൽ
വെന്തെരിയും കാലാന്ത്യത്തിൽ
സത്യം നിറയുന്നോനാം നാഥൻ
സവിധേയണയാ മീന്നേരം.

19 ഒരു നാളും തള്ളില്ലാ നാഥൻ
തന്നിൽ ശരണിതരാം നരരെ
താൻ കയ്യിൽ താങ്ങും തൻസുതരെ
മുടി ചൂടിടും കാലാന്ത്യേ.

20 കരുണ നിറഞ്ഞോനാം പ്രിയനാഥാ,
മാച്ചണമെൻ പാപം സർവ്വം
ചിറകാൽ മറ ചെയ്യണമെന്നെ നീ
വലഭാഗേ ചേർത്തീടേണം.



## 159–8 കുരിശിൽ കാണും സ്നേഹത്തെ

രീതി: 1

1 തിന്മകൾ വെടിയണമെല്ലാരും
മിശിഹായെ കാണൂ കുരിശിൽ
ഗോഗുൽത്താമലയുടെ മുകളിൽ
ആണികളിൽ തൂങ്ങി നാഥൻ.

2 തിന്മ നിറഞ്ഞവരാം നമ്മെ
മേലുയരേ കേറ്റീടാനായ്
ദാസൻ സമമായ് തീർന്നവനെ
ഓർക്കണമെല്ലാരും നന്നായ്.

3 ജലരക്തം ചിന്തിയ നാഥൻ
സ്നേഹത്താലീധരയെത്തി
അവനെ സ്നേഹിപ്പവരെല്ലാം
തിന്മ വെറുക്കണമെപ്പോഴും,

4 മിശിഹായുടെ മൃതിയിൽ സ്നാനം
പ്രാപിച്ചവരാം നാമെല്ലാം
പാപത്തിനു മൃതരാകുന്നു
ധന്യൻ പൗലോസ് ചൊല്ലുന്നു.

5 കഷ്ടതയനവധി വന്നാലും
നഷ്ടം വളരെ സഹിച്ചാലും
ക്രൂശിൽ കാണും സ്നേഹത്തിൻ
പിറകേ പോകും ഞാനെന്നും

6 പീഡനമനവധിയേൽക്കുമ്പോൾ
ദൂഷണമനവധി കേൾക്കുമ്പോൾ
കുരിശിൽ കാണും സ്നേഹത്തെ
ഓർക്കും ഞാൻ ബഹുലം മോദാൽ.

7 എന്നെ സ്നേഹിച്ചവനേ, ഞാൻ
നിൻ പേർക്കെൻ ജീവൻ വയ്ക്കും
ജാതികളിടയിൽ നിൻ ഗീതം
ഘോഷിക്കും ഞാൻ നാൾതോറും.

www.malankaralibrary.com



## 160-9 “കുസുമം ശോഭ ധരിക്കുന്നു”

രീതി: 5

1 പരിപാ—വന കന്യകയിൽ നി—ന്നുടയോൻ റൂ—ഹായാൽ ജാ—
തം ചെയ്യാൻ സുതനെ വിട്ടൽ—ഭുതകരമായ്;
ജീവൻ—നല്കുന്നവനാകും—മിശിഹായാ—ണുലകത്തിൻ
ദീപമതോർത്തിടുവിൻ പ്രിയരേ,—കരയേണ്ട.

2 പടവിൽ—നിദ്രിതനാമീശോ—ഞെട്ടിയുണ—ർന്നു ചൊന്നു—
ശിഷ്യന്മാരോടായ്: ഭയമെ—ന്യേ വാഴ്ക;
കടലും—കരയും നിർമ്മിച്ചോൻ—ദൈവസുതൻ ഞാനിവിടെ—
നിങ്ങളൊടൊന്നിച്ചുണ്ടല്ലോ—ചെറുപടവിൽ.

3 ശെമഓൻ—കീപ്പാ കടലിന്നോ—ളങ്ങളിൽ പെ—ട്ടുഴലുമ്പോൾ
നാഥൻ കൈ നീട്ടി അവനെ—രക്ഷിച്ചു:
“വിശ്വാസം വെടിയാതെ നട—ന്നീടുക നീ—ശെമഓനെ—
കടലിൽ താഴില്ലൊരുനാളും;—മാലുമിഞ്ഞാൻ.”

4 കുസുമം ശോഭ ധരിക്കുന്നു—പറവകൾ പാ—ടുന്നുടയോൻ—
അവയെ പരിപാലിക്കുന്നു—ത്ഭുതകരമായ്;
മന്നിൻ—മന്നവനാം മനുജൻ—മനസ്സുതക—ന്നുഴലുന്നു—
മരുഭൂമിയിലൂടെ ഗതിയ—റ്റവനെപ്പോൽ.

5 ദുഷ്ട—ന്മാരുടെ നാളുകളിൽ—പ്രളയം ഭൂ—മിയിലുണ്ടായ്
ജലമതിലവരെല്ലാം മുങ്ങി—ദുഃഖിതരായ്;
പ്രിയനാം—നോഹയെ ജഗദീശൻ കാത്തതു നീ—കേട്ടുഗ്രഹി—
ച്ചീടു ഉടയോനാം ദൈവ—ത്തിൻ വഴികൾ.

6 ശക്തൻ—മാരാം ബാബേലിൻ—സന്തതികൾ—കെട്ടിയതാം
ഗോപുരമെവിടെപ്പോയ് ചൊല്ലു—വത്സലരേ,
ജീവ—ന്നുറവിടമാം ദൈവം—ജീവൻ നൽ—കുന്നവെ—
ന്നോർക്കാത്തവനൊന്നും പണിയി—ല്ലൊരു നാളും.

7 മൂശാ—നിബിയുടെ നാളുകളിൽ—സഭയൊന്നായ്—മിസ്രേമിൽ—
നിന്നു പുറപ്പെട്ടതുവാളാ—ലല്ലല്ലോ
വാളും—സൈന്യവുമേറിയവൻ—ഫറവോനെ—കടലിൽ താ—
ഴ്ത്തി; ഇസ്രായേലോയെത്തീ—കാനാനിൽ.



8 മരുഭൂ—മിയിൽ മന്നാ നല്കി—പാറപിള—ന്നുടയോൻ പാ—
നം ചെയ്യിച്ച കഥ മർത്യൻ—ഓർത്തില്ല;
മണലാൽ—കടലിന്നതിരിട്ടോൻ—മരുഭൂവെ—മലർവാടി—
ആയ് തീർക്കുന്നവനാണെന്നോ—ർക്കിൻ പ്രിയരേ.

9 സങ്കീ—ർത്തനഗ്രന്ഥത്തിന്നാം—നിബിദാവീ—ദേവം ചൊ—
ന്നീടുന്നു വാക്യം കേൾപ്പിൻ—മൽ—പ്രിയരേ:
“കർത്തൻ—ഭവനം പണിയാഞ്ഞാൽ—പണിയുന്നോരധ്വാന—
ത്താൽ ക്ലേശിച്ചീടും; ഭവനം—പണിയില്ല.”

10 ലോക—ത്തിൽ ഹൃദയം വയ്ക്കാ—തുന്നതമാം—ഗൃഹമതിലേ—
യ്ക്കൊന്നു തിരിച്ചു വിടിൻ നിങ്ങൾ—ജീവിക്കും.
ജീവൻ—നല്കിടുമാപാത—തേടിയിറ—ങ്ങിൻ പ്രിയരേ—
നിശ്ചയമായ് എത്തും നിങ്ങൾ—പറുദീസിൽ.

11 ഞാനാ—രാണെന്നോർത്തിടുവിൻ—പ്രിയരേ ഞാൻ—നിങ്ങൾ—
ജീവൻ ഹോമിച്ചു കുരിശിൽ—മലമുകളിൽ [ക്കായ്.
ഞാനാ—ണുത്തമനാമിടയൻ; സൗഖ്യം നൽ—കീടുന്നോൻ
വഴിയും ജീവനുമാം ഞാൻത—ന്നെ സത്യം.

12 മൃതിയെ—മൃതിയാൽ വെന്നവനാം—നാഥൻ വ—ന്നതുപോൽ വ—
ന്നീടും കാലാന്ത്യത്തിൽ നീ—കരയരുതേ;
പൊടിയായ്—തീർന്ന ജഡം മഹിമാ—വസ്ത്രമുടു—ക്കുംപാടും
ശ്രുതിമധുരം ഗീതം ത്രിത്വത്തിൻ സ്തുതികൾ.

13 വചന—ത്താൽ നൃപനാം ദൈവം—സൃഷ്ടിച്ചു—ലോകത്തെ,
വചനത്താൽ തന്നെ കൃപയാൽ—രക്ഷിച്ചു.
മറവായ്—മേവിയ വചനം കാ—ലാന്ത്യത്തിൽ—വെളിവായ് ക—
ന്യകയിന്നുരുവായി ജഡമേറ്റു ശിശുവായ്.

14 ജീവൻ—മർത്യനു നല്കിയവൻ;—പിതൃസവിധേ—
എത്തിടുവാൻ—പാത തുറന്നുടയോൻ; വീണ്ടും മറവായ്പോയ്;
ലോക—ത്തിൻ സ്രഷ്ടാവാകും—വചനം ദൈ—വം ലോക—
ത്തിന്നാലംബമതായ് നിത്യം—വാഴുന്നു.

www.malankaralibrary.com



## 161–10 തിരയുന്നു പ്രിയനേ, നിന്നെ

രീതി: 3

1 മറവായ് മേവും മിശിഹായേ,
ഹൃദയം നിന്നെ തേടുന്നു
ഉയരാഴങ്ങളിലെല്ലാം ഞാൻ
തിരയുന്നു പ്രിയനേ, നിന്നെ.1

2 ദാഹജലത്തി—നായോടും
കലമാൻ സമമായ് ബലഹീനൻ
ഉയരാഴങ്ങളിലെല്ലാം ഞാൻ
തിരയുന്നു പ്രിയനേ, നിന്നെ.

3 രാപകലെൻ ക—ണ്ണീരാൽ ഞാൻ
ദുഃഖിതനാണെൻ കർത്താവേ,
ഉയരാഴങ്ങളിലെല്ലാം ഞാൻ
തിരയുന്നു പ്രിയനേ, നിന്നെ.

4 നിന്നെക്കാണാൻ എന്നുള്ളിൽ
ദാഹം പെരുകു—ന്നെൻ പ്രിയനേ,
ജീവൻപകരും ജീവദനേ,
നിന്നെക്കാണുവതെന്നാണോ!

5 വരണം നാഥാ, പ്രിയനേ, നീ,
വേഗം വരണം കർത്താവേ;
നീയാണെൻ ശരണം നാഥാ,
ഓടിയടുക്കും നിൻ പക്കൽ.

6 ഹൃദയംപൊട്ടിത്തകരുന്നു
വാരിധിയൊഴുകു—ന്നു നയനേ;
ഗിരിസമമാമൊരു തിരമാല
വന്നു പതിക്കുന്നെൻ മീതെ.

7 ഈ സുദിനത്തിൽ പ്രിയനാഥാ,
കാട്ടണമേ നിൻ വൻ സ്നേഹം
എൻ ജീവിതകാലത്തെല്ലാം
നിൻ ഗീതം പാടും മോദാൽ.

---

1. സങ്കീ. 42



8 കൂരിരുളിൻ വൻ താഴ്‌വരയിൽ
പാടും നാഥാ, നിൻ സ്തുതികൾ
സൃഷ്ടികൾ നിദ്രിതമാകുമ്പോൾ
നിൻ ഭവനേയെന്നാനന്ദം.

9 ശ്രദ്ധിക്കണമെ—നർത്ഥനയെ
വഞ്ചകരിന്നെ—ന്നെ കാക്ക
കരുണ നിറഞ്ഞവനാം നീയെൻ
വഴികളിലെല്ലാമാനന്ദം.

## 162–11
## “ദൈവസുതൻ മിശിഹാ അവതാരം ചെയ്തു”

രീതി: 5

1 ശെമഓൻ—കീപ്പാമേൽ സഭയെ—പണിത നൃപൻ—അരുൾചെയ്തു
ശെമഓനെ മേയ്ക്കാടുകളെ—യെൻ പേർക്കായ്;
പാരും വാനമഴിഞ്ഞീടും—നാൾവരെ ഞാൻ—നിന്നോടു കൂ—
ടുണ്ടെന്നോർമ്മിക്ക ശിഷ്യാ—ഭീതി വിടു.

2 ഇടയൻ—ഞാൻ വച്ചേൻ ജീവൻ—കുരിശിന്മേൽ—ദൃഷ്ടാന്തം—
കണ്ടതിനാൽ നീയും നൽകു നിൻ ജീവൻ.
മഹിമോ—ദയദിനമണയുമ്പോൾ—നീയുത്ഥാ—നം പ്രാപി—
ച്ചിസ്രേലിനെ വിധി ചെയ്യാനായ്—എഴുന്നേല്ക്കും.

3 ലോകം—അധികാരത്തിന്നായ്—ഓടിനട—ന്നാളുകളെ—
അടിമകളാക്കുന്നു കഷ്ടം!—ഖേദകരം.
നീയോ സേവകനായവരെ —സ്നേഹമൊടേ—പിതൃസവിധേ—
എത്തിക്കാൻ ജീവൻ വയ്ക്കു—പ്രിയ ശിഷ്യാ.

4 ശെമഓൻ—കീപ്പാ നാഥന്റെ—തിരുവചനം—കൈക്കൊണ്ടു—
ഉന്നത ഗോപുരമായവനും—കൃപയാലെ.
നാനാ—ജാതികളിടയിലവൻ—വലവീശി—മുത്തുകൾ വാ—
രിക്കൂട്ടി ഭവനേ താത—നർപ്പിച്ചു.

5 ശെമഓൻ—സത്യത്തിൻ പാറ—അവനിൽ താൻ—പണിചെയ്തു—
സ്വർഗ്ഗീയോന്നതമാം ഗേഹം—തിരുസഭയെ.
അലകൾ—കാറ്റുകളേറ്റാലും—സഭയോതും—മോദമൊടേ—
“ദൈവസുതൻ മിശിഹാ അവതാ—രം ചെയ്തു”.

www.malankaralibrary.com



6 ജീവൻ—നേടിട്ടുവാനായി—ശെമഓനാം—ഇടയനിരി—
ക്കുന്നിടമാം ഗേഹം നോക്കിൻ—മോദിപ്പിൻ.
മിശിഹാ—ശെമഓനോടൊത്തു്—സഭയിലിരി—ക്കുന്നതുക—
ണ്ടവനോടൊന്നിച്ചാഹ്ലാദി—ച്ചാർത്തിടുവിൻ.

7 മണലിൽ—ഭവനം പണിയുന്നോൻ—ഭോഷനഹോ—കാററുകളാൽ
അതു താഴെ പോകും സത്യം—സോദരരേ;
കീപ്പാ—മേൽ പണിയപ്പെട്ട—ഭവനമുറ—പ്പുള്ളതിനാൽ—
നിലനില്ക്കും നിത്യം കാലാ—ന്ത്യത്തോളം.

## 163–12 ധരയുടെ എല്ലാ കോണുകളും

രീതി: 3

1 ധരയുടെ എല്ലാ കോണുകളും
ഒരുപോൽ പാടിൻ സ്തുതിഗീതം
അത്യുന്നതനേകൻ ദൈവം
മിശിഹാ ദൈവത്തിൻ സൂനു.

2 ഉയരാഴങ്ങളും നിർമ്മിച്ച
നൃപനെ വാഴ്ത്താം പുതിയദിനേ
പുലരിയിൽ കാഴ്ചകളർപ്പിക്കാം
ഹൃദയം നല്കാം നാഥന്നായ്.

3 എന്നും ഉയരേ ഗഗനപഥേ
സ്തുതിപാടീടാം അനുനിമിഷം
താഴെയഗാധ തലങ്ങളിലും
നാഥനുനിത്യം പാടീടാം.

4 നാഥനു നല്കാൻ സ്തുതിഗീതം
സോദരനോ എൻ ജീവിതവും
സ്നേഹം പണിയുന്നു ധരയിൽ
പുതിയൊരു പറുദീസായിപ്പോൾ

5 ദാവീദിൻ കീർത്തനമേന്തി
സഭയിൽ പാടാം സ്തുതിഗീതം
വാതിൽ തുറക്കിൻ സേവകരേ,
ജാതികളോടിയടുക്കട്ടെ.



6 ജനകോടികൾ തൻ ഹൃദയത്തിൽ
ഉയരുന്നെപ്പോഴും ഗീതം
അത്യുന്നതനേകൻ ദൈവം
മിശിഹാ ദൈവത്തിൻ സൂനു;

7 വരണം മിശിഹാ നൃപനേ, നീ
വച്ചുന്നെൻ ജീവൻ നിന്നിൽ
കൈക്കൊള്ളണമെൻ കാഴ്ചകളെ
കുരിശിലെ യാഗം പോൽ നാഥാ,

8 പ്രിയനാം താതാ, സ്വർഗ്ഗീയാ
കരുണയ്ക്കു ഉയരേണം
കരയുന്നവരെ തള്ളരുതേ
കള്ളൻ സാക്ഷ്യം നല്കുന്നു.

9 പരിപാവനനാം റൂഹായേ,
നന്മകൾ ചിന്തുന്നൊരു ദേവാ,
പൂർണ്ണതയേകണമടിയാർക്കായ്
നവമാം വസനം നല്കേണം.

10 ധരയുടെ എല്ലാ കോണുകളും
ഒരുപോൽ പാടിൻ സ്തുതിഗീതം
അത്യുന്നതനേകൻ ദൈവം
മിശിഹാ ദൈവത്തിൻ സൂനു.

## 164–13 നരനെ സ്നേഹിക്കും താതൻ

രീതി: 3

1 ഗോഗുൽത്താമേൽ കൈകൾ വിരി—
ച്ചീധരയെപ്പുൽ—കിയദേവാ,
തവസവിധേയണയുന്നടിയർ
ചിറകിൻ കീഴിൽ ചേർക്കേണം.

2 കാൽവരിമേൽ കാണും സ്നേഹം
മാനവനറിയില്ലതിനാഴം
കൃപനിറയും നൃപനാം നാഥൻ
ജീവൻ ചിന്തീമർത്ത്യർക്കായ്.

www.malankaralibrary.com



3 നരനെ സ്നേഹിക്കും താതൻ
സുതനെയയച്ചു നരനായി
സുതനൊരു കന്യകയിൽനിന്നും
റൂഹായാൽ നരനായ്തീർന്നു.

4 തൻ പ്രിയസുതനെ നല്കുന്നോ—
രുന്നത താതൻ സ്നേഹമഹോ
സുതനെ നല്കീടുന്നതിനായ്
നിർബന്ധിച്ചവനെ സ്നേഹം.

5 പ്രിയനാം മണവാളാ, മിശിഹാ,
നിന്നെ തേടുന്നെല്ലാരും
നിൻ ചിറകിൽ ചേർക്കണമിവരെ
നിൻ കാരുണ്യം ചിന്തേണം.

## 165. 14 മകുടം പ്രാപിപ്പാനോടിൻ

രീതി: 5

1 ആരം—ഭം കൂടാത്തവനാം—താതനിൽ നി—ന്നുരുവായോൻ
അത്യുന്നത വചനം ദൈവം സംസ്തുത്യൻ
കാലാ—രംഭത്തിനു മുമ്പേ—നിത്യതയിൽ—താതനിൽ നി—
ന്നുരുവായോനുടയോൻ നാഥാ, നീ ദൈവം.

2 ആരം—ഭം കൂടാത്തവനാം—പ്രിയതാതൻ—വചനത്തെ
ധരയിലയച്ചിവരെ സ്വർഗ്ഗേ എത്തിക്കാൻ
വചനം കന്യകയിൽനിന്നും—മേനിയെടുത്തൊരു നരനായ്
ബേത്‌ലഹേം നഗരേ കാണ—പ്പെട്ടൊരുനാളം.

3 കറകം—കഴുകി വെടിപ്പാക്കും—സോപ്പായാണീനാഥൻ
വരുവിൻ വത്സലരേ, നിങ്ങൾ ശോഭിപ്പിൻ
മകുടം ചൂടിക്കുന്നവനാ—ണീമുടി ചൂ—ടിയ മന്നൻ
മകുടം പ്രാപിപ്പാനോടിൻ തിരുസവിധേ.

4 ലോക—ത്തിന്നധിപൻ വചനം—ജഡമേറ്റു—നരനായി—
ഗുഹയിൽ മേവുന്നു ശിശുവായ് പുൽക്കൂട്ടിൽ
അഖിലാ—ണ്ഡം പരിപാലിപ്പോൻ—കന്യകതൻ—സ്തന്യം പാ—
നം ചെയ്യുന്നതിനാൽ ദൂതർ വിസ്മിതരായ്.



5 ദാനം—പ്രാപിച്ചവരായോർ—രാജാക്കൾ—ആദരവായ്
എത്തി കല്ലറയിൽ നൃപനെ വന്ദിപ്പാൻ
പൊന്നും കാഴ്ചകളും നല്കി—ആരാധി—ച്ചുടയവനെ—
മോദമോടാ മർത്ത്യർ പോയി പേർഷ്യായിൽ.

## 166–15 മിശിഹായുടെ പാർശ്വേനിന്നു്

രീതി: 3

1 മിശിഹാരാജൻ വാനിൽ നി—
ന്നെത്തീധരയിൽ നരനായി
ആദിപിതാവിൻ പിഴപോക്കാൻ
ആഴിയെ വാഴ്ത്തി സ്തു—ത്യർഹൻ.

2 യൂഹാനോൻ ക—ണ്ടു നദിയിൽ
റൂഹാമിശിഹായുടെ മീതെ
വാനിൽ നിന്നൊരു ദിവ്യസ്വരം
കേട്ടു സക്കറിയാ—തനയൻ.

3 ബേത്‌ലഹേമിൽ ദൂതന്മാർ
മിശിഹായെകാ—ട്ടീലോകേ
യോർദാൻ നദിയിൽ യൂഹാനോൻ
വെളിവായ് സാക്ഷ്യമുരച്ചല്ലോ.

4 എൻ പിറകേ വന്നീടുന്നോൻ
എന്നേക്കാൾ മു—മ്പുള്ളവനാം
അവനെ താണുവണങ്ങിടുവാൻ
കൃപ നല്കണമേ രാജാവേ.

5 ലോകത്തിൻ പാ—പം പേറും
പാവനമാം കു—ഞ്ഞാടിവനാം
അവനെ ലോകെ കാട്ടിടുവാൻ
എത്തി ഞാനൊരു മുന്നോടി.

6 മിശിഹാ ജലധി—ക്കേകി ബലം
സ്നേഹിതരായോർ മുങ്ങാനായ്
അതിൽ മുങ്ങുന്നവരെല്ലാരും
മിശിഹായെ പ്രാപി—ക്കുന്നു.

www.malankaralibrary.com



7 സ്നാനം നൽക—ന്നൊരു റൂശ്മാ
മായില്ലൊരുനാളും പ്രിയരേ,
മനുജാത്മാവിൽ പതിയുന്ന
ജ്ഞാനസ്നാനത്തിൻ മുദ്ര.

8 മോഹനമാകും സ്നാനത്തിൻ
മാഹാത്മ്യം കാ—ണിൻ പ്രിയരേ,
ഓടിയടുക്കിൻ സ്നാനത്താൽ
മിശിഹായെ പ്രാപിച്ചീടിൻ.

9 സ്നാനം കൂടാതൊരു നരനും
സ്വർഗ്ഗേപൂകി—ല്ലൊരു നാളും
എന്നരചെയ്തവനാം നാഥൻ
സവിധേ അണയാമീനേരം.

10 നിരസിച്ചീടല്ലേ, നരരേ,
മിശിഹാ നല്കും വൻദാനം
സ്നാനജലം നല്കും ദാനം
മറ്റൊരിടത്തും കാണില്ല.

11 ധരയിൽ മേവുന്നവരാം നാം
ഉയരേ ഹൃദയം വയ്ക്കേണം
നമ്മുടെ ഭവനം സ്വർഗ്ഗത്തിൽ
അവിടെത്തന്നെ നിക്ഷേപം.

12 മിശിഹായുടെ പാർശ്വനിന്നും
ഒഴുകുന്ന നീരിന്നരുവ
ഏഴായ് തീർന്നു ലോകത്തിൻ
നാനാഭാഗത്തെത്തുന്നു.

## 167-16 മിശിഹായുടെ പെസഹാരഹസ്യം

രീതി: 1

1 വിജ്ഞാനത്തിൻ കേദാരം
മിശിഹാ രാജാവേ, നാഥാ,
പിതൃവലഭാഗത്തിൽനിന്നും
നീ നിൻ വിജ്ഞാനം ചിന്തി.



2 ദയതന്നുറവിടമേ, നാഥാ,
ചിന്തണമേ നിൻ കാരുണ്യം
അഗതികളാമിവർ മദ്ധ്യത്തിൽ
ചിന്തുകനാഥാ, നിൻ ദാനം.

3 പീഡകളനവധിയേററ നൃപൻ
നിന്ദനമേററെൻ പേർക്കായി
ഗോഗുൽത്താ മലയിൽ കുരിശിൽ
മൃതിയെ മൃതിയാൽ തോല്പിച്ചു.

4 വിധിചെയ്യും വൻ വിധിയാളൻ
വിധിചെയ്യപ്പെ—ട്ടു ധരയിൽ
പാപികളാമിവർ പേർക്കായി
മൃതിയേററു നൃപനാം നാഥൻ.

5 എൻ തിന്മകളെ പ്രതി മിശിഹാ
വൻ കുരിശിൽ പീഡനമേററു
കുരിശിൽ തൂങ്ങിയ മമ നാഥാ,
നിന്നിൽ വയ്ക്കുന്നെൻ ജീവൻ.

6 മിസ്രേമിൻ രാജൻ ഫറവോൻ
കുഞ്ഞാടിൻ കൊല ദർശിച്ചു
മിശിഹായുടെ പെസഹാ രഹസ്യം
സൂചിപ്പിക്കുന്നൊരുരൂപം.

7 വിജയത്തിൻ കൊടി പേറിയവൻ
നൃപനാകുന്നെൻ മണവാളൻ
മൃതിയെവെന്നവനെഴുന്നേററു
മൂന്നാം നാളം കബറിൽനിന്നും.

8 മരുഭൂമിയിലെതിരേ വന്ന
ദുഷ്ടനെ മിശിഹാ തോല്പിച്ചു
''എൻ പിറകേ പോ സാത്താനേ''
എന്നര ചെയ്തു ജേതാവ്.

www.malankaralibrary.com



# 168-17 വഴിഞ്ഞാനെന്നോതുന്ന നൃപൻ

രീതി: 3

1 വത്സല താതൻ മാർ അപ്രേം
ചൊല്ലുന്നു സ്ലീ—ബാരഹസ്യം:
ആട്ടിൻകൂട്ടത്തിൻമുൻപിൽ
യാക്കോബിൻ വടി സൂചിതമാം.[1]

2 പുതിയൊരു കൂട്ടത്തെയവിടെ
യാക്കോബുണ്ടാക്കീയതിനാൽ
സ്നാനജലത്തിൽ നാട്ടീയതാം
സ്ലീബാ പണിയുന്നു സഭയെ.

3 വടി സ്ലീബായിൻ മുൻകുറിയാം;
അജഗണമെല്ലാ മർത്യരെയും;
സ്നാനത്തിൻ ഗൂഢം രഹസ്യം
'നിയമം' നിഴലിൽ കാട്ടുന്നു.

4 റിബെക്കായെന്നൊരു തരുണി
നീരിന്നരികെ ഭൂഷിതയായ്
സ്നാനത്തിൻ നീരാൽ സഭയെ
വേൾക്കുന്നു മിശിഹാ രാജൻ.[2]

5 ഒഴുകും നീരിന്നരികത്തായ്
നാഹോർ സുതഭൂഷിതയായി
ജ്ഞാനസ്നാനത്തിൻ നീരാൽ
ഭൂഷിതമാകുന്നാത്മാക്കൾ.

6 കന്യകയാകും റിബേക്കാ
പ്രാപിച്ചൊരുമോ—തിരവളയം;
നിർമ്മലമാ മാത്മക്കളിതാ
പ്രാപിക്കുന്നു കാരുണ്യം.

(1) Cf. Lamy, Sancti Ephremi Syri Hymni et Sermones, I, p. 63, ഉല്പ. 30:37 തുടച്ച്
(2) ഉല്പ. 24:16.22



7 നദിയിൽനിന്നും രക്ഷിതനാം
മൂശാതീർന്നു രക്ഷകനായ്;
നദിയിൽനിന്നും കയറിയവൻ
മിശിഹാ രക്ഷകനാകുന്നു.

8 മൂശാനിബിസീ—നാഭുവിൽ
അജപാലകനായ് തീർന്നല്ലോ
മരുഭൂമിയതാ മീയുലകിൽ
നല്ലിടയൻ മിശിഹായത്രേ.

9 മൂശ കുടിപ്പിച്ചാടുകളെ
ഓടിച്ചെല്ലാ ദുഷ്ടരെയും
മിശിഹാ ജീവജലം നല്കി
ശത്രുവിനെ പായ്ക്കു—ന്നകലെ.[3]

10 ജനമിസ്രായേൽ ചെങ്കടലിൽ
സ്നാനം പ്രാപി—ച്ചു നന്നായ്
മന്നായും പാറയിൽനിന്നും
ജലവും പ്രാപിച്ചിസ്രായേൽ

11 സ്നാനജലത്തിൽ നിന്നുയരും
ശിശുവൊരു മാലാ—ഖാ തന്നെ
റൂശ്മായാൽ മുദ്രിതനവനായ്
നൽകുന്നു മിശിഹാ രക്തം.

12 വഴിയും ജലവും നിരസിച്ചു
സീഹോൻ രാജാവൊരുനാളിൽ[4]
'വഴിഞ്ഞാനെ'ന്നോതുന്ന നൃപൻ
ജീവജലം നല്കു—ന്നെന്നും.

13 വാരിധിമൂലം ബലവാനാം
ഗെദയോൻ പോരി—ന്നാൾ ചേർത്തു
മിശിഹാ തന്നാരാധകരെ
സ്നാനജലത്താൽ ചേർക്കുന്നു.[5]

(3) പുറ. 2:17
(4) സംഖ്യ, 21:21
(5) ന്യായാ. 7:4 തുടച്ച്

www.malankaralibrary.com



14 വാരിധിമൂലം വേർതിരിഞ്ഞ
പ്പെട്ടവർ വെന്നുമിദിയാനെ
സ്നാനജലത്തിൽ ചെറുക്കും
ശത്രുവിനെ തോല്പിക്കുന്നു.

15 ദാവീദരചൻ ബേത്ലഹേം
നീരിന്നായി—ദാഹിച്ചു
അരിനിരയെ ഭേദിച്ചവരോ
ദാഹജലം രാജന്നേകി.[6]

16 "ഒരു നാളും ഞാ—നീപാത്രം
പാനം ചെയ്കി—ല്ലെൻ പ്രിയരേ,
ജീവൻ പണയം വച്ചവരീ
ജലമെത്തിച്ചൂ രാജന്നു"

17 മിശിഹാ അടരാ—ടി നന്നായ്
ജീവൻ ഹോമി—ച്ചു കുരിശിൽ
അതുവഴി ജീവജലം തന്നു
മർത്ത്യഗണത്തി—ന്നാ നാഥൻ.

18 ജീവൻ നല്കി ദൈവസുതൻ
ജീവജലം മർത്ത്യനു നല്കാൻ
ജീവൻ നല്കും ജലവും കൊ—
ണ്ടെത്തീ നാഥൻ മൂന്നാംനാൾ.

19 അതു ദർശിച്ചോൻ നിബിചൊന്നു
ആരീരക്താം—ബരധാരി
ഏദോമിൽ നിന്നാഗതനാം
വലിയൊരു ജേതാവാരാണോ?[7]

20 അരിനിരഭേദിച്ചവനാകും
മിശിഹായത്രേയീവിജയൻ
അംബരമതിനാൽ നിണനിറമായ്
ജേതാവായ് ജലമെത്തിച്ചു.

---

(6) 1 ദിന. 11:16 തുടച്ച്
(7) ഏശാ. 63:1-3



21 നിബികാട്ടിയതാ—മൊരു വസ്ത്രം
കീടം തിന്നു ഗുഹയുള്ളിൽ
മിശിഹാ നല്കും വെൺവസ്ത്രം
കീടം തിന്നില്ലൊരുനാളും.[8]

22 നൃപനാം ശ്ലേമോ—നെ നാഥാൻ
രാജാവാക്കീ തൈലത്താൽ
സ്നാനത്തിൻ തിരുമൂറോനാൽ
ദൈവജനം നൃപരാ—കുന്നു.[9]

23 ഗിദയോൻ രോമ—ക്കെട്ടിന്മേൽ[10]
കണ്ടൊരു പനിമ—ഞ്ഞെൻ പ്രിയരേ,
സ്നാനത്തിൻ മുൻ കുറിയായി
അപ്രേം താതൻ കാട്ടുന്നു.[11]

24 മരുഭൂമിയിൽ യാനം ചെയ്വോർ
കരുതേണം പാ—നം കയ്യിൽ
ജീവജലത്തിന്നുറവയതാം
മിശിഹായുടെ പിറകെ പോകിൻ.

25 പവിഴം വാരാനാഴിയതിൽ
മുങ്ങിത്തിരയുന്നു മർത്ത്യർ
സ്നാനജലത്തിൽ മുങ്ങുന്നോർ
പ്രാപിക്കും പവിഴം കാമ്യം.

26 സിക്കാറിൽ ശ—മ്രായർ തൻ
ആഴം തിങ്ങും കിണറത്രേ;
മിശിഹായുടെ സ്നാനത്തൊട്ടി
ആഴം കൂടിയതാകുന്നു.[12]

---

(8) യിരെ. 13:4
(9) 1 രാജാ. 1:38–39
(10) ന്യായാ. 6:36
(11) cf. Lamy, op.cit. p. 68
(12) യോഹ. 4:11

www.malankaralibrary.com



27 എൻ ദാഹജലം മധുരതരം
ഒരുനാളും ദാ—ഹിക്കില്ല;
സ്ലീബായിൻ പാശ്വങ്ങളിൽ നി—
ന്നതു ഞാനെത്തിച്ചീടുന്നു.

28 മർത്ത്യർ മത്സ്യം കടലിന്നും
കോരിയെടുക്കു—ന്നു വലയിൽ
ജ്ഞാനസ്നാനം വഴിയായി
മിശിഹ നേടുന്നാത്മാക്കളെ.[13]

29 കുരുടൻ ശീലോ—ഹാനീരാൽ
തിമിരം നീങ്ങി ശോഭിതനായ്
ജ്ഞാനസ്നാനത്തിൻ ദാനം
തിമിരം പാടേ നീക്കുന്നു.[14]

30 വല വീശുന്നോൻ മുക്കുവനാം
മിശിഹാ വല വീശുന്നുലകിൽ
വലയിൽ കയറുന്നു മത്സ്യം
ജീവനിലേക്കവ പൂകുന്നു.

31 ശെമഓൻ കീപ്പാ—യാം ശിഷ്യൻ
വല വീശി വൻ റോമാമേൽ
തോമാശ്ലീഹാ വലവീശി
ഋഷിമാരുടെയീ സാമ്രാജ്യേ.

32 പൗലോസ് ശ്ലീഹായുടെ വലയിൽ
നിരവധി മത്സ്യം കയറിയിതാ
അവനവയെത്താതന്നപ്പി—
ച്ചാനന്ദത്താൽ മേ—വിയിതാ.

33 ഭാരതനാട്ടിൽ മാർത്തോമാ
ജാതികളിൽ തൻ സുവിശേഷം
വാരിവിതച്ചതു കതിരായി
നാഥൻ കൊയ്യുന്നാ ധാന്യം.

---

(13) മത്താ. 4:19
(14) യോഹ. 9:7



34 സ്നേഹത്തിൻ വൻ സന്ദേശം
വാരിവിതച്ചു റോമായിൽ
ചെന്നായെ ഒരു കുഞ്ഞാടായ്
തീർത്തു മാർ ശെമഓൻ കീപ്പാ.

35 ലോകം മുഴുവൻ ശാഖവിരി—
ച്ചുന്നതമായ് മേ—വുന്ന സഭ
സ്നേഹത്തിൻ ശുശ്രൂഷയതാൽ
റോമാസഭ മുന്നേറുന്നു.

36 ശെമഓൻ കീപ്പായിൻ സവിധേ
മിശിഹാ മേവു—ന്നെൻ പ്രിയരേ,
ഓടിയടുക്കിനവന്നരികിൽ
മിശിഹായെ പ്രാപി—ച്ചീടിൻ

37 ലോകം മുഴുവൻ നിറയുന്നോർ
അജപാലന്മാർ പ്രാർത്ഥിപ്പൂ
ശ്ലീഹന്മാരെ പിൻചെന്ന്
സ്നേഹത്തിൽ സേവിക്കുന്നു.

38 ജാതികളിന്മേൽ ചിറകുവിരി—
ച്ചവളാണീവൻ സഭ പ്രിയരേ,
സഭയൊന്നാകുന്നീധരയിൽ
മിശിഹാരാജാവിൻ രാജ്ഞി.

39 മൃതികാംക്ഷിക്കാ—ത്തോരു ദേവാ,
നിൻഹിതമെൻ ജീ—വിതമത്രേ
കല്പന നല്കുക കൃപയാലെ
നിന്നിൽ ഞാൻ ജീവി—ച്ചീടാൻ.

69-18

## സ്നാനം: യറുശലേമിലെ വി. കൂറില്ലോസ്

രീതി: 3

1 കുരിശിൽനിന്നും കല്ലറയിൽ
മേവീ മിശിഹായുടെ മേനി
അതുപോൽ ജീവനുറവിടമാം
സ്നാനജലത്തെ സമീപിപ്പിൻ.

www.malankaralibrary.com



2 അത്യുന്നതനാം ത്രീയേകൻ
ദൈവത്തിൽ വയ്ക്കുള്ള ശരണം
വായ് നാവുകളാലുന്നതനെ
ഏററുപറഞ്ഞീടുവിൻ പ്രിയരേ.

3 മേവി മിശിഹായുടെ മേനി
മൂന്നു ദിനം ഭൂ—മിക്കുള്ളിൽ
അതുപോൽ സ്നാനം പ്രാപിപ്പിൻ
നാഥനൊപ്പമുയർത്തിടിൻ.

4 മൃതി, ജനനം എ—ന്നിവയൊന്നായ്
പ്രാപിപ്പിൻ നീ—രിൽനിന്നും
ജീവജലം കല്ലറയായും
മാതാവായും തീരുന്നു.

5 ശുദ്ധത തിങ്ങും യാഥാർത്ഥ്യം
സ്നാനം ചിന്തി—പ്പിൻ പ്രിയരേ
മൃതിയും കല്ലറയും കൂടാ—
തിവർ പ്രാപിച്ചു കാരുണ്യം.

6 കുരിശുമുയിർപ്പും കൂടാതെ
അനുകരണത്താ—ലീനമമാം
സത്യമതാം രക്ഷയെ നേടി
പെസഹാ രഹസ്യത്തിൽ പൂകി.

7 ക്രിസ്തുമരിച്ചു കുരിശിന്മേൽ
കല്ലറയിൽ മേവീമേനി
മൂന്നാം നാളം മൃതിയിൽനിന്നും
ഉത്ഥിതനായ് ജേതാവായി.

8 അനുകരണത്താൽ നാമെല്ലാം
ചേർന്നു മിശിഹാ—യോടൊന്നായ്
മൃതിയിലുമുത്ഥാനത്തിലുമേ
ശുദ്ധത തിങ്ങും യാഥാർത്ഥ്യം.



9 കറകൂടാത്തോൻ മൃതിയേററു
ആണികളാൽ ബ—ന്ധിതനായി
കറതിങ്ങിയ ഞാൻ മൃതിയെന്യേ
നേടീയുന്നതമാം രക്ഷ.

10 സ്നാനം പോക്കുന്നു പാപം
ദൈവസുതന്മാ—രാക്കുന്നു
റൂഹായാം ദാനം നല്കും
മിശിഹായുടെ മൃതിയിൽ ചേർക്കും.

11 മൃതനായ് മിശിഹാ കുരിശിന്മേൽ
മേനിയുമാത്മാ—വും മാറി
ധരയിൽ മേവീ തിരുമേനി
ആത്മാവെത്തീ പാതാളേ.

12 സ്നാനം പ്രാപി—ക്കുന്നവരോ
അനുകരണത്താൽ നേടുന്നു
മൃതിയും ജീവനുമൊരുപോലെ
അത്യുന്നതമാം യാഥാർത്ഥ്യം.

13 മാർവു തുറന്നു കുന്തത്താൽ
ജലരക്തം ചി—ന്തീനാഥൻ
അതു സ്നാനത്തിൻ സൂചനയാം
ഉന്നത സത്യം ചൊല്ലുന്നു.

14 നീരിൽ സ്നാനം പ്രാപിക്കാൻ
ഓടണമെല്ലാ—മാനവരും
പീഡനമേററീടുന്നേരം
രക്തത്താൽ സ്നാനം നേടാം.

15 മിശിഹാ മൃതനാ—യൊരുനേരം
മേനിയുമാത്മാ—വും മാറി
ദൈവത്വം മേനിയിൽ നിന്നും
ആത്മാവിന്നും മാറില്ല.

www.malankaralibrary.com



## 170-19 രഹസ്യങ്ങൾ വെളിവാകുമ്പോൾ

രീതി: 4

1 വാഴ്ത്തപ്പെട്ടവനാകുന്ന
അത്യുന്നതനാം പ്രിയതാതൻ
ദാന—ങ്ങളാം തൻ ദാതാവും—ആശ്വാസപ്രദനും
മോദം പകരുന്നെപ്പോഴും
വേദനയിൽ താങ്ങാകുന്ന
നാമെല്ലാവരെയും ദയയാൽ—മോദിപ്പിച്ചീടാൻ.

2 മിശിഹായോടൊത്തനുനിമിഷം
വേദനയേല്ക്കുന്നീ ദാസർ
അതുപോൽ—ആശ്വാസംപകരും—ദാതാവാം താതൻ
ഇളകാതെപ്പോഴും നമ്മെ
താങ്ങുന്നു താതൻ കൈയിൽ
നാമെ—പ്പോഴും സ്ലീബായിൽ—പുകഴേണം പ്രിയരേ.

3 പരിപാവനമാം ജീവിതവും
സത്യത്തിൻ വഴികളുമൊരുപോൽ
നേടാം—റൂഹായാം നാഥൻ—വഴികാട്ടും പ്രിയരേ
വേദനയവസാനിക്കും നാം
രഹസ്യങ്ങൾ വെളിവാകുമ്പോൾ
തന്നിൽ—ജീവിതമർപ്പിച്ച—നരർമോ—ദിച്ചീടും.

## 171-20 ശാലേമിന്നധിപൻ ശ്രേഷ്ഠൻ

രീതി: 5

1 കൂദാ—ശകളെ സ്ഥാപിച്ചോൻ—മിശിഹായേ—നീ സ്തുത്യൻ
പറുദീസാ സമമായ് ശോഭി—ക്കുന്നു സഭ;
കൂദാ—ശകളെ വാഴ്ത്തുന്നോൻ—റൂഹായെ—നല്കണമെ
നിൻ കൃപയെന്നേക്കും ദാസ—ന്മാരിടയിൽ.

2 ബലികൾ—കൈക്കൊള്ളുന്നവനാം—നവബലിയാകും മിശിഹാ,
കൈക്കൊൾകെൻ കാഴ്ച, ഹാബേ—ലിൻബലിപോൽ
ഭൂലോ—കത്തിൻ മാലിന്യം— തിരുബലിയാൽ—കഴുകിയവൻ
ഉറവേ നിൻ സ്തുതികൾ പാടാൻ—വരമേക.



3 സെഹിയോൻ—മാളികയിൽവച്ചാ—പന്തിരുപേർ—ക്കായ് പകു
ത്തേകിയ മേനിയിതാ ബലി—പീ—ഠത്തിങ്കൽ
എന്നോ—ർമ്മയ്ക്കായ് ചെയ്യിതിനെ—ന്നരുളിയനിൻ—വചനംകേ—
ട്ടടിയാരാഗതരായ് നാഥാ, കൈക്കൊൾക.

4 ഒരു നാ—ളും പ്രിയനാം മിശിഹാ, യോഗ്യതയി—ല്ലീ ദാസൻ
തവ ശുശ്രൂഷകനായ് തീരാൻ—നിൻ കരുണ!
പരിപാ—വനമാമാത്മാവാൽ—എന്നെവിളി—ച്ചാചാര്യ—
സ്ഥാനത്തിൻ താക്കോൽ നാഥാ,—നീ നല്കി.

5 ഹൃദയം—നിറയും മോദത്താൽ—ഞാൻ പാടും—പ്രിയനാഥാ,
സ്വർഗ്ഗീയംബലിയേ നോക്കി—പെരുനാളിൽ
രക്ഷ—യ്ക്കായ് നല്കിയ ബലിയാ—ണിതിലെല്ലാ—യാളുകളും
ഓടിയടുത്തിടുവിൻ ജീവൻ—പ്രാപിക്കും.

6 കുറകൾ—കുഴകും ബലിയിതുതാൻ—പൂർണ്ണരെ ഉ—ന്നതരാജ്യ
പിതൃസവിധേയേറ്റീടുന്ന—ബലിയുമിതു്;
ലോക—ത്തിൻ പരിഹാരാർത്ഥം—സ്ലീബായിൽ—ചിന്തിയതാം
സ്വർഗ്ഗീയംബലിയും ഇതുതാൻ വത്സലരേ.

7 ഹാബേ—ലാദ്യകുമാരൻ നാ—ഥന്നായർ—പ്പിച്ചോരു—
ഞ്ഞാടും സൂചിപ്പിക്കുന്നീ തിരുബലിയെ
ശാലേ—മിന്നധിപൻ ശ്രേഷ്ഠൻ—മല്ക്കീസദേ—ക്കർപ്പിച്ച—
കാഴ്ചകളീ ബലിയെത്തന്നെ—കാട്ടുന്നു.

8 ഇതിനോ—ടൊന്നായ് ചേർത്തെൻറെ—ജീവിതമാം—
അർപ്പിച്ചീടുന്നു നാഥാ, കൈക്കൊൾക; [ബലിയെഞാൻ
പ്രിയയാം—കന്യകമാതാവിൻ—ബലിയോടും—ശുദ്ധരുടെ
കാഴ്ചകളോടുമൊപ്പം നാഥാ—കൈക്കൊൾക.

www.malankaralibrary.com



## (72-2) ശില്പിയതാം പൗലോസ് ശ്ലീഹ

രീതി: 4

1 ശില്പിയതാം പൗലോസ് ശ്ലീഹാ[1]
ഓതീ ഉന്നതമാം വചനം
കേൾക്കാ—മെൻപ്രിയസോദരരേ—വരുവിൻതിരുഭവനേ
അത്യുന്നതനാം ദൈവം തൻ
ദാനത്തിൻ തികവാം മിശിഹാ
വഴിയായ് നമ്മെ വാഴ്ത്തിയിതാ—നാമെല്ലാം നേടാൻ.

2 സമ്പന്നതയുടെ തികവാകും
ദൈവസുതൻ മിശിഹാ നമ്മെ
കൃപയാൽ—പൂരിതരാക്കിയിതാ—സമ്പന്നർ നമ്മൾ.
സ്നാനജലത്താൽ കഴുകിയവൻ
റൂഹായാം ദാനം നല്കി
തിരുരക്തം പാനം ചെയ്യാൻ—നമ്മൾക്കേകിയവൻ.

3 ദൈവസുതൻ വെളിവായപ്പോൾ
ദാനം ധരയിൽ ചിന്തിയവൻ
അന്ത്യംവരെ നമ്മെ കൃപയാൽ—കാത്തീടും നന്നായ്
കറ കൂടാതവനെന്നെന്നും
കൈകളിലേന്തും നമ്മെയവൻ
ദൈവം, പ്രിയനാം മിശിഹായിൽ നമ്മെ വിളിചെയ്തു.

4 മിശിഹായിൽ സ്നാ—പിതരായോർ
മിശിഹായോടൊത്തൊന്നായി
ഒരു ദേ—ഹത്തിന്നവയവമായ്—തീരുന്നു പ്രിയരേ.
കലഹം വെടിയണമെല്ലാരും
ഐക്യത്തിൽ വർത്തിക്കേണം.
മനസ്സൊന്നേയുണ്ടാകാവൂ—മമ ശി—ഷ്യർക്കിടയിൽ.

5 അത്യുന്നതനാം ദൈവസുതൻ
മിശിഹാ മാത്രം നമ്മൾക്കായ്
ബലിയായ് കുരിശിൽ മൃതനായി—ഗോഗുൽത്താമലയിൽ.

---

(1) 1 കൊറി. 1:1—31



മിശിഹായിൽ നാം സ്നാപിതരായ്
അവനെ വിഭജിക്കരുതാരും
അവനിൽ പുകഴുന്നവരാം നാം—ഒന്നാണെൻ പ്രിയരേ.

6 നാശകരാം ജനതയ്ക്കെല്ലാം
കുരിശിൻ വചനം ഭോഷത്തം
അതിനെ—ദൂരെത്തള്ളുന്നു—ലോക—ത്തിൻ ജ്ഞാനം
രക്ഷ ലഭിച്ചവരാം നമ്മൾ
മോദിക്കുന്നു സ്ലീബായിൽ
ദൈവത്തിൻ വലുതാം ശക്തി—കാണുന്നു കുരിശിൽ.

7 ദൈവത്തെ അറിയാത്തവയാം
ജ്ഞാനം ബഹു ഭോഷത്തം താൻ
അതിന—ന്ത്യം മൃതിയാകുന്നു—അറിയിൻ വത്സലരേ.
ശിശുതുല്യം മേവുന്നവരെ
കുരിശിൻ സുവിശേഷത്താലെ
രക്ഷിക്കാനായ് ഹിതമായോൻ—ദൈവം സംസ്തുത്യൻ.

8 അടയാളം തേടുന്നു ജനം
ജാതികൾ ജ്ഞാനം തിരയുന്നു.
നാമോ ക്രൂശിതനായവനെ—ആഘോഷിക്കുന്നു.
ദൈവിക ശക്തിയവൻ തന്നെ
ദൈവിക വിജ്ഞാനം മിശിഹാ
അവനെൻ പേർക്കായ് മൃതനായെ—ന്നെന്നും ഞാനോർക്കും.

9 ലൗകിക വിജ്ഞാനം വ്യർത്ഥം
ദൈവിക വിജ്ഞാനം ശ്രേഷ്ഠം
അതുപ്രാ—പിപ്പാനോടീടാം പ്രിയരാം വത്സലരേ.
ലോകം നല്കാത്തൊരു ശാന്തി
സ്ലീബാ നല്കുന്നെൻ പ്രിയരേ
വിനയം—കൈമുതലായുള്ളോർ നേടു—ന്നാദാനം.

10 ജ്ഞാനികളെ ലജ്ജിപ്പിക്കാൻ
ഭോഷന്മാരെ വിളിച്ചീശൻ
റൂഹാ—യാം ദാനം നല്കി—ദൂതും നല്കിയവൻ
എല്ലാ ജഢവും ദൈവത്തിൽ
മോദം കണ്ടെത്താനായി
ഒന്നും കൈമുതലില്ലാത്തോ—രേ താൻ പിൻചേർത്തു.

www.malankaralibrary.com



11 സൃഷ്ടികളുദയം നല്കിയവൻ
സൃഷ്ടിക്കേകുന്ന ദാനം
ദാതാ—വാം താൻ നല്കുന്നു —ദാന—ത്തിൻ തികവ്
ഒരു നാളും കുറയാത്തുറവ
മരുഭൂമിയിലുളവാക്കീടും
മോദം കലരുന്നൊരു വലുതാം ഉദ്യാനം പ്രിയരേ.

12 മിശിഹാ നമ്മുടെ വിജ്ഞാനം
പൂർണ്ണതയും തികവും മിശിഹാ
അവനിൽ ശരണിതരായവരും—ഭാഗ്യം പ്രാപിക്കും
അവനിൽ പുകഴാമെൻ പ്രിയരേ,
നമ്മുടെ ജീവന്നുറവയവൻ
ദൈവം നമ്മുടെ സകലവുമായ് തീർത്ത മിശിഹായെ.

## 173-22 സ്നാനം

രീതി: 3

1 മൂശാനിബിതൻ മുഖശോഭ
മൂശധരിച്ചു പുറമേന്നും
മിശിഹാ സ്നാപിതമാം നദിയോ
ശോഭ ധരിച്ചുള്ളിൽനിന്നും.

2 മിശിഹാ മേവും മേനിയതിൽ
കന്യക തീർന്നു ശോഭിതയായ്
യോർദ്ദാൻ പോലാക്കന്യകയും
ശോഭ ധരിച്ചുള്ളിൽനിന്നും.

3 സീനായ്മലമേൽ മൂശനിബി
കണ്ടു ദൈവത്തിൻ ശോഭ
അതിനാൽ ശോഭിതനായവനും
പരിപാവനനായ് തീർന്നപ്പോഴും.

4 ഉദരെ ദൈവ—ത്തെപ്പേറും
കന്യകയെത്ര ഭാഗ്യവതി
ശോഭ പരക്കുന്നെമ്പാടും
ലോകം ശോഭിക്കുന്നിപ്പോഴും.



5 അതുപോൽ യോർദ്ദാനും ഭാഗ്യം
ആശംസിക്കുന്നു എഫ്രേം
മിശിഹാ സ്നാനംചെയ്ത നദി
ശോഭ പരത്തുന്നെമ്പാടും.

## 174-23 സ്ലീബാ നൽകും സന്ദേശം

രീതി: 3

1 കാൽവരിമലയിൽ—നിന്നൊഴുകും
ജീവൻ നല്കും—രക്തത്തിൽ
ഭൂതലമെല്ലാം നിറയുന്നു
പുതിയാകാശമിറങ്ങുന്നു.

2 ധരയിൽ നൃപനേ,—കരുണാബ്ധേ
ശാന്തിപരത്തു—ഉയരേന്നും
ദൂതന്മാരെയയയ്ക്കണമേ
ദുഷ്ടനെയാട്ടിപ്പായിക്ക.

3 നിൻപ്രിയവയലിൽ പണിചെയ്‌വാൻ
ദാസരെ നാഥാ—നല്കണമെ
വയൽ കർഷകനെ നോക്കുന്നു
ചിന്തു റൂഹാ—യാം ദാനം.

4 ധരയെ കൃപയാൽ പണിതവനേ,
മേലുയരെ വാ—സം തീർത്തോൻ
മന്നിൽ മാനവരെ ഒന്നായ്
ചേർക്കണമെ നിൻ സ്നേഹത്തിൽ.

5 ഭാരതഭൂവിൽ പണിചെയ്യും
മാനവരെ നീയതിവേഗം
സ്ലീബായുടെ വന്ദകരായി
തീർക്കണമെ കാരു—ണ്യാബ്ധേ.

6 അഖിലരുമൊരുപോൽ—നിന്നെയും
നിൻ താതനെയും സ്നേഹിപ്പാൻ
ക്രൂശിതനാം മിശിഹാ നാഥാ
ധരയിൽ നവദാനം നല്കു.

www.malankaralibrary.com



7 ഭൂമദ്ധ്യത്തിൽ—കാൽവരിയിൽ
മാനവ രക്ഷ—യ്ക്കായ് ഒരുനാൾ
നാട്ടിയ സ്ലീബായുടെ തണലിൽ
കൂട്ടിച്ചേർക്കണമെല്ലാരേം.

8 എൻ ജീവിതധാ—രയിൽ നാഥാ,
നീയാണെന്നും മമശക്തി
നിന്നെ ഞാൻ സ്നേഹിക്കുന്നു
ശക്തികളൊക്കെയൊടും കൂടെ.

9 ഒരുനാളും ഞാൻ—എൻ നാഥാ,
തവസ്നേഹത്തി—നകലരുതേ
സ്നേഹത്തിൻ കടലാം നാഥാ,
ആഴിയിൽ വാസം—നല്കീടു.

10 എൻ പേർക്കായ് ജീ—വൻ വച്ച
സ്നേഹത്തികവേ,—മിശിഹായേ
നിന്നെ ഞാൻ സ്നേഹിക്കുന്നു
ശക്തികളൊക്കെയൊടും കൂടെ.

11 അലറുന്നാഴിക്കടലിൽ ഞാൻ
മേവീടും സ്ലീ—ബാത്തണലിൽ
റൂഹായാം ദാനം തരണം
നിൻ വഴിയെന്നെ കാട്ടേണം.

12 നാഥാ, ദേവാ—കരുണാബ്ധേ,
വാഴ്ത്തുന്നെല്ലാ മർത്ത്യരെയും
മമ യാചന യാചിപ്പവർമേൽ
റൂഹായാം ദാനം ചിന്തു.

13 ചോദിപ്പാനായ് അറിയില്ല
കണ്ണുകളും കുരുടായ് എൻ നാഥാ,
ഊമനുമായ് ഞാൻ, ബധിരനുമായ്;
പാപം തിങ്ങി നിറഞ്ഞെന്നിൽ.



14 പാപത്താൽ ഞാൻ—കൂനിപ്പോയ്
ദേഹമശേഷം രോഗവുമായ്
അവയവമെല്ലാമിടറുന്നു
രക്ഷകനേ, വരണം—വേഗം.

15 കണ്ണു തുറക്കൂ—കരുണാബ്ധേ,
പകലോനുയരു—ന്നൊരുനേരം
പകലിൻ ശോഭയിലീ നിമിഷം
കാലിടറാതെ നടന്നീടും.

16 രാവിൽ നാഥാ, ദയവാനേ;
ദൂതനെയെൻ പേ—ർക്കായ് നൽകൂ
കൈകളിലെന്നും താങ്ങുമവൻ
എൻ കാലുകളിടറി—ല്ലൊട്ടും.

17 എൻ ഹൃദയത്തിൻ—മണവാളാ,
നൃപനാം മിശിഹാ,—ജേതാവേ,
നിന്നെ ഞാൻ സ്നേഹിക്കുന്നു
ശക്തികളൊക്കെയൊടും കൂടെ.

18 എൻ ഹൃദയത്തിൽ—അനുനിമിഷം
ഉയരും സ്നേഹം—കാണുന്നോൻ
സ്നേഹക്കടലാമെൻ നാഥാ
വന്നു വസിക്കണമെന്നുള്ളിൽ.

19 വയ്ക്കുക നാഥാ,—എൻ ഹൃദയം
കത്തിജ്വലിക്കും തവഹൃദയേ,
ഒരു ഞൊടിയിടയിലതൊരു നവമാം
കുസുമമതായ് തീരും—നാഥാ.

20 നിൻ സ്നേഹം ഞാൻ—പേറീടും
ജനതതി തിങ്ങും ഭൂമിയതിൽ
നിന്നെ ഉയർത്തിക്കാട്ടീടും
നിൻ പേർക്കെൻ ജീവൻ വയ്ക്കും.

www.malankaralibrary.com



21 വാഴ്ത്തണമെ, നാ—ഥാ കൃപയാൽ
എൻ വത്സലരാം സ്നേഹിതരെ
അവരുടെ പാപം നീക്കണമെ
അവരിൽ ദാനം ചിന്തേണം.

22 അവരുടെ രോഗം മാറേണം
വേദനയഖിലം നീക്കേണം
അവരിൽനിന്നും വഞ്ചകനെ
അകലെയകററണമെൻ നാഥാ.

23 അനുദിനമവർ യാചിക്കുന്ന
ദാനങ്ങളും നീ നല്കണമെ.
പ്രാർത്ഥിക്കുന്നതിനായ് ശക്തി
പകരണമെ കരുണാ—ബ്ധേ നീ.

24 കുറവുകളും നീക്കു—കരുണാബ്ധേ,
നിന്നെ ഞാൻ സ്നേഹിക്കുന്നു.
നിന്നിൽ വയ്ക്കുന്നെന്നെ ഞാൻ
റൂഹായാം ദാനം ചിന്തു.

25 കരുണാപൂർണ്ണാ മണവാളാ,
നിന്നെ ഞാൻ സ്നേഹിക്കുന്നു.
ശക്തികളൊക്കെയോടും കൂടെ
നിന്നെ ഞാൻ സ്നേഹി—ക്കുന്നു.

26 അനുനിമിഷം നിൻ സ്ലീബായിൻ
തണലിൽ മേവാൻ എൻ നാഥാ,
കരുണ ചൊരിഞ്ഞിടണേയിപ്പോഴും
നീയാണെൻ വലുതാം നാഥൻ.

27 സ്ലീബായിൽ ഞാൻ ദർശിക്കും
വലുതാം യാഗം—മഹനീയം
നൃപനെൻ പേർക്കായ് മൃതനായി
കൈകളും വിരിച്ചെന്നെ പുല്കാൻ.



28 ഒരുനാളും ഞാൻ നിൻ പേർക്കായി
യാഗമതായ് തീരും നൂനം
മാനവരെ പ്രതി ഒരു നാളിൽ
കൈകളും വിരിക്കും ഞാൻ നൂനം.

29 ഓരോ നിമിഷം ഉളവാകും
കുരിശുകളും പേറു—ന്നു നാഥാ,
നിൻ പിറകെ സ്ലീബാപേറി
എത്തുന്നു ഗോഗുൽത്തായിൽ.

30 അവിടർപ്പിക്കും അനുനിമിഷം
ജീവിത ബലി ഞാൻ എൻ നാഥാ,
കൈക്കൊള്ളണമിക്കാഴ്ചയെ നീ
ഹാബേലിൻ ബലിയേ—പ്പോലെ.

31 നിന്നെ ഞാൻ സ്നേ—ഹിക്കുന്നു
നിന്നെ ഞാൻ സ്നേ—ഹിക്കുന്നു
നിന്നെ ഞാൻ സ്നേ—ഹിക്കുന്നു
നിന്നെ ഞാൻ സ്നേ—ഹിക്കുന്നു.

32 നിന്നെ സ്നേഹി—പ്പാൻ നാഥാ,
നരനേകണമേ—നിൻ ദാനം
സ്ലീബായിൽ പുകഴുന്നതിനായ്
ജാതികളെ കൂട്ടി—ച്ചേർക്ക.

33 നൃപനേ, നോക്കു—ധരയെ നീ
കേഴുന്നു ഭാ—രതഭൂമി
ദാസരെ വേഗമയയ്ക്കണമെ
നിൻ ജനതയെ നീ ചേർത്തിടു.

34 സ്ലീബാ നല്കും—സന്ദേശം
ലോകം നല്കി—ല്ലൊരുനാളും
സ്ലീബാ നരനെ നരനാക്കും
ധരയിൽ വാനമിറക്കീടും.

www.malankaralibrary.com



35 സ്ലീബായെ നോക്കുന്നവരെ,
വാഴ്ത്തുന്നു നാ—ഥൻ കൃപയാൽ
അതിനാലുലകത്തിൻ പാപം
ദൂരെയെറിഞ്ഞു ജേതാവ്.

36 നമ്മുടെ രക്ഷ—യ്ക്കായുലകിൽ
നാട്ടിയ സ്ലീബാ—ത്തണലിൽ നാം
മരുവീടാമെല്ലാ ദിനവും
അതു നമ്മെക്കാക്കുന്നെന്നും.

37 ഭൂലോകത്തിൻ ദീപമതായ്
മിശിഹാ നമ്മെയാക്കിയിതാ
മലയുടെ മുകളിൽ കയറീടാം
രക്ഷാനാദം ഘോഷിക്കാം.

38 നരരേ, വേഗം—വന്നിടുവിൻ
ഇതു രക്ഷാനാദം തന്നെ
രക്ഷ ലഭിക്കുന്നീ ദിവസം
നിദ്ര വെടിഞ്ഞിടണം മർത്ത്യർ.

39 തീയും വാളും വേദനയും
ഓടിയടുക്കുന്നൊരു ദിവസം
കണ്ണീർ നിഷ്ഫലമായീടും
കൈക്കൂലികളും ദൂരെ—പ്പോം.

40 എന്നും താങ്ങായ് മേവുന്നോൻ
മാറ്റമെഴാത്തോൻ ഒരുവൻ താൻ
അവനിൽ വയ്ക്കാമെൻ പ്രിയരേ,
നമ്മുടെയാശ്രയമെപ്പോഴും.

## 175-24 സ്നേഹം ജീവിത സാരാംശം

രീതി: 2

1 കരുണാനിധിയാകും കനിവുള്ളോൻ
ഉയരേ നിന്നിവിടാഗതനായ്
ഉദരേ ഉരുവായതു പോലുടയോൻ
വെളിവാക്കി നീരാൽ താഴ്മ.



2 വൻമലയാം ഹോറേ—ബിൽ മൂശ—
യ്ക്കീശൻതൻ മഹിമകാ—ട്ടി
സ്നാനത്താൻ പാ—വനനാം റൂഹാ
പാവനരാക്കുന്നാളുകളെ.[1]

3 മൂശ മുഖംമൂടി കാഴ്ചകളാൽ
അതുപോൽ നിബി ഏലി—യായും
സ്നാനത്തിൻ റൂശ്മായാം ദാ—നം
മൂടുന്നു നരനെ കൃപയാൽ.

4 ബാബേലിലെയഗ്നിച്ചൂളയതിൽ
മേവീ മൂവർ ഭയമെന്യേ
റൂശ്മാ നല്കീടുന്നൊരു ദാനം
സൂചിതമാക്കുന്നാച്ചൂള.

5 ജ്വാലസമം ദൈവം മേവുന്നോ—
രാലയമത്രേ സ്നാ—നശിശു
മണ്മയനെയഗ്നി ദഹിപ്പിക്കി—
ല്ലീരഹസ്യം ശുദ്ധം ശ്രേഷ്ഠം.

6 തീയിടുവാനെത്തിയ ഞാൻ അഗ്നി
ഒരു സ്നാനം ഞാൻ മുങ്ങേണം
കത്തിപ്പടരുന്നാ—തീനാളം
ജ്ഞാന സ്നാന ജലത്താലേ.[2]

7 യിസ്രേലിനു സാക്ഷ്യം നല്കാനായ്
യിരേമ്യാനിബി ശുദ്ധിതനായ്
സ്നാനത്താൽ അർപ്പിതരാം നമ്മാം
നാഥനു സാക്ഷ്യം നല്കേണം.

8 നമ്മെതിമിരത്തിൻ വഴിയിന്നും
ജ്വാലയിലേക്കവനാനയിച്ചു
പ്രഭയുടെ സന്താനം നാമാവാൻ
ജ്വാലചൊരിഞ്ഞിവർ മദ്ധ്യത്തിൽ.

---

(1) പുറ. 33:22
(2) ലൂക്കോ. 12:49

www.malankaralibrary.com



9 അതുകൊണ്ടനുദിനവും പ്രിയരേ,
സ്തുതികൾ പാടണമാമോദാൽ
തൻ ചിറകിൻ കീഴിൽ പാർക്കുന്നോർ
നാമൊരു ദൂതിൻ വാഹകരാം.

10 പാവനനാമാചാ—ര്യൻ നമ്മെ
ആചാര്യന്മാരാക്കിയിതാ
നൃപരുടെ നൃപനാകും മിശിഹായോ
നമ്മെ നൃപരാക്കിത്തീർത്തു.

11 നിബിമാരിൽ ശ്രേഷ്ഠൻ നിബി നമ്മെ
നിബിയന്മാരായ് തീർത്തല്ലോ
പിതൃസവിധെ നിന്നൊരുദൂതിൻെറ
വാഹകരായ് നാം തീർന്നല്ലോ.

12 "ഒരുവൻ താതൻ നാമറിയേണം
സ്നേഹമതത്രെയവൻ നാമം
നാമെല്ലാമാ വൻ താതൻെറ
ഓമന സന്താനങ്ങളഹോ".

13 അതിനാൽ നാമെല്ലാമന്യോന്യം
സോദരരാണെന്നറിയേണം
സ്നേഹത്താൽ ലോകത്തെ നമ്മൾ
മോദിപ്പിക്കണമെന്നെന്നും.

14 സ്നേഹം ലോക—ത്തിന്നാലംബം
നിലനില്പുന്നതു സ്നേഹത്താൽ
സ്നേഹത്താൽ ദൈവം നരനായി
സ്നേഹം ജീവിത സാരാംശം.

## 176–25 ഹൃദയകവാടമൊരുക്കിയിതാ

രീതി: 1

1 കൃപചൊരിയുന്നവനാം ദേവാ
കൃപയടിയാരിൽ ചൊരിയണമെ
നിൻ സ്ലീബാ വന്ദിപ്പവരെ
നിൻ ഹൃദയത്തിൽ ചേർക്കേണം.



2 സ്നേഹം തിങ്ങി നിറഞ്ഞവനേ
നല്കണമേയെന്നിൽ സ്നേഹം
ജ്വാല നിറഞ്ഞൊരു സ്നേഹത്തിൽ
കത്തിക്കണമെന്നെ നിത്യം.

3 മൃതനെ രക്ഷിപ്പാൻ മൃതനായ്
കുരിശിൽ തൂങ്ങിയ ദൈവസുതാ
ഹൃദയ കവാടമൊരുക്കിയിതാ
വന്നു വസിക്കണമെന്നുള്ളിൽ.

## 177–26 റൂഹായാം ദാനം ചിന്തു

രീതി: 4

1 മാനുഷരിൽ പ്രിയമുള്ളവനേ,
മാനുഷനായ് തീ—ർന്നോരു ദേവാ
കൃപചെയ്യാനായീ നിമിഷം—വന്നീടുകവേഗം
പാപക്കറകൾ കഴുകണമെ
വെണ്മയെനിക്കേകീടണമെ
നിൻ വിജ്ഞാനത്തിൻ ഭവനേ വാസം നല്കണമെ.

2 ധരയിൽ വാനമുയർത്താനായ്
നരനെ നൃപനാക്കിയ ദേവാ;
കൃപയാൽ ദാനത്തിൻ മകുടം—വയ്ക്കു ശിരസ്സുകളിൽ
ക്രൂശിൽ മൃതനായ് തീർന്നവനേ,
കബറിൽ നിന്നെഴുന്നേറ്റവനേ,
സകലാധിപനാം മിശിഹായേ—നീയാണെൻദൈവം

3 ഭുവാനങ്ങൾ വിരിച്ചവനേ
ധരയിൽ ജീവനെറിഞ്ഞവനേ
നരനായ് ജീവൻ വച്ചവനേ, താതൻ കിരണം നീ;
ധരയെ പണിചെയ്യുന്നതിനായ്
കൃപയീ ദാസക്കേകണമെ
നീയാണെന്നും മമദൈവം—പാടും ഞാനെന്നും.

www.malankaralibrary.com



4 മുകളിൽ ശോഭയെറിഞ്ഞവനേ,
താഴെപ്പട്ടു വിരിച്ചവനെ,
കടലി—നാഴമറിഞ്ഞവനേ,—നീയാണെൻ ദൈവം
മൂന്നാളുകളിൽ മേവും നീ
അത്യുന്നതനേകൻ തന്നെ
എന്നെ—ല്ലാദേശങ്ങളിലും—പാടും ഞാനെന്നും.

5 സുവിശേഷം ലോകേവിതറാൻ
സായാഹ്നേ കക്രാ വാങ്ങാൻ
ദീപം കയ്യിലെടുത്തീടാൻ—കൃപയേകണമീശാ
ഭോഷികളെപ്പോലാകാതെ
എണ്ണയെടുത്തെതിരേല്പാനും
രാജ്യം പ്രാപിച്ചീടാനും—കൃപയേകണമീശാ.

6 ദിനരാത്രങ്ങൾ തോറും ഞാൻ
നിന്നെയുറക്കെ വിളിക്കുന്നു
കാതും കണ്ണും നട്ടവനേ,—കേൾക്കെൻ ദീനസ്വരം
നന്മകരം ചിന്തണമെന്നുള്ളിൽ
വേദനയഖിലം മാറേണം
രോഗം പാടെ നീക്കേണം—തരണം റൂഹായെ.

7 നീയാണെൻ വല്യതാം നാഥൻ
നിന്നെ നോക്കി കരയുന്നേൻ
കാരുണ്യത്തിൻ തൈലത്താൽ—രോഗം മാററീടൂ.
റൂഹായാം ദാനം ചിന്തൂ
ആവശ്യങ്ങൾ നിറവേററൂ
നിന്നിഷ്ടം ചെയ്യുന്നതിനായ്—വരമേകീടേണം.



# 178-27 റൂഹാ മേലിൽ നിന്നെത്തും

രീതി: 4

1 മിശിഹാ ദൈവത്തിൻസൂനു
ധരയിൽ മൃതനായി ഒരുനാൾ
ഗോഗുൽ—ത്താമലയുടെ മുകളിൽ—സ്ലീബായിൻ മീതെ
കല്ലറയിൽ നിന്നും മിശിഹാ
മൂന്നാം നാളുത്ഥിതനായി
പ്രിയ ശിഷ്യന്മാരൊടൊത്തു്—ജീവിച്ചൂധരയിൽ.

2 ദൈവം മൃതനായ് കുരിശിന്മേൽ
തൻ രാജത്വം കല്ലറയിൽ
മർത്യൻ—വിജയിക്കുന്നെന്നും—ആർത്തുദുഷ്ടന്മാർ
നരനുയിരേകീടാനായി
രാജത്വം നരനായ് നല്കാൻ
ദൈവം മൃതരിടയിൽ നിന്നും ഉത്ഥാനം ചെയ്തു.

3 ദൈവംമൃതനാകില്ലിനിയും
മർത്യർ ലോകേ മൃതരാകും
പെടിയിൽചേരും മർത്യജഡം—ഓർക്കുമീസത്യം
പൊടിയിൽ നിന്നുയിരേകുന്നോൻ
മൃതിയെ വെന്നവനാം രാജൻ
സവിധേയണയാമതിവേഗം—തൻ മുൻപിൽനില്ക്കാം.

4 ദൈവം പാതാളേ പോയി
ഇനിയവനെഴുന്നേല്ക്കില്ലൊട്ടും
ആർത്തു ദുഷ്ടന്മാരാകും—കൂട്ടം മലമുകളിൽ
അവരെ ലജ്ജിപ്പിച്ചുടയോൻ
മൂന്നാം നാളുത്ഥിതനായി
ജീവൻ—പകരുന്നൊരുവലിയ—ആത്മാവായ്തീർന്നു.

5 നാല്പതുനാൾ തൻ ശ്ലീഹക്കായ്
കാട്ടി മിശിഹാ തൻ ശോഭ
അവരോ—ടവനരുൾ ചെയ്തന്നാൾ—ഒരു മോഹനസത്യം
റൂഹായെത്തും നാൾവരെയും
പോകരുതകലെയെൻ പ്രിയരേ,
റൂഹാ മേലിൽനിന്നെത്തും—സ്നാനം നല്കീടാൻ.

www.malankaralibrary.com



6 താതൻ നല്കിയ വാഗ്ദാനം
ധരയിലയയ്ക്കാം ഞാൻവേഗം
അതു പ്രാപിക്കുന്നതുവരെയും—പാർക്കുക ഊർശ്ലേമിൽ
അനുതാപത്തിൻ വഴികാട്ടാൻ
നീർപേറി നിബി യൂഹാനോൻ
റൂഹായോ പൂരിതനാക്കു—ന്നോരുന്നത ദൈവം.

7 മേലുയരേ നിന്നാഗതനാം
പരിപാവന റൂഹാദൈവം
വഴികാ—ട്ടീടും വത്സലരേ.—എല്ലാമുരചെയ്യും
ഊറിശ്ലേമിലുമതുപോലെ
യൂദാ, ശമറാ, എന്നിവിടെ
ധരതൻ കോണുകളിൽവരെയും—സാക്ഷ്യംനല്കേണം.

8 മേലുയരേ കേറിയ നാഥൻ
പോയതുപോൽ വീണ്ടും വരുമേ,
ദൂതന്മാരുടെ മധ്യത്തിൽ—മഹിമോ—ന്നതനൃപനായ്
കാഹളമൂതും ദൂതന്മാർ
ഇളകിവിറയ്ക്കും ഭുവാനം
മൃതരെല്ലാമന്നെഴുന്നേല്ക്കും—നൃപനേയെതിരേല്പാൻ.

## ഭാഗം 2 – ത്രിത്വം

## 179-28 ഉയരേ ഒരു ഗോപുരമതിനഗ്രേ

രീതി: 2

1 കരുണ നിറഞ്ഞോനാം കർത്താ—വേ
നിന്നെ തേടുന്നെന്നും ഞാൻ
നിൻ പേക്കായ് ദാഹിക്കുന്നേടിയൻ
തൃപ്തി വരുത്തീടേണം നീ.[1]
തിരുഭവനേ നാഥാ, കണ്ടേൻ ഞാൻ
ശോഭയെഴുന്നൊരു മാഹാത്മ്യം
ഞാനറിയുന്നുടയോനേ നിന്റെ
സ്നേഹം ജീവനിലും ശ്രേഷ്ഠം.

3 എൻ ജീവിതമെല്ലാം സ്തുതിപാടാൻ
യോഗ്യത നീയിന്നേകേണം
തിരുവചനം പോലെൻ പാതകളെ
സജ്ജമതാക്കീടേ—ണം നീ.

4 വേദനയാൽ നീറുന്നൊരുനേരം
കൈകളുയർത്തി വിളിക്കും ഞാൻ
കരുണക്കടലാകും കർത്താവേ,
മായ്ക്കണമെൻ കണ്ണീർ വേഗം.

5 കൈകരം നിൻ സന്നിധി നീട്ടുന്നു
നിൻ നാമം ഞാൻ ഘോഷിക്കും
നീയാണെൻ ദൈവം, പ്രിയനാഥാ,
കാഴ്ചകളെല്ലാം കൈക്കൊൾക.

6 മരുഭൂമി സമാനം ഞാനായി
നിന്നെ പ്രതിയെൻ കർത്താവേ
വേഗം വന്നീടണമെൻ സവിധേ
എൻ ദാഹം നീ തീർക്കേണം.

7 നീയാണെൻ പാനം മമ ജീവൻ
നീയെൻ ഉന്നതമാം ദീപം
നിൻ ഗീതം പാടാതൊരു നാളും
എൻ വായ് മരുവില്ലതു സത്യം.

---

(1) സങ്കീ. 63

www.malankaralibrary.com



8 അനുനിമിഷം നാഥാ നിൻ നാമം
എൻ ചിന്തകളിൽ തിങ്ങുന്നു
ഉദയത്തിലുമതുപോൽ സായാഹ്നേ
നിന്നെ മാത്രം വാഴ്ത്തുന്നു.

9 എൻ പാതകളിൽ നീ തുണയേകി
എന്നെ കുഴിയിന്നും കേററി
ഉയരേ ഒരു ഗോ—പുരമതിനഗ്രേ
നീയൊരു പീഠം തന്നല്ലോ.

10 എന്നും കാക്കുന്നോൻ മിശിഹായാ—
ണതു നാമെല്ലാമോർക്കേണം
എപ്പോഴും സ്നേഹം പകരുന്നോൻ
ഈശൻ മാത്രമതേയുള്ളു.

11 വേർപിരിയാത്തു—ള്ളോരാലംബം
മിശിഹായാണെൻ വത്സലരേ,
അവനെ തേടുന്നോരാശ്വാസം
പ്രാപിക്കും കാലാന്ത്യത്തിൽ.

12 ഇരുകൈകരംകൊണ്ടും നീയെന്നെ
ബലമായ് നിന്നോടു ചേർത്തല്ലോ
നിൻ മാറ്വിൽ ചേർന്നിവർ മരുവീടും
ഭയലേശം കൂടാതെന്നും.

13 മമ ജീവനെടുക്കാനണയുന്നോർ
കുഴിയിൽ വീഴും നിശ്ചയമായ്
അവരെല്ലാം ഭൂമിയിൽ നിപതിക്കും
വാളവരെ ഹിംസിച്ചീടും.

14 കർത്താവെന്നാശ്രയമായതിനാൽ
ഞാനാനന്ദിച്ചാർത്തിടും
നിന്നെത്തേടുന്നോരെല്ലാരും
നിൻമുഖ ശോഭ ധരിച്ചീടും.



## 180–29 ഒരു കൂടാരം പോൽ കൃപയാൽ

രീതി: 1

1 ദൃഷ്ടികളുയരെയുയർത്തുന്നു
സ്രഷ്ടാവിൻ സന്നിധിയിങ്കൽ
തുണചെയ്യാനായണയണമെ
ഇസ്രായേലിൻ രാജാവേ.

2 നിദ്രാ രഹിതനുണർവ്വുള്ളോൻ
നിത്യം സംരക്ഷിപ്പവനേ,
വീഴ്ചകളിൽ നിന്നെൻപാദം
സംരക്ഷിക്കണമീനാളിൽ.

3 കൈപ്പത്തിയതാൽ ധരയെല്ലാം
നിർമ്മിച്ചവനത്യുന്നതനാം
തൻ സുതനാലീ ധരയെല്ലാം.
നവമാക്കിയവൻ സ്തുത്യർഹൻ.

4 ഒരു കൂടാരം പോൽ കൃപയാൽ
പൊതിയുന്നു മിശിഹാ നമ്മെ
നാമവനവകാശംതന്നെ
ആലയിലുറപ്പെട്ടാടുകളും.

5 ദുഷ്ടനെ ദൂരെയകററുന്നു;
ഉറവയിലേക്കു നയിക്കുന്നു
വഴികളിലെല്ലാമനുനിമിഷം
നിത്യംനമ്മെ കാത്തീടും.[1]

(1) സങ്കീ. 121

www.malankaralibrary.com



## 181-30 ഒഴുകും നീരിന്നരികത്തായ്

രീതി: 4

1 ഭാഗ്യം തേ ഭാഗ്യം മർത്ത്യാ,
ദുഷ്ടനുപദേശം കേൾക്കാ—
ത്തവനാം—നീ തന്നെ ശ്രേഷ്ഠൻ, നിന്മേൽകർത്തൃകരം,
തിന്മ നിറഞ്ഞ തെരുവുകളിൽ
ദൈവത്തെ ദുഷിചെയ്യുന്ന
സംഘ—ങ്ങളെ വിട്ടോടിപ്പോം—നീ തന്നെ ശ്രേഷ്ഠൻ.

2 മുഴുഹൃദയത്താൽ തിരുവചനം
രാപകൽ ധ്യാനിക്കുന്നവനാം
മർത്ത്യൻ ഉന്നതനാണെന്നും, മുടികാം—ക്കഹ്നവൻ;
ഒഴുകും നീരിന്നരികത്തായ്
നില്ക്കുന്നൊരു ഫലവൃക്ഷം പോൽ
നിറയും—ബഹുഫലമതാം കൃപയാൽ; പുഷ്ടിപ്പെട്ടീടും.

3 അവനൊരു നാളും ഇടറില്ല
കർത്താവവനെ താങ്ങീടും
പച്ച—പ്പട്ടു ധരിച്ച മരം പോലെ—നിലകൊള്ളും;
അവനവശക്താശ്രയമരുളും
ക്ഷീണിതരവനെത്തേടീടും
അവനെ—ല്ലാവരെയും ദയയാൽ—പരിപാലിച്ചീടും.

4 തിരുവചനം നിരസിക്കുന്നോർ
തീച്ചൂളയിൽ വെന്തുരുകീടും
കാററിൽ—പാറിപ്പോകുന്ന പതിരാ—ണാദുഷ്ടർ;
ലോകത്തെ വിധി ചെയ്യീടും
വിധിയാളൻ തിരുമുമ്പിലവർ
നില്ക്കി—ല്ലൊരു നിമിഷംപോലും പ്രിയരേ—ശ്രദ്ധിപ്പിൻ.

5 തൻ പ്രിയരേ താൻ കാത്തീടും
വലഭാഗേ സ്ഥാനം നല്കും
പരിപാ—വനമാം മണവറയോ എന്നേ—ക്കും നല്കും;
തവ മണവറയിൽ പൂകീടാൻ
പ്രിയനാം മിശിഹാ മണവാളാ
നാഥാ, നല്കേണം കൃപയാൽ പാപിക്കവകാശം.



## 182-31 കൂരിരുളിൽ നീ ദീപശിഖ

രീതി: 3

1 തിരുഭവനത്തിൻ ചിന്തകളാൽ
എരിയുന്നു നാ—ഥാ ഹൃദയം
അത്യുന്നതനാം സ്രഷ്ടാവേ,
നിന്നെകാണുന്നവതെന്നാ—ണോ![1]

2 ദാഹജലത്തി—ന്നഴലുന്ന
മാൻപോലായി—എൻ ഹൃദയം
തേടുന്നു നൃപനെ മിശിഹാ,
നിന്നെ കാണുവതെ—ന്നാണോ!

3 എൻമനമെപ്പോ—ഴും നാഥാ,
നിൻ ചിന്തകളാൽ നിറയുന്നു
നിലവിളിയാൽ ഞാൻ തകരുന്നു
നിന്നെ കാണുവതെ—ന്നാണോ!

4 നൃപനേ, നാഥാ, ജേതാവേ,
വരണം നീയെ—ന്നരികത്തായ്
ചിന്തിയ തണ്ണീർ പോലായ് ഞാൻ
നിന്നെ കാണുവതെന്നാണോ.

5 പറവകളെ നീ കാക്കുന്നു
തൃക്കൈയിൻകീ—ഴവയെല്ലാം
വയലിൽ വിടരും കുസുമം നിൻ
ശോഭയെനിക്കായ് കാട്ടുന്നു.

6 നിൻ ഭവനത്തിൽ ജീവിക്കും
നരനതി ഭാഗ്യം പ്രിയ നാഥാ
ഒഴുകും നീരി—ന്നരികത്തായ്
നട്ടൊരുതരുവവനാകുന്നു.

---

(1) സങ്കീ. 84

www.malankaralibrary.com



7 നിൻ ശക്തിയിലാ—നന്ദിക്കും
നരരതി ഭാഗ്യം പ്രാപിച്ചോർ
കോട്ടകളാൽ ചുററപ്പെട്ട
പട്ടണമാകുന്നാമർത്യർ.

8 കൂരിരുളിൽ നീ ദീപശിഖ
മരുഭൂമിയിൻ നീ നീരുറവ
കരയും ഹൃദയത്തിൻശാന്തി
എൻ പ്രിയനാഥാ നീയത്രേ.

9 ഹാഗാർ കണ്ട മരുഭൂവിൽ
ഒഴുകുന്നൊരുനീ—രിന്നുറവ
മരുഭൂമിയിലിസ്രായേല്യർ
നിൻ കൃപയാൽ ദാഹം തീർത്തു.

10 യാക്കോബിൻ നാഥാ, നൃപനേ,
കാക്കുക നിൻ ജാതിയെയുടനേ;
ചുററും ദുഷ്ടന്മാരാം
വഞ്ചകരനവധിയെൻചുററും.

11 ഒരു നിമിഷം നിൻ ഭവനത്തിൽ
മരുവുന്നതുവൻ നിക്ഷേപം;
തെരുവീഥികളിൽ നൂറു ദിനം
മേവുന്നതിലുപരി ശ്രേഷ്ഠം,

12 ആശ്രയമവനിൽ വയ്ക്കുന്നോർ
ആനന്ദിച്ചീ—ടും നൂനം
അനുദിന മുടയോൻ താങ്ങീടും
ആ നരനെ തൻ തൃക്കൈയ്യാൽ.



## 183-32
## കൈക്കൊൾകിക്കാഴ്ച ഹാബേ-ലിൻബലിപോൽ

രീതി: 5

1 ആകാ—ശംപാടുന്നുടയോ—നേ, നിൻഗീ—തത്താൽഭൂ—
വാനങ്ങൾ നിറയുന്നെല്ലാ—നാൾ തോറും;
ദിനരാ—ത്രങ്ങൾ പാടുന്നു—നിൻ സ്തുതികൾ—രക്ഷകനേ,
വിവരിക്കുന്നവയെപ്പോഴും—തവകർമ്മം.

2 വചനം—വാക്കുകൾ ഭാഷകളെ—ന്യേയവസം—സാരിക്കു—
ന്നുകേൾക്കാമെല്ലായ്പോഴും—ലോകത്തിൽ;
ലോകം—മുഴുവനിലുംചുററു—ന്നവയുടെ ഗീ—തംനാഥാ,
അവയോടൊപ്പമിവർപാടും—നിൻസ്തുതികൾ.

3 പകലോ—നതിലൊരുകൂടാരം—നിർമ്മിച്ചോൻ—നീ നിത്യൻ—
ഉയരുന്നവനെന്നും മണവാ—ളൻ സമമായ്
വിജയം പ്രാപിച്ചവനെപ്പോൽ—അനുദിനവും യാനംചെ—
യ്തുലകത്തിനു നൽകുന്നു പ്രഭ ബഹുമോദാൽ.

4 കർത്തൻ—വചനം പൂർണ്ണമതാ—ണതുജീവ—നുറവിടമാം;
അതിലേക്കോടിയടുത്തിടുനീ—ജീവിക്കും
കർത്തൻ—വചനം വിജ്ഞാനം—പകരുന്നോ—രിടമല്ലോ—
അതിനാൽ നീ ജ്ഞാനം പ്രാപി—ക്കും നിത്യം.

5 കർത്തൻ കല്പന ഹൃദയത്തിൻ—കുളിരല്ലോ—തേടിയിറ—
ങ്ങീനതു നിങ്ങളെ അനുദിനവും കാത്തിടും;
കർത്തൻ—നിയമം നയനങ്ങൾ—ക്കായ്ദീപം—അതിനെപ്പുൽ—
കീടുക കാത്തീടും നിന്നെ—കൂരിരുളിൽ.

6 കർത്തൻ —വാഗ്ദാനം ചെയ്യും—ശാന്തിയെ നീ—തേടിടുക—
അവനെ ഹൃദയത്തിൽ പൂജി—ക്കെപ്പോഴും
കർമ്മങ്ങളിലെല്ലാം പൂർണ്ണൻ—ദൈവത്തെ—സ്നേഹിപ്പോ—
രെപ്പോഴും വിജയിച്ചീടും—നിശ്ചയമായ്.

7 വിലയേ—റിയ രത്നത്തേക്കാൾ—സ്നേഹിക്കു—ന്നു നൃപനേ,
നിൻ വചനം കാതിന്നിമ്പം—കേൾക്കും ഞാൻ,
രുചിയേ—റിയതേനിലുമധികം—കാംക്ഷിക്കു—ന്നുഞങ്ങൾ
നിൻ വചനം നാവിന്നാസ്വാ—ദ്യം പകരും.

www.malankaralibrary.com



8 എല്ലാം—അറിയുന്നവനേ, നീ—കാണുന്നെൻ ഹൃദയത്തിൻ—
ആഴം നീ മാത്രം കാണു—ന്നെപ്പോഴും
കരുണ—ക്കടലേ—കൃപയാൽ നീ—വെണ്മ തരു—കഴുകണമെ
അപരാധം സർവ്വം കടലിൻ—ആഴത്തിൽ.

9 പകലോൻ—സമമായ് ഉലകത്തെ—ശോഭിപ്പി—ക്കുന്നവനാം—
കതിരേ നീമാത്രം കാണു—ന്നെൻ ഹൃദയം;
നിൻമുൻ—പിൽ നിന്നൊരു നാളും—യാതൊന്നും—മറചെയ്‌വാൻ
സാധ്യമതല്ലെന്നെന്നും ഞാൻ—ഘോഷിക്കും.

10 വിനയ—ത്തിൻ വഴികാണിക്കു—ശാന്തതയേ—റിയ നാഥാ—
നിൻ പിറകേയെത്തും ഞങ്ങൾ—നിൻ ശിഷ്യർ
ദുഷ്ടൻ—വഞ്ചനയാലെന്നെ—നരകേ വീ—ഴ്ത്താനിടവ—
ന്നീടല്ലെ നാഥാ കാക്കു—സ്ലീബായാൽ.

11 നിന്നോ—ടുരചെയ്യുന്ന സ്വരം—മമ ചിന്ത—കർമ്മങ്ങൾ
അഖിലവുമനുദിനവും പ്രാപി—ക്കും കൃപകൾ;
നീയാ—ണെൻ പ്രിയനാം നാഥൻ—ജീവൻനൽ—കീടുന്നോൻ—
ശൈലവുമാശ്രയവും നിത്യം—നീതന്നെ.

12 അളവില്ലാത്തൊരു ബ്രഹ്മാണ്ഡം—നിർമ്മിച്ചോ—നേ നാഥാ,
നിൻ മുൻപിൽ നില്ക്കുന്നടിയർ—കൈകൂപ്പി
അങ്ങേയ്ക്കായ് നിമിഷംതോറും—അർപ്പിക്കു—ന്നെൻ ഹൃദയം
കൈക്കൊൾകിക്കാഴ്ച ഹാബേ—ലിൻ ബലിപോൽ.

## 184-33 ജീവന്നാധാരം സ്നേഹം

രീതി: 1

1 എൻ നാഥാ നിൻ കൃപ നിന്നെ
ഇപ്പാപികളിൽ ചായിച്ച്
നിൻ സ്ലീബാച്ചിറകിൽ തുങ്ങും
നിൻ സഭമേൽ കൃപ തോന്നേണം.

2 ഭൂമിയിലെല്ലാം പ്രിയ നാഥാ,
നിന്നത്യുന്നതമാം നാമം
അഖില ചരാചര സൃഷ്ടികൾ നിൻ
ഗീതം പാടുന്നു മോദാൽ.



3 ഉയരേ മഹിമ ധരിച്ച നൃപൻ
വാതിൽ തുറക്കുന്നേഗതിക്കായ്
അവരർപ്പിക്കും സ്തുതികേട്ടാ—
വൈരികൾ ലജ്ജിച്ചോടീടും.

4 ഭുവനങ്ങൾ തവസൃഷ്ടി
അവയെല്ലാം തവ സ്തുതിപാടും
ധരയിൽ തവ തിരുസാദൃശ്യം
പേറും മർത്യർക്കാമോദം.

5 മഹിമയിൽ നീ നരനെ വാഴ്ത്തു
നൃപനായ് ധരയിൽ നിയമിച്ചു;
നിൻ കൈവേലയ്ക്കധിപതിയായ്
നിയമിതനാം മർത്യൻ ധന്യൻ.

6 അഖില ചരാചര സൃഷ്ടികളും
നിൻ പ്രിയ മർത്യനു സേവകരാം;
അവനെല്ലാററിനെയും നന്നായ്
ധരയിൽ പരിപാലിക്കേണം.

7 ജീവന്നാധാരം സ്നേഹം
സേവനമെന്നിവയാകുന്നു;
ശക്തിയിൽ ജീവനിരിപ്പില്ല
ജനമിസ്രായേൽ ചൊല്ലുന്നു.

## 185-34 തരണം മമ ഭോജ്യം

രീതി: 2

1 നിൻനാമം ചൊ—ല്ലി വിളിച്ചി—ടാൻ
എൻഹൃദയം വെമ്പു—ന്നീശോ
ഞാൻ ജീവിച്ചീടും നാളെല്ലാം
നിൻഗീതം ഞാൻ പാടീടും.[1]

(1) സങ്കീ. 103

www.malankaralibrary.com



2 എൻ നാഥനുമെന്റെ രാജാവും
നീയാണെൻ മിശിഹാകർത്താ
ഉന്നതഗിരിയിൽനി—ന്നീഭൂവിൽ
എത്തിയ നിന്നെ വാഴ്ത്തും ഞാൻ.

3 മഹിമയുടുത്തോനാം നേതാവേ
ശോഭിതനാകുന്നങ്ങെന്നും
മിന്നലുകൾ പാറു—ന്നവിടെല്ലാം.
അഗ്നിക്കണ്ഡമതാണങ്ങ്.

4 കൂടാരംപോ—ലീവാനത്തെ
കെട്ടിവിരിച്ചവനാ—രാണോ?
ആഴിക്കതിരായി—ട്ടൊരു നാളിൽ
പൂഴിനിരത്തിയതാ—രാണോ?

5 രഥമതുപോൽ മേഘ—ത്തിന്മീതേ
യാനം ചെയ്യുവതാരാണോ?
അഗ്നിക്കതിർ വീശിപ്പായുന്ന
കുതിരകളുടെ ഓട്ടം കാണ്മൂ.

6 കാററിൻ ചിറകിന്മേൽ ഓടുന്നൂ
ദൂതന്മാരുടെ വൻകൂട്ടം
പാതയൊരുക്കി—ക്കൊണ്ടോടുന്നു
സ്വർഗ്ഗീയോന്നതമാം ചക്രം.

7 തട്ടിമറിക്കു—ന്നൊരുവൻ കാററും
നിൻ സേവകനാകു—ന്നീശോ
കത്തിപ്പടരുന്നൊരു ഘോരാഗ്നി
പേറുന്നൂ തിരുസന്ദേശം.

8 ഒരുനാളും മാറാത്തതുപോലെ
ധരയെ നീ പണിചെയ്തീശോ
തിരമാലകളേറിപ്പൊങ്ങിപ്പോയ്
മലകളെയെല്ലാം മൂടിയിതാ.



9 നിൻ നാദം കേട്ട നിമിഷത്തിൽ
ഓടിയൊളിച്ചാനീരെല്ലാം
മലകളുയർന്നങ്ങനെ; കരയായി
സകലവുമവയീന്നുളവായി.

10 അരുവികളൊഴുകാ—നായൊരു വാക്ക്
അരുളീ നീ വൻശബ്ദത്തിൽ
മലകൾക്കിടയിൽ നിന്നവപൊട്ടി
ചിരികളുമായൊഴുകീ ഭൂവിൽ.

11 ഓടിയടുത്തപ്പോൾ മൃഗജാലം
ദാഹം തീർക്കാനാ—യാററിൽ.
പറവകൾ പാടുന്നൊരു സംഗീതം
ഒഴുകി വരുന്നൊരു റാണിക്കായ്.

12 ജീവികൾ തിങ്ങുന്നോരുദ്യാനം
മാത്രമതാകുന്നീ ഭൂമി
ചുട്ടുപഴുത്തുള്ളോരീലോകേ
ധരമാത്രം പറുദീസായും.

1 ഇതുപോലൊരു തോട്ടം കാണില്ല
ഈ ലോകത്തിൽ വത്സലരേ.
മരുഭൂമിയിലേദൻ പോലത്രേ
മോദം പകരുന്നീഭൂമി.

14 ധരയിൽ നാം കാണുന്നവയെല്ലാം
തൻ കരവേലയതാകുന്നു;
അവയെ പോററുന്നവനനുനിമിഷം;
അവനായ് നാം സ്തുതിപാടേണം.

15 ഒഴുകുന്നയരേന്നും മഴവെള്ളം;
ധരപാനം ചെയ്യുന്നൂ ജലം
അഖിലരുമൊരുപോലാ പനിനീരാൽ
ആനന്ദിച്ചാർക്കുന്നല്ലോ.

www.malankaralibrary.com



16 പുല്ലുമുളപ്പിക്കുന്നു നാഥൻ
മൃഗമതിനാലാനന്ദിപ്പൂ.
ധാന്യം വിളയിക്കുന്നു നാഥൻ
നരനതിനാലാനന്ദിപ്പൂ.

17 "തരണം മമ ഭോജ്യം" ചൊല്ലുന്നു
മൃഗരാജൻ നാഥൻ പക്കൽ
നൽകുന്നു നാഥൻ തൻ കരുണ
അവയുടെ മേൽ കൈ വയ്ക്കുന്നു.

18 സൃഷ്ടികളാനാഥ—ന്നേകുന്നു
വലിയൊരു മോദം വത്സലരേ,
ഉഗ്രവിഷം പേറും വൻസർപ്പം
പോലും തൻ പ്രിയനാം സൃഷ്ടി.

19 നിൻസ്തുതി പാടുന്നു ധരയെല്ലാം
കരുണ നിറഞ്ഞവനാം നാഥാ
ധരമുഴുവൻ മണ്ടുന്നു പ്രഭയിൽ
ഒന്നും മറവായ് മേവില്ല.

20 നിൻ കയ്യിൽ നിന്നും പ്രാപിപ്പൂ
സകലരുമാഹാരം നാഥാ
നിൻ ശ്വാസം നല്കുന്നു ജീവൻ
ധരയെ നീ നവമാക്കുന്നു.

21 നിൻ ഗീതം പാടാനായ് നാഥാ
എൻ വായൊരു കിന്നരമാക്കൂ;
നിൻ ഭവനേ വാസം ചെയ്യാനായ്
നിൻ കൈ എന്മേൽ വയ്ക്കേണം.

22 പകരണമുടയോനേ നിൻ ശാന്തി
എൻഹൃദയം മോദിച്ചീടും
നിൻ കൃപയാൽ നാഥാ, എൻ ഹൃദയം
ഈ ദിവസം വലുതാക്കീട്ടു.



## 186-35 ദാവീദിൻ കിന്നരമേന്തി[1]

രീതി: 3

1 ഒരു ഗീതം പാടാം പ്രിയരേ,
അത്യുന്നതനെ കീർത്തിക്കാം.
വിവരിക്കാം ജനതതി മദ്ധ്യേ
മഹിമ നിറഞ്ഞവയാം കർമ്മം.

2 ശാന്തി നിറഞ്ഞ നഗരത്തെ
തൻ ജനതയ്ക്കായ് പണിയുന്നോൻ
ധരയുടെ കോണുകളിൽ നിന്നും
തൻ സുതരെ കൂട്ടിച്ചേർക്കും.

3 ധരയിൽ പൊടിയായ് തീർന്നാലും
കടലിന്നടിയിൽ താണാലും
കാലാന്ത്യത്തിലവൻ സുതരെ
തിരുവലഭാഗേ ചേർത്തീടും.

4 മുറിവുകരം കെട്ടു—ന്നു വൈദ്യൻ
വീണവരെ താ—ങ്ങീടുന്നു
നക്ഷത്രങ്ങളെയെണ്ണുന്നോൻ
മർത്ത്യർക്കായവ സൃഷ്ടിച്ചു.

5 ഓരോ ദിനവും പേർചൊല്ലി
വിളി ചെയ്യുന്നു ജ്വാലകളെ
അവ ശോഭയതാൽ വന്ദിപ്പൂ
നൃപനാം ദൈവത്തെയെന്നും.

6 അഗതിക്കായ് തൻ കൈനീട്ടി
ഉയരേ സ്ഥാനം നല്കുന്നു
ഹൃദയേ തിന്മ നിറഞ്ഞവരെ
കുഴിയിൽ തള്ളുന്നു നാഥൻ.

7 പാടാം പ്രിയരേ, തൻ ഗീതം
ഘോഷിക്കാം തൻ തിരുനാമം
ദാവീദിൻ കിന്നരമേന്തി
സങ്കീർത്തനമൊന്നായ് ചൊല്ലാം.

---

(1) സങ്കീ, 147

www.malankaralibrary.com



8 ജലവാഹികളാമൊരു കൂട്ടം
തിങ്ങുന്നു മേ—ലാകാശേ
അവയിൽ നിന്നും ധരമുഴവൻ
ജലനിര ചിന്തുന്ന നാഥൻ.

9 ശക്തിയിരിക്കുന്നിടമെവിടെ?
സൈന്യങ്ങളില—ല്ലെൻ പ്രിയരേ,
ലൗകിക നിക്ഷേപം നരരെ
ഒരുനാളും രക്ഷിക്കില്ല.

10 സ്നേഹം തേടും മർത്യരിലേ—
ക്കൊഴുകുന്നു തൻ വൻഹൃദയം
അവരെ നന്മകളാൽ പൊതിയു—
ന്നവനാകുന്നരചൻ നാഥൻ.

## 187-36 മെഴുകുരുകും പോൽ മലയുരുകും

രീതി: 3

1 നമ്മുടെ ദൈവം നൃപനത്രേ
ഭുവനങ്ങളഘോഷിപ്പൂ
ശോഭയെഴും വസതിക്കുള്ളിൽ
വാഴുന്നു താൻ രാജാവായ്.[1]

2 നീതിനിറഞ്ഞോ—രുന്നതനാം
നൃപനാകുന്നെൻ യജമാനൻ
ശാന്തിനിറഞ്ഞൊരു സൽഭരണം
വിതറുന്നവനിയിലെപ്പോഴും.

3 മിന്നൽപ്പിണർപായും മുമ്പിൽ
ദുഷ്ടരെയെല്ലാം നീക്കുന്നു
ധരമുഴവൻ നിറയും നീതി
ശാന്തിപരത്തുന്നു ധരയിൽ.

(1) സങ്കീ. 97



4 മിന്നും വാളിൻ ശബ്ദത്താൽ
പേടിച്ചുഴലു—ന്നു ഭൂമി
സത്യം പേറിയ നരനൊന്നും
പേടിക്കാനില്ലന്നാളിൽ.

5 മെഴുകുരുകും പോൽ മലയുരുകും
അലയാഴികളാവിയതാകും
ധര നീങ്ങിപ്പോമൊരു നാളിൽ
നീങ്ങാത്തവനീശൻ മാത്രം.

6 തിന്മവെറുക്കും നരരെല്ലാം
പ്രാപിക്കുന്നു വൻകൃപകൾ
അവരുടെ ഹൃദയമവൻ പക്കൽ
അവർ മോദിക്കുന്നെന്നേക്കും.

7 തിരുനാമം പേറും മർത്യൻ
മോദിക്കുന്നു നാൾതോറും
കരുണ നിറഞ്ഞവനേ, നാഥാ
എന്മേൽ നിൻകൈ വയ്ക്കേണം.

## 188-37 യിരെമ്യാവ്-17

രീതി: 6

1 മർത്യനെ നമ്പുന്നൊരു മർത്യൻ
ശാപഗ്രസ്തനഹോ സ്ത
ശക്തിയിലാശ്രയമുള്ളവനും
ത്യാജ്യഗ്രസ്തനഹോ.

2 ചെങ്കടലിൻതീരേ കാണ്മിൻ
മിസ്രേമിൻ വീഴ്ച
കടലിന്നോളത്തിൽപൂകി
ലോകത്തിൻശക്തി.

3 ഹൃദയം ദൈവത്തിൽ വയ്ക്കു
ധൈര്യം പ്രാപിക്കു
ഉയരേ നിന്നെത്തും ശക്തി
വൻകാര്യം നേടും.

www.malankaralibrary.com



4 ഹൃദയം നരരിൽ വയ്ക്കുന്നോൻ
വാടും—സസ്യസമം
മരുഭൂമിയിലവനുടെ വാസം;
നേടില്ലാമോദം.

5 അരുവിയുടരികിൽ വളരുന്ന
സസ്യം ശ്രേഷ്ഠയഹോ
കാലാകാലത്തോളമവൾ
നല്കും ശ്രേഷ്ഠഫലം.

6 വേരു വസിക്കുന്നു നീരിൽ
പച്ചിക്കും ലതകൾ
പറവകളെത്തുന്നെപ്പോഴും
മോദിക്കുന്നവളിൽ.

7 എല്ലാം കാണുന്നവനാമെൻ
നാഥാ, സർവേശാ
ദുഷ്ടത തിങ്ങിയ ദാസനെ നീ
കാരുണ്യാൽ കഴുക.

8 ചതിയും പകയും തിങ്ങിയിവൻ
പേറി ദുഷ്ടതകൾ
സോദരഹത്യ നടത്തിയിതാ
നാവും വാളാക്കി.

9 ഹൃദയം പരിശോധിപ്പവനേ,
കാരുണ്യക്കടലേ,
പ്രതിപകരം നീ ചെയ്യരുതേ
തിന്മയ്ക്കുടമയിവൻ.

10 കറകളുമഴുപോൽ കറവുകളും
കൈയിൽ സമ്പാദ്യം
നന്മവെടിഞ്ഞിവനോടിയിതാ
നാഥാ, കൃപചെയ്ക.



11 ജീവൻ പകരും മിശിഹായിൽ
വയ്ക്കുന്നെൻ ജീവൻ
കൈക്കൊള്ളണമെന്നെ കൃപയാൽ
വയ്ക്കുക കയ്യെൻമേൽ.

12 ദാനം ചിന്തു ഉയരേണം
മോദിപ്പിക്കെന്നെ
പാതയൊരുക്കാൻ മാലാഖാ
മുൻപേ പോകട്ടെ.

13 നിന്നെ വിട്ടോടുന്ന നരൻ
കേഴും കാലാന്ത്യേ
നീയാണത്യുന്നതദൈവം
നന്മയ്ക്കുറവിടവും.

14 സൗഖ്യം നല്കണമെ നാഥാ,
നീയാണെൻ വൈദ്യൻ
രക്ഷയെനിക്കേകു നാഥാ,
നീയാണെൻ രക്ഷ.

## 189–38 ലോകം മുഴുവൻ പ്രഭവിതറും

രീതി: 3

1 കരുണ നിറഞ്ഞോ—രുന്നതനാം
പ്രിയ താതൻ ഭൂ—വുണ്ടാക്കി
ധരയിൽ നൃപരായ് മാനവരെ
നിയമിച്ചു കൃപയാൽ—നിത്യം.

2 ധരയിൽ പണിചെയ്തീടാനായ്
പൂർണ്ണതഭൂമി—ക്കേകാനായ്
ധരയിൽ നൃപരായ് മാനവരെ
നിയമിച്ചു കൃപയാൽ ദൈവം.

3 ധരയെ മനഞ്ഞോരഖിലേശൻ
പൂർണ്ണതയേകാൻ കാലാന്ത്യേ
ധരയിലയച്ചു പ്രിയസുതനെ
കന്യക വഴിയവനിങ്ങെത്തി.

www.malankaralibrary.com



4 ധരമുഴുവൻ കത്തിപ്പടരും
ഒരു വൻ ജ്വാല—ക്കുടമയവൻ
ഭൂമദ്ധ്യത്തിൽ സ്ലീബാമേൽ
ജ്വാല കൊളുത്തി കാരുണ്യാൽ.

5 നവമാം ഒരു വൻപറുദീസാ
ധരയിൽ പണിയാനായ് നാഥൻ
ഒരു ജനതതിയെ വിളിച്ചരുകിൽ
കൃപയാലവരെ നിറച്ചല്ലോ.

6 ഒരു മോഹനമാം പറുദീസാ
നരനായ് നല്കും രാജനിവൻ
''വരുവിൻ മോദമൊടെൻ സവിധേ''
കരുണ നിറഞ്ഞവനോതുന്നു.

7 കാഹള നാദത്തിൻ ശബ്ദം
വാനിൽ കേൾക്കുന്നൊരു നേരം
പ്രിയനെതിരേ ചെന്നീടാനായ്
തിരികൾ തെളിക്കിൻ വത്സലരേ.

8 ജീവൻ പകരും സന്ദേശം
ധരയിൽ വിതറാം വത്സലരേ,
സഭയുടെ മടിയിലണഞ്ഞീടാൻ
മാടി വിളിക്കാമെല്ലാരേം.

9 ലോകം മുഴുവൻ പ്രഭ വിതറും
ശോഭയെഴുന്ന വൻദീപം
ഭൂമദ്ധ്യത്തിൽ സ്ഥാപിച്ചോൻ
അത്യുന്നതനെന്നും സ്തുത്യൻ.

10 ഗോഗുൽത്തായിൻ ഉയരത്തിൽ
കത്തിജ്വലിക്കും വൻദീപം
ലോകം മുഴുവൻ എത്തിക്കാൻ
ഓടിയടുക്കിൻ വത്സലരേ.



11 ''നമ്മുടെ താതൻ ഒന്നത്രേ
നാമെല്ലാം തൻ പ്രിയ സുതരും''
എന്നോതിയവൻ ദൈവസുതൻ
തൻ സുവിശേഷം പേറീടാം.

12 ജാതികളെല്ലാ മെത്തിടുവിൻ
നാഥൻ സവിധേ—യതിവേഗം
ദാഹം തീർക്കാൻ ദാഹജലം
നാൾതോറും വിതറു—ന്നീശൻ.

13 ദാഹിക്കുന്നോരഖിലരുമേ,
ഓടിയടുക്കിൻ അതിവേഗം
ജീവജലത്തിന്നുറവയവൻ
ദാനം വെറുതേ നല്കുന്നു.

14 പ്രിയരേ, വേഗം വന്നിടുവിൻ
വിതറാം ഭൂതിൻ സദ്വാർത്ത
പുഴയിലുമെല്ലാ വഴികളിലും
രക്ഷാ നാദം ഘോഷിക്കാം.

15 ചെളികൾ കഴുകിൻ പാപികളേ,
ഹൃദയം നന്നായ് കഴുകീടിൻ
അനുതാപത്തിൻ ചുടുകണ്ണീർ
കഴുകുന്നെല്ലാ മാലിന്യം.

16 യൂഹാനോൻ ചൊ—ല്ലീടുന്നു
സുവിശേഷത്തിൽ ഒരു രഹസ്യം
''കറകൾ നിറഞ്ഞവളാം മറിയം
ശോഭിതയായ് തൻ കണ്ണീരാൽ''.

17 വേഗമടുക്കുന്നു സുദിനം
ശുദ്ധർ മോദി—ക്കുന്ന ദിനം
ദുഷ്ടന്മാരൊരുമിച്ചന്ന്
കത്തും ജ്വാലയിലെത്തീടും.

www.malankaralibrary.com



18 പാപികളാം നാം വത്സലരേ
ഓടിയടുക്കാം ആലയിതിൽ
പാപിനിപോൽ കൃപനേടീടാം
കരുണ നിറഞ്ഞവനേ പുല്കാം.

19 മരണം നില്ക്കുന്ന മുമ്പിൽ
വരണം നാഥൻ സവിധത്തിൽ
ഭീകര മരണത്തിൽ നിന്നും
രക്ഷിക്കുന്നു ജേതാവ്.

20 ഒരു നാളും തീ—രാത്തൊരു വൻ
പരമാനന്ദം പകരുമ്പോഴാം
ദൂതന്മാരുടെ സന്നിധിയിൽ
നാമെല്ലാമാനന്ദിക്കും.

21 മൃതരെയുയർപ്പിക്കുന്ന നൃപാ
കൃപതോന്നണമേയടിയാർ മേൽ
പനിനീർ മൃതർമേൽ ചൊരിയണമെ
നിൻ സ്തുതിപാടും ഞാനെന്നും.

22 നവമൊരു പറുദീസാ പണിയാൻ
തുണയേകണമെ, ദയവാനേ
നിൻ കരമതിൽ ഞാനുപകരണം
നിൻസ്തുതി നിത്യം ഘോഷിക്കും.

## 190-39 വർദ്ധിച്ചതു കണ്ടാമോദി—ച്ചബ്രാഹം

രീതി: 5

1 ഇസ്രാ—യേലിന്നുത്തമനാ—മിടയൻ നീ—കേൾക്കണമെൻ
യാചനകൾ ശ്രദ്ധിച്ചെന്നെ—കൈക്കൊൾക;
മുടിചൂ—ടിയ മന്നർ കൂപ്പും—തവശോഭ—രാജാവേ,
വിതറണമെൻ മുമ്പിൽ ഞാൻ ജീ—വിക്കട്ടെ. [1]

2 യാക്കോബിൻ മീതേയൊരുനാൾ—ചിറകുവിരി—ച്ചവനെ നീ
കാത്തതുപോൽ കാക്കെന്നെ നീ—കൈക്കുള്ളിൽ
യൗസേ—പ്പിന്മേൽ ചിന്തിയതാം—നിൻ ദാനം—മിശിഹായെ
ചൊരിയണമിവരിൽ നീ കൃപയാൽ—ഈ ദിവസം.

---

(1) സങ്കീ. 80



3 വരണം—മഹിമോന്നത നൃപനേ—യിവർമദ്ധ്യേ; നിൻ ശോഭ—
വിതറിപ്രഭയാൽ ശോഭിപ്പി—ക്കണമിവരെ
ജീവ—നുറവിടമായവിടു—ന്നീനിമിഷം വന്നിട്ടെൻ
ഹൃദയം ശോഭിപ്പിക്കുക നിൻ—ബഹുകൃപയാൽ.

4 നാഥാ, ശക്തിധരിച്ച നൃപൻ—നീയാണെന്നെന്നും ഞാൻ
ഘോഷിക്കുന്നെന്മേൽ കൃപ ചെ—യ്കീ ദിവസം
കണ്ണീർ താഴ്വരയിൽ നിന്നും—ഈ ദിവസം നിന്നെ ഞാൻ
കേണു വിളിക്കുന്നു മിശിഹാ—കേൾക്കെന്നെ.

5 കണ്ണീരിൻ കടലിൽ മുങ്ങി—വേദനയാൽ—വിലപിക്കും.
മർത്യനു നല്കണമെ നാഥാ—ആശ്വാസം
നീയാ—ണാശ്രയമെന്നെന്നും—ഘോഷിക്കും ഞാനെന്നും
കരുണ ചൊരിഞ്ഞിട്ടു നീകൃപയാൽ—ലോകത്തിൽ.

6 മിസ്രേം നാട്ടിൽ നിന്നൊരുനാൾ—മുന്തിരി നീ—കാനാനിൽ
എത്തിച്ചു ജനതകളെല്ലാം—വഴിമാറി
നീ ന—ട്ടുവനാമിസ്രായേ—ലാംസസ്യം—കാനാനിൽ
പുഷ്ടിപ്പെട്ടതു നിൻ കൃപയാ—ലാകുന്നു.

7 യിസ്രായേലാം സഭതന്റെ—ശാഖവിരിച്ചു മലയിൽ
കടലിലുമെത്തിയതിൻ ശിഖരം—പുഷ്ടിയോടെ
കടലും കരയും നദികളുമെല്ലാം തിങ്ങീയിസ്രായേൽ—
വർദ്ധിച്ചതുകണ്ടാ മോദി—ച്ചബ്രാഹം.

8 യിസ്രായേലാം മുന്തിരിയിൽ—നിന്നന്ത്യത്തിൽ മിശിഹാ—
പൊട്ടിമുളച്ചെത്തീ മണ്ണിൽ സോദരരേ
യൂദ—ന്മാരേം ജാതികളേം—യോജിപ്പി—ക്കാനായി
അവതാരം ചെയ്തുടയവനാ—പറുദീസിൽ.

9 ഫലമേ—കാത്തവയെ താതൻ—വെട്ടിയെറിഞ്ഞു ദൂരെ
പകരം കാട്ടത്തികളെയൊ—ട്ടിച്ചവനും
കാട്ട—ത്തികൾ മൂലത്തിൽ ചേർന്നൊന്നായി ഫലമേകു—
ന്നതു ദർശിച്ചാഹ്ലാദിപ്പൂ—പ്രിയ താതൻ.

www.malankaralibrary.com



## 191-40 വീണുതകർന്നു പാതാളം

രീതി: 3

1 ദൈവമിറങ്ങി സീനായ്മേൽ
ഭൂമി കുലുങ്ങി— തൻ വരവിൽ
മിശിഹായുടെ വെളിപാടിങ്കൽ
ഞെട്ടി വിറച്ചു ഗോഗുൽത്താ,

2 തീനാവിൻ സാ—ദൃശ്യത്തിൽ
റൂഹ്ക്കദീശാ ഭൂ—വിൽ വന്നു
ഊറിശ്ലേം വൻ നഗരിയതിൽ
കിടിലം കൊണ്ടു ഭൂമാതാ.

3 യീറീഹോ തൻ വൻകോട്ട
കാഹള നാദത്താൽ വീണു[1]
മിശിഹായുടെ വൻ ശബ്ദത്താൽ
വീണു തകർന്നു പാതാളം.

4 നാഥൻ പ്രാപി—ച്ചൊരു വിജയം
പ്രാപിക്കണമെ—ല്ലാ നരരും
അന്തദിന ജീവിതമതിലുയരും
കാഹള ശബ്ദത്താൽ തന്നെ.

5 യീറീഹോ വീ—ണതു ലോകം
വീണു തകർ—ന്നു കാട്ടുന്നു
മിശിഹായും തൻ റൂഹായും
പാതാളത്തെ കീഴാക്കി

(1) ജോഷ്വാ, 6,



## 192-41 ശക്തിധരിച്ചകരം കാണ്മിൻ

രീതി: 3

1 യിസ്രായേൽ മി—സ്രേമിൽ നി—
ന്നെത്തീകടലിൻ—തീരത്തിൽ
പേടിച്ചുഴലേണ്ടെൻ സുതരേ,
ശക്തിധരിച്ചകരം കാണ്മിൻ.[1]

2 കടലിൽ താണു വൻസൈന്യം
തൻ ജനമെല്ലാം മോദിച്ചു
പകലിൽ മേഘത്തൂണ് നല്കി
ഒരു വൻ അഗ്നിത്തൂണ് രാത്രി.

3 കടലേ, നീയെ—ന്തിനനീങ്ങി?
യോർദാനെന്തിന്നോടിപ്പോയ്?
ആട്ടുകളെപ്പോൽ, വൻമലകൾ
എന്തിനു തുള്ളുന്നു ചൊല്ലിൻ?

4 കടലും കരയും നിർമ്മിച്ചോൻ
തന്റെ ജനത്തിൻ നായകനായ്
മുമ്പേ നീങ്ങുന്നവനായി
അലയാഴികൾ വഴിമാറുന്നു.

5 പാറ കൊടുക്കുന്നു, വെള്ളം
വാനം മന്നായാം ഭോജ്യം
കാററുകൾ കാടപ്പക്ഷികളേം
ജാതികൾ മാത്രമെതിർത്തവരെ.

6 മുന്നിൽ മിന്നും വാളേന്തി
നീങ്ങുന്നു, മന്നൻ ദൈവം
തൻ ജനതയ്ക്കെതിരെ നിന്ന
സകലരെയും തോല്പിക്കുന്നു.

(1) സങ്കീ. 114

www.malankaralibrary.com



## 193–42 ശാശ്വതമല്ലീ ഭൂലോകം

രീതി: 3

1 കൃപയിൽ നിന്നും ഒരുനാളും
നാമകലെപ്പോ—യീടരുതെ
കൃപയെ പാനം ചെയ്യുവരേ,
ചിറകിൻ കീഴിൽ മേവീടാം.

2 ശാശ്വതമല്ലീ—വഴിയാത്ര
മണ്ണും ദേഹ—ത്തിൻ കാന്തി
കീർത്തി സുഖങ്ങളുമതുപോലെ
ഓടിയകന്നവസാനിക്കും.

3 നിലനില്ക്കുന്നോ—രാരാണീ
ധരയിൽ ചൊല്ലിൻ വത്സലരേ,
നിഴൽ മായുന്നതു പോലെല്ലാം
അവസാനിച്ചീടും ഭുവിൽ.

4 ആയുസ്സു ദൈവ—ത്തിൻ ദാനം
അവനിൽ വസ്സാം ആനന്ദം
നല്കുന്നതു മുമ്പോൽ തിരികെ.
ചേർക്കുന്നതുമാ നാഥൻ താൻ.

5 ആരോഗ്യം താൻ നല്കുന്നു.
സൗഭാഗ്യം തൻ വൻ ദാനം
ഹൃദയ സമാധാനവുമതുപോൽ
ശാശ്വത ജീവനുമേകുന്നു.

6 സമൃദ്ധിയിൽ നീയൊരു നാളും
നിഗളിക്കരുതേ എൻ പ്രിയനേ,
അതു തന്നവനാമുന്നതനെ
താണു വണങ്ങണമെപ്പോഴും.

7 അനുനിമിഷം നീ ദൈവത്തെ
നിൻ കൺമുൻപിൽ കാണേണം
അവനെ വിട്ടൊരു നാഴികയും
ജീവിക്കരുതെൻ വത്സലരേ.



8 ഇസ്രായേല്യർ മരുഭൂവിൽ
വീണു മരിച്ചു വഴിമദ്ധ്യേ
അവർ നല്കുന്നൊരു ദൃഷ്ടാന്തം
ഓർക്കണമെല്ലാരും നന്നായ്.

9 തിന്മ പ്രവർത്തിക്കുന്നവരാം
നരർ വേദനയിൽ കേണീടും
പാപം വേദന നല്കുന്ന
ഭീകര യാഥാർത്ഥ്യം പ്രിയരേ.

10 കരുണ നിറഞ്ഞോ—രുന്നതനേ,
ശക്തി പകർന്നീ—ടണമെന്നിൽ
നന്മ പ്രവർത്തിക്കാനായി
പാദങ്ങൾക്കേകു ശക്തി.

11 ഞാനീ ധരയിൽ ബലഹീനൻ
തിന്മയിലേക്കോ—ടുന്നെന്നും
പാപിനിയെ സ്നേഹിച്ചവനെ
കൃപയാലെന്നെ കൈക്കൊൾക.

12 നൃപനെ നിൻ മുൻപിൽ മലകൾ
കുഞ്ഞാടുകൾ പോൽ തുള്ളുന്നു
നിൻ ശബ്ദത്താലീ ഭൂമി
പേടിച്ചിളകി വിറയ്ക്കുന്നു.

13 സീനായ് മലയിൽ ഒരു നാളിൽ
ദൈവമിറങ്ങി തൻ കൃപയാൽ
സീയോൻ സുതയെ തൻ വധുവായ്
തീർത്തു മന്നവനന്നാളിൽ.

14 തൻ പ്രിയരുടെ മുമ്പിൽ നാഥൻ
പോകുന്നു വാളും പേറി
അരി നിരയെ അരിയുന്നടയോൻ
കൃപയാൽ പൊതിയുന്നു നമ്മെ.

www.malankaralibrary.com



15 കതിരകളൊന്നും കൂടാതെ
വിജയം നേടി ജയവീരൻ
കതിരകളെല്ലാമാഴിയതിൽ
വീണൊരു നാം മൃതരായ് തീർന്നു

16 സംഗീതത്തിൻ മാധുര്യം
സുന്ദരഗാത്ര—ത്തിൻ ശോഭ
ലോകം നല്കും നേട്ടങ്ങൾ
വാടിക്കരിയും വത്സലരേ.

17 വഴിയാത്രക്കാരാം നമ്മൾ
വാടാത്തതു തേ—ടീടേണം
പുതിയവ തേടുന്നതിനായി
ഇവ നാം ഉപയോഗിക്കേണം.

18 ആപത്തുകൾ തി—ങ്ങുന്നുലകിൽ
മൃതരാകുന്നാ—ളുകളെന്നും
കൈകളിൽ നമ്മെ താങ്ങിടുവാൻ
നാഥനൊടർത്ഥിച്ചീടാം നാം.

19 ധരയിളകുന്ന നാഴികയിൽ
ദുഃഖിതരാകുന്നു മർത്ത്യർ
നരരുടെ പണികൾ തകരുന്നു
ഞൊടിയിടയിൽ മരുഭൂവാകും.

20 ജലമുയരുന്നു വൻ നദിയിൽ
കരയിൽ കയറുന്നു വെള്ളം
ഭീതി ധരിച്ചവരായ് മർത്ത്യർ
ഓടുന്നുന്നതമാം ദിക്കിൽ.

21 ശാശ്വതമല്ലീ ഭൂലോകം
ഇതു മാറിപ്പോം നിശ്ചയമായ്
പുതിയാകാശമിറങ്ങുന്ന
നാഴികയാഗതമാകാറായ്.



22 അതിനാലെല്ലാ നാഴികയും
പുതിയതിനായധ്വാനിക്കാം.
പറുദീസാ പണിയും നാഥൻ
നമ്മെ കരുവാ—ക്കീടട്ടെ.

23 മരുഭൂവിൽ വീ—ണവരെപ്പോൽ
വീഴായ്‌വാൻ നാ—ഥാ, ദേവാ,
കൈകളിലെന്നെ താങ്ങണമെ
നിന്നിൽ വയ്ക്കുന്നെൻ ജീവൻ.

24 നിൻ തിരുമെയ് ഞാൻ ഭക്ഷിച്ചു
തിരുരക്തം പാ—നം ചെയ്തു
അതു നവമാം ജീവൻ നല്കും
ഉറവയതായ് തീരും നൂനം.

25 എൻ ജീവിത യാത്രയിൽ നാഥാ
നീയാകുന്നെൻ വഴികാട്ടി
ഞാൻ ചെയ്യുന്നവയെല്ലാം നിൻ
പാദത്തിൽ വയ്ക്കുന്നീശോ.

26 നിൻ മഹിമയ്ക്കായ് അനുനിമിഷം
അദ്ധ്വാനിക്കാനെൻ നാഥാ
മനസ്സിനു ശക്തി പകർന്നിടണെ
റൂഹായാം ദാനം നല്കു.

## 194–43 സ്നേഹം പണിയുന്ന ഭവനം

രീതി: 3

1 സ്നേഹം പണിയുന്ന ഭവനം
സ്നേഹം ലോക—ത്തിന്നുറവ
സ്നേഹത്താലുലകം നില്പൂ
സ്നേഹത്താൽ നരനായീശൻ.

2 അത്യുന്നതനാം ത്രീയേകൻ
സ്നേഹിക്കുന്നെല്ലാ നരരേം
അവനെ സ്നേഹിക്കുന്ന നരൻ
ജീവൻ പ്രാപിക്കും നൂനം.

www.malankaralibrary.com



3 എല്ലാമവനിന്നുളവായി
നാമവനായ് ജീവിക്കുന്നു
എല്ലാ ജീവികളും ഒരുപോൽ
നാഥനെ നോക്കുന്നെപ്പോഴും.

4 സ്നാനത്തിൻ റൂ—ശ്മാ പേറും
നരരെല്ലാരും ഒരുപോലെ
സുവിശേഷത്തിൻ സന്ദേശം
ജീവിതവഴിയിൽ കാട്ടേണം.

## 135-44 റൂഹായാമെൻ സകലേശാ

രീതി: 4

1 പെന്തിക്കോസ്തി പെരുനാളിൽ
ശ്ലീഹന്മാർ മുറിയിൽ മേവി
കാററിൻനാദം പോലൊന്ന്—ഉയരേ—നാഗതമായ്
അത്തു തിങ്ങീയവരുടെ മുറിയിൽ
തീ നാവുകരം പോ—ലവർ മീതെ
വാണു—അവരെല്ലാമന്നാരം പ്രാപി—ച്ചു ദാനം.

2 ഊറിശിലേം വാസികളാകും
യൂദന്മാരാ ശബ്ദത്താൽ
പേടി—ച്ചോടിയടുത്തപ്പോരം—സെഹിയോൻ മാളികയിൽ
ശ്ലീഹരുരച്ച സദ്വാർത്ത
കേട്ടവരവരുടെ ഭാഷകളിൽ
അത്യത്ഭുതമാന്നാക്കൂട്ടം—കീർത്തിച്ചുന്നതനെ.

3 കാലാന്ത്യത്തിൽ—ഉയരേന്നും
റൂഹായാം ദാനം ചിന്തും
എന്നോ—തീയോരുവൻനിബിയാ—യൂദന്മാരോടായ്
നിബിമാരാകും സകലരുമേ,
ദർശകരാകും മമ ശിഷ്യർ
സ്വപനെ ഹൃദയേ കൈക്കൊള്ളുന്നോർക്കെല്ലാം ഭാഗ്യം.



4 തിരുവചനം പേറുന്നവരായ്
സജ്ജമതാക്കി താനവരെ
ദാഹ—ത്താൽ പൂരിതരാക്കി—വിട്ടു നാടുകളിൽ
നാനാ ജാതികളിടയിൽപോയ്
ക്ലേശങ്ങരം നിരവധിയേററ്
സുവിശേഷം വിതറി ശ്ലീഹർ—റൂഹായിൻ ശക്ത്യാ.

5 ലൗകിക സമ്പാദ്യം തേടാ—
തുന്നതമാകും സൗഭാഗ്യം
തേടീടുണ്ടകളാകുന്ന—ശ്ലീഹന്മാരെല്ലാം
നിർഭയരായവർ ജീവിച്ചു
അനുനിമിഷം സാക്ഷ്യം നല്കി
അവസാ—നം രക്തം ചിന്തി—നാഥനായ്തന്നെ.

6 പീഡകരുടെ നേരേ കൈകരം
വാഴ്ത്തുന്നതിനായ് നീട്ടിയവർ
ഓതി: നാഥാ, പാപംനീ മാച്ചേണം കൃപയാൽ
നിൻ പേർക്കായ് ഞാൻ ജീവിച്ചു
നിന്നെ കാട്ടി ജനമധ്യേ
കൈക്കൊ—ള്ളണമെന്നെ കൃപയാൽ—നിൻമാറിൽ നാഥാ.

7 അറിവില്ലാത്തവരാം ജനത
ചെയ്യുന്നവ നീ ഓക്കരുതെ
കൃപയാൽ പാപം പോക്കേണം; കാരുണ്യം ചെയ്ക
നിൻവയലിൽ പണി ചെയ്യാനായ്
ദാസന്മാരെയയയ്ക്കുണമെ
ധരയിൽ നിന്നുയരട്ടൊരു പോൽ'നാഥാ, നീസ്തുത്യൻ'.

8 ദൈവത്തിൽ ഞാൻ ജീവിപ്പൂ
അവനത്രേ നമ്മുടെ പാത
അവനിൻ നമ്മുടെ സത്തയുടെ—യാഥാർത്ഥ്യം കാണാം
അവനിൽ നിന്നിവരുവായി
അവനിൽ നാമന്ത്യേ ചേരും
നമ്മെ പൊതിയുന്നു കൃപയാൽ—അവനെല്ലാപ്പോഴും.

www.malankaralibrary.com



9 അത്യുന്നത ദാതാവാകും
റൂഹായാമെൻ സകലേശാ,
വരണം മമ ഹൃദയത്തിൽ നീ –ദാനം ചിന്തീട്ടു.
നവമാം ഒരു ജന്മം നൽകൂ
പുതിയവനായ് തീർക്കണെ നീ
നിന്നിൽ വയ്ക്കുന്നെന്നെ ഞാൻ—കൈക്കൊൾകെൻ കാഴ്ച,

10 മേലുയരേ നിന്നാഗതനായ്
ശ്ലീഹന്മാരിലിരുന്നവനേ,
അവരെ പരിപാലിച്ചവനേ, റൂഹായാം നാഥാ,
വരണം നീ മമ ഹൃദയത്തിൽ
ഭരണം നിന്നിൽ നല്കുന്നു
വഴികാ—ട്ടീടേണം നാഥാ—നീയാണെൻ ദൈവം.

11 നന്മയ്ക്കുറവിടമാം നാഥാ,
പൂർണ്ണതമേവും പരമാത്മൻ
നീയാണെൻ പ്രിയനാം നാഥൻ; വരണം കൃപയാലെ.
നിന്നാലയമായ് തീർത്തെന്നെ
നിൻ ദാനങ്ങൾ വർഷിക്കൂ
നിന്നെ കാട്ടീടാൻ നാഥാ—തുണയേകൂ കൃപയാൽ,

12 ജ്വാലയിൽ നിന്നുള്ളൊരു ജ്വാല
താതൻ നല്കിയ വാഗ്ദാനം
സുതനിൽ നിന്നിവിടെത്തിയവൻ—ദാതാവാം നാഥാ,
വന്നാവസിക്കണമെന്നുള്ളിൽ
കറകൾ കഴുകണമേ കൃപയാൽ
ദാനം ചൊരിയണമെന്നുള്ളിൽ—ഞാൻനിൻദാസനഹോ.



## ഭാഗം 3

## കന്യകമറിയം — സഭ

### 196-45 ഉത്തമഗീതം

രീതി: 3

1 ശോഭയെഴുന്ന മണവാട്ടി
സ്വർഗ്ഗീയമതാം ഊറിശ്ലേം
മണവാളൻ മിശിഹായോടായ്
കൊഞ്ചും മൊഴികളുരയ്ക്കുന്നു:

2 വിവരിക്കുന്നു വിജ്ഞാനി
നൃപനാം ശ്ലേമോൻ ആ രംഗം
മണവറയിൽ പൂകിയ നൃപനും
മണവാട്ടിയുമാ മോദിപ്പൂ.

3 ''ചുംബനമേകൂ— മണവാളാ,
വീഞ്ഞിൽ ശ്രേഷ്ഠം നിൻ സ്നേഹം
നിൻ തൈലം സൗഗന്ധികവും
നിൻ നാമം ധര തിങ്ങിയതും.''

4 ''ഓടിയടുക്കുന്നു നൃപനേ,
തോഴികളെല്ലാം നിൻ സവിധേ
ജാതികൾ നിന്നെ സ്നേഹിക്കും
നിൻ മണവറയിൽ മോദിക്കും''.

5 മണവറയിൽ പൂകിയ നേരം
മോദിക്കുന്നു—മണവാട്ടി
ക്ലേശങ്ങൾ വിസ്മൃതമാകും
നാഴിക മോദകരം തന്നെ.

6 ആനന്ദിക്കുന്നു ജനത
ആർപ്പുവിളിക്കുന്നു തോഴർ
ഭുവനങ്ങളിലൊരുപോലെ
തിങ്ങുന്നു ബഹളം മോദം.

www.malankaralibrary.com



7 വാഗ്ദാനം പോൽ എത്തിയവൻ
അത്യുന്നതനാം മണവാളൻ
പതിവ്രതയായൊരു കന്യകയെ
പിതൃസവിധെയപ്പിക്കുന്നു.

8 മുടിചൂടുന്നു റൂഹ്ക്കുദ്ശാ
തഴുകുന്നവളെ പ്രിയ താതൻ
ചുംബിക്കുന്നു ദൈവസുതൻ
സഭയാനന്ദിച്ചീടുന്നു.

9 ശോഭയെഴുന്ന മണവാട്ടി
മുകളിൽ നിന്നാഗതമാകും
നാഴിക മോദകരം തന്നെ
വാഴും സ്തുതിയെന്യേ എന്നും.

10 എത്തും പ്രിയനാം ദൈവസുതൻ
വാഴും മനുജർ മധ്യത്തിൽ
ധരയിൽ പറുദീസാ എത്തും
പുതിയാകാശവുമാഗതമാം.[1]

## 197-46 കന്യക നമ്മുടെയും മാതാ

രീതി: 1

1 പുതിയൊരു പുലരിയിലെൻ പ്രിയരേ
പുതിയൊരു വസ്ത്രമുടുത്തിടുവിൻ
രക്ഷകനാം മിശിഹായെ നാം
ലോകത്തിൻ മുമ്പിൽ കാട്ടാം.

2 ദൈവസ്വഭാവം ഉയരേന്നും
മർത്യസ്വഭാവം മണ്ണിന്നും
രണ്ടും ചേർന്നൊരു സുതനായി
കന്യകയിൽ നിന്നാഗതനായ്.

3 കാലാരംഭത്തിനു മുമ്പേ
ജാതനവൻ താതനിൽനിന്നും
കാലാന്ത്യത്തിൽ യൂദായിൽ
കന്യകയിൽ നിന്നാഗതനായ്.

(1) ഉത്തമഗീതം, 1, 1–4



4 താതൻ വലഭാഗം വെടിയാ–
തടിയാരുടെ സവിധേ വന്നു
മുപ്പതു വർഷം യൂദായിൽ
മിശിഹാ നാഥൻ ജീവിച്ചു.

5 ദൈവത്വത്തിൻ പൂർണ്ണതയിൽ
നിന്നൊരു വ്യക്തി പിറന്നിവിടെ
മർത്യനുമീശനുമൊന്നിച്ച്
അവനിൽ സമ്മേളിച്ചല്ലോ.

6 കന്യകയിൽ നിന്നുരുവായ
മിശിഹാ ദൈവസുതൻ തന്നെ
അവനെ പ്രതിയാക്കന്യകയോ
നന്മ നിറഞ്ഞവളാകുന്നു.

7 മിശിഹായുടെ പ്രിയമാതാവാം
കന്യക നമ്മുടെയും മാതാ;
അനുദിനമവളർത്ഥിച്ചീടും
പിതൃസവിധേയടിയാർക്കായി.

8 മിശിഹാ ദൈവത്തിൻ സുതനാ–
ണതിനാലവളൊരു ഭാഗ്യവതി
ദൈവത്തിൻ പ്രിയ മാതാവെ–
ന്നവളെ നാം സ്തുതി പാടുന്നു.

9 മർത്യകുലത്തിൻ ഉത്തമനാം
മിശിഹായെ നല്കിയ മറിയാം
കാലാന്ത്യം വരെയെൻ പ്രിയരേ,
ശോഭ ധരിച്ചവളാകുന്നു.

## 198-47 കന്യകമറിയം

രീതി: 5

1 കേബാർ–നദിയുടെ തീരത്തിൽ–ഹസ്ക്കീയേൽ–കന്യക–
ദർശിച്ചു ചൊന്നുമോദാൽ തെളിവായി:
ഇസ്രാ–യേലിൻ രക്ഷകനാം–ദൈവം പൂ–കിയ വാതിൽ
പൂട്ടപ്പെട്ടവയാണെന്നെന്നും കേൾക്കിൻ.[1]

(1) ഹസ്കി, 44:1–3

www.malankaralibrary.com



2 ആമോ—സിൻ സുതനേശായാ—ചൊന്നു ക—ന്യക പെറു—
ന്നു ഒരു വത്സലനേ മടിയിൽ അമ്മനുവേൽ
മോദം—പകരുമൊരുദ്യാനം;—പാടാം ഗീ—തം കർത്തനു—
സംരക്ഷിച്ചീടുന്നതിനെ—എന്നേക്കും.2

3 അഗ്നി—ത്തേരിലെഴുന്നെള്ളും—വീധിയാളൻ—വലഭാഗേ
മേവുന്നൊരു തരുണി പരിപാ—വന കന്യ
സ്ലീബാ—കാണിക്കുന്നു സുത—ഓളുന്നു—കനിയണമെ
മാനവ തലമുറയിൽ സുതനേ,—വത്സലനേ.3

4 ഇസ്രാ—യേലിൻ കന്യകയേ,—നിത്യമതാം—സ്നേഹത്താൽ
നിന്നെ സ്നേഹിക്കുന്നീശൻ—നിൻ താതൻ
നിന്നെ—പണിയും ഞാനിപ്പോൾ കൃപചൊരിയും പൂർണ്ണത ഏക-
കം നീ ഭാഗ്യവതി തരുണീ—ജാതികളിൽ.

## 199–48 കറയില്ലാത്തൊരു കന്യകയെ

രീതി: 4

1 വിളവധികം നല്ലം വയലിൽ
പണിചെയ്യാനായ് പോയീടാൻ
മിശിഹാ വിളി ചെയ്തീടുന്നു—കരിശിൻമുകളീന്നും
കൊയ്ത്തുണ്ടധികം മമ വയലിൽ
നിരവധി വേലകളുണ്ടവിടെ
പോകാ—നായാരുണ്ടിവിടെ—പ്രിയരാം സോദരരേ?

2 ദാഹം തിങ്ങി നിറഞ്ഞ ധര
ദാഹ ജലത്തിന്നായ് കേഴു—
ന്നതു കാണ്കെൻ പ്രിയവത്സലരേ, ദാഹം തീർത്തീടു.
കരിശിൽ നിന്നുര ചെയ്ത സ്വരം:
''ദാഹം തിങ്ങുന്നെന്നുള്ളിൽ''
പ്രിയരേ, ദാഹം തീർത്തീടാൻ—അണയിൻ അണിയണിയായ്.

(2) ഏശായാ, 7:14; 27:3
(3) ഏശായാ, 66:15–16



3 ഭാരതഭൂമിയിലെൻ ദൂതിൻ
വാഹകരായ് തീർന്നീടാനായ്
വരുവിൻ വത്സലരേ, നിങ്ങൾ—സ്ലീബായും പേറി.
ഭൂലോകത്തിനു പ്രഭ നല്കും
ദൈവസുതൻ ഞാൻ കരിശിന്മേൽ
ജീവൻ ഹോമിച്ചെന്നെല്ലാ—രോടും ചൊല്ലീടുവിൻ.

4 സുവിശേഷത്തിനുറപ്പായി
ചിന്തി മമ രക്തം മലയിൽ,
ജീവൻ എൻ പേക്ഷിക്കാൻ—ധൈര്യം പ്രാപിപ്പിൻ.
സുവിശേഷത്തിൻ വാഹകരാം
ദൂതർ ജീവൻ ഹോമിച്ചു
സഭയിൻ മതിലുകളെ പണിതു—രക്തത്താൽ തന്നെ.

5 ആയിരമായിരമായ് ജനത
തമസ്സിൽ തിങ്ങി വസിക്കുന്നു
ദീപം നല്കിയവർക്കായി—കരിശിൻ മുകളീന്നും
ശാന്തി പരത്തും സന്ദേശം
സ്നേഹം വിതറും മമ ദൂത്
നല്കിൻ ഭാരത ഭൂമിക്കായ്—ഇരുളും മാറീടട്ടെ.

6 നിരനിരയായ് മുന്നേറീടാം
സ്ലീബായിൻ സന്ദേശവുമായ്
നാനാ ജാതികളിടയിൽ നാം വിതറാമീദൂത്.
വിശ്രമമില്ലാത്തൊരു ദൗത്യം
സ്നാനത്തിൽ നാം പ്രാപിച്ചു
പ്രിയരേ, അണയാമതിവേഗം—നാനാ ദിക്കുകളിൽ.

7 ജീവനെനിക്കായ് തന്നവനേ,
നിൻ പേക്കെൻ ജീവൻ നല്കും
കൈക്കൊള്ളണമേയെൻ കാഴ്ച—ഹാബേലിൻ ബലിപോൽ.
കരയുന്നവരുടെ കണ്ണീരിൻ
കടലിൽ നിന്നവരേ കേറാൻ
കൃപ തന്നീടേണം നാഥാ—നീയാണെൻ ദൈവം.

www.malankaralibrary.com



4 കാലാന്ത്യം വരെ നിൻ സാക്ഷ്യം
ലോകാതിർത്തികളിൽ നല്കാൻ
കൃപയുള്ളവനാമീശോയേ—കൃപ നല്കണമെന്നിൽ,
ദ്വീപുകളിൽ നിൻ സദ്വാർത്ത
ഘോഷിക്കും ഞാനതിമോദാൽ
പാടും നിൻ ഗീതം സതതം—ദൂതന്മാരൊപ്പം.

5 നാനാ ജാതികളെ ചേർത്തു—
പ്രിയനാം നാഥാ തവ സഭയിൽ
ചിറകിൻ കീഴിൽ ചേർക്കുന്നു—സഭയെല്ലാവരെയും.
കറയില്ലാത്തൊരു കന്യകയെ
പുണരുന്നവനാം മണവാളാ,
ചേർത്തു ദാതമക്കളെ നിൻ സഭയിൽ മോദമൊടെ.

## 200-49 പരിപാവന ദേവാലയമേ

രീതി: 7

1 അത്യുന്നതമിശിഹാ കർത്താ—
മനുജകുലത്തിൻ രക്ഷയ്ക്കായ്
ജഢമേ—റ്റൊരു വചനം ദൈവം
ജേതാക്കന്മാ—രുടെ ജേതാ—
വിജ്ഞാനത്തിൻ നായകനും—
ശിരസ്സും—നീയാണീശോയേ.

2 മിശിഹാരാജാവുടയവനേ,
സകലകാലങ്ങൾക്കധിപതിയേ,
ദേവാ,—കൃപചെയ്കടിയാരിൽ
ദുരിതത്താൽ ക്ലേ—ശിപ്പവരാം
അഗതികൾ ഞങ്ങൾക്കരുളേണം
കൃപയാം—പനിമഞ്ഞുയരേന്തും.



3 ശുഭ്രവെളിച്ചം മിശിഹാ താൻ
നിത്യപിതാതൻ കിരണവുമേ
പരിശുദ്ധാത്മാവിൻ ഗീതം
ആഗതനായ് സായാം കാലേ
അസ്തമനത്തിങ്കൽ അവനെ
വാഴ്ത്തു—ന്നടിയങ്ങൾ മോദാൽ.

4 ജീവൻ നല്കിയ ദൈവസുതാ,
നിൻ സ്തുതി പാടുക യോഗ്യമഹോ
നീതാൻ—ഉന്നതനാം രാജൻ
നിന്നെ വിശുദ്ധർ കീർത്തിപ്പൂ
നിൻ സ്തുതി ലോകം പാടുന്നു
സഭയും മോദമൊടാർക്കുന്നു.

5 കുരിശിന്മീതേ മിശിഹായെ
ദർശിച്ചതിനാൽ വിറപൂണ്ടു
ഭുവാ—നങ്ങൾ വാനഗണം
ഇരുളായ് മാറി ദിനകരനും
ദൂതഗണങ്ങൾ ദുഃഖിതരായ്
പാടി—"സ്തുതിതേ ബലവാനേ."

6 നന്മ നിറഞ്ഞവളേ, കന്യേ,
അഖില ചരാചരമഖിലാണ്ഡം
നിന്നാൽ—ആമോദിക്കുന്നു.
ദൂതന്മാരാം വാനഗണം
മോഹനജീവികൾ മാനവരും
നിന്നെ—നിതരാം വാഴ്ത്തുന്നു.

7 പരിപാവന ദേവാലയമേ,
ആദ്ധ്യാത്മിക പറുദീസായേ,
കന്യാ—ത്വത്തിൻ നിറകുടമേ,
നിന്നിൽ നിന്നുദയം ചെയ്തു.
ശിശുവായ് തീർന്നു ദൈവസുതൻ
സൃഷ്ടി—ക്കുദയം നല്കിയവൻ.

www.malankaralibrary.com



8 നീ സിംഹാസനമായ്തീർന്നു
വാനത്തേക്കാൾ വിസ്തൃതമായ്
കണ്ടു, മിശിഹാ നിന്നുദരം
നന്മ നിറഞ്ഞവളേ, മാതേ,
അഖില ചരാചരമഖിലാണ്ഡം
നിന്നാൽ—ആമോദിക്കുന്നു.

9 ഭുവനങ്ങളെ നിർമ്മിച്ച
മിശിഹാനാഥനെ വാഴ്ത്തുന്നു
മോദാൽ—അഖിലാണ്ഡം സർവ്വം.
സ്തുതിഗീതത്താൽ വാനഗണം;
വാഴ്ത്തുകയാലീ ഭൂമാതാ;
നിന്നെ—കന്യകയാൽ മർത്ത്യർ.

## 201-50 മിശിഹായുടെ പ്രിയ മാതാവേ

രീതി: 1

1 നന്മ നിറഞ്ഞവളാം കന്യേ,
മിശിഹായുടെ പ്രിയ മാതാവേ,
അഭയം തേടുന്നങ്ങിൽ ഞാൻ
നിൻ സുതരിൽ കൃപ തോന്നേണം.

2 പ്രാർത്ഥന കേൾക്കണം മാതാവേ,
പരിപാവനയാം ഭാഗ്യവതീ,
അഭയം തേടുന്നങ്ങിൽ ഞാൻ
നിൻ സുതരിൽ കൃപ തോന്നേണം.

3 ധരയിൽ വിരിഞ്ഞൊരു സുരസുമമേ,
ധരയിലിറങ്ങിയ പാലാഴീ,
നല്ലണമെ നവ സുരഫലമാം,
അമൃതം; ഞാൻ ജീവൻ നേടാൻ,

4 ജനനീ വരവിന്നായ് നോക്കി
കേഴും പറവ സമം ഞങ്ങൾ
കരുണ നിറഞ്ഞവളേ, നിന്നെ
നോക്കിപ്പാർക്കുന്നെപ്പോഴും.



5 അറിവില്ലാത്തവരാമിവർ തൻ
അപരാധങ്ങൾ മായ്ച്ചീടാൻ
അറിവിന്നുടയനൊടർത്ഥിക്ക
സരസ്വതിയേ, എൻ മാതാവേ.

## 202-51 നാവിൽ ഉത്തമസംഗീതം

രീതി: 4

1 മിശിഹാ മേലുയരേ പോയി
ഭവനം പിതൃസവിധേ പണിതു
കാകൻ തീണ്ടാത്തവളാകും—തരുണിക്കായ് നന്നായ്.
അവളെ പ്രതി അവനരുവായി
രക്തം കുരിശിന്മേൽ ചിന്തി
അവളെ ശോഭയെഴുന്ന മുടിചൂടി ബഹു കൃപയാൽ.

2 മരുഭൂമിയിലലയുന്നവളായ്
മിശിഹാ കണ്ടൊരു കന്യകയെ
കൃപയാൽ അവളെ വധുവാക്കി—ഭവനേ പാർപ്പിച്ചു.
വിരലിൽ മോതിരമവനേകി
ശിരസ്സിൽ മകുടം ചൂടിച്ചു
കാഞ്ചന വസ്ത്രാലംകൃതയായ്—തീർത്തു കന്യകയെ.

3 കാകൻ കൂടാതെപ്പോഴും
നൃപനാം മിശിഹായുടെ സവിധേ
അണയാം എൻ പ്രിയരേ, നിങ്ങൾ കരയേണ്ടൊരുനാളും.
കണ്ണീർ നീങ്ങുന്നൊരു സുദിനം
വേഗമണഞ്ഞിടുമീ ധരയിൽ
സ്വർഗ്ഗീയൂറിശിലേം അണയും വൻ നാളിൽത്തന്നെ.

4 ദൈവം ഭവനത്തിന്നധിപൻ
സ്നേഹം ഭവനത്തിൻ നിയമം
സ്വർഗ്ഗം നമ്മുടെ വൻ ഭവനം—പോകാമതിലേക്കായ്.
ധരയിൽ നാം വഴിയാത്രക്കാർ
കൂരിരുൾ തിങ്ങും താഴ്വരയിൽ
ദീപം—കാട്ടുന്നൊരു മർത്ത്യർ ആകണമെൻ പ്രിയരേ.

www.malankaralibrary.com



5 കൃപചൊരിയണമെ കർത്താവേ,
കൃപ നീ എന്മേൽ ചിന്തണമെ.
ദാനം നല്കണമെ, നാഥാ, നിൻ ഗീതം പാടാൻ
ദൂതർ പാടും ഭവനത്തിൽ
നിത്യം നിൻ ഗീതം പാടാൻ
കൃപയേകണമെ ജഗദീശാ—കരുണാസാഗരമേ.

6 വേദന നിറയുന്നീ ധരയിൽ
കരിശും പേറിക്കൊണ്ടെന്നും
നിൻ പി—ന്നാലെയണഞ്ഞീടാൻ കൃപയേകണമീശാ.
സ്നേഹം ചിന്തണമേയെന്നിൽ
പ്രാർത്ഥിപ്പാൻ കൃപ നല്കണമെ
പ്രാർത്ഥന കേൾക്കണമെ നാഥാ, കരുണാസാഗരമേ.

7 നീയെൻ ഹൃദയേ വാഴുന്നു
എന്നെ സംര—ക്ഷിക്കുന്നു
മതിൽ പോൽ എൻ ചുററും കൃപകൾ ചൊരിയുന്നെപ്പോഴും.
യാചനയെല്ലാം നല്കുന്നു
ശാന്തി പരത്തുന്നു ഹൃദയേ
നാവിൽ ഉത്തമ സംഗീതം—കൈയിൽ സ്ലീബായും.

## 203-52 നിന്നെ പ്രതിയാണെൻ ജീവൻ

രീതി: 3

1 പ്രിയരേ, അണയാം മണവറയിൽ
കന്യക തൻ കല്യാണത്തിൽ
ജീവൻ പകരും നരനൊത്തു്
മോദിക്കാൻ വിളി കേട്ടോർ നാം.

2 ധരയിലുദിക്കും മോദങ്ങൾ
സുമസമമാണെൻ സോദരരേ,
മിശിഹാ മേലുയരേ നല്കും
മണവറ നീലനില്ക്കുന്നെന്നും.



3 ആനന്ദം തിങ്ങും വദനം
പകരുന്നാനന്ദം ധരയിൽ
ആനന്ദം റൂഹാദാനം
നാകം പണിയുന്നു ധരയിൽ.

4 സഭ മിശിഹായെ പ്രാപിച്ചു
പൂർണ്ണത നേടി മേലുയരേ
തേനും പാലുമൊഴുകുന്ന
പറുദീസാ നേടി കന്യ.

5 ഉയരാഴങ്ങൾക്കുടയവനേ,
തീജ്ജ്വാലകൾ തൻ സ്രഷ്ടാവേ,
നൃപരുടെ നൃപനാം ദൈവത്തെ
വരനായ് നേടി സൗശീല്യ.

6 ശാന്തി നിറഞ്ഞ മനമെവിടെ?
കൃപ നിറയുന്നാത്മാവെവിടെ?
സ്നേഹം പകരുന്നവളെവിടെ?
അവളാണീ പ്രിയയാം കന്യ.

7 ആനന്ദത്താൽ മോദിക്കും
സൗന്ദര്യത്താൽ ശോഭിക്കും
സൗഭാഗ്യത്താൽ പാടീടും
കന്യകയെ തേടുന്നേൻ ഞാൻ.

8 കാലാന്ത്യത്തിൽ കഴലൂന്നും
ദൂതഗണങ്ങൾ മേലുയരേ
കന്യക ശോഭിതയായണയും
ശോഭനമാദിവസം നൂനം.

9 ശിരസ്സിൽ മകുടം മഹനീയം
കാഞ്ചനവസ്ത്രാലംകൃതയും;
അഗ്നി ധരിച്ചവരാം സൈന്യം
ഭയമൊട്ടുതാണു വണങ്ങീടും.

www.malankaralibrary.com



10 ഉയരാഴങ്ങൾ ഒരു ദിവസം
ഒരു സഭയായ് തീരും ദിവസം
മാനവർ വാനവർ കൈകോർത്ത്
ത്രിത്വത്തിൻ സ്തുതി പാടീടും.

11 "പരിശുദ്ധൻ നീ സ്രഷ്ടാവേ,
പരിശുദ്ധൻ നീ ബലവാനേ,
പരിശുദ്ധൻ നീ മൃതിഹീനാ,"
പാടും പാവന സൈന്യങ്ങൾ.

12 വദനം മനസ്സിൻ കണ്ണാടി
കന്യകയെത്ര ഭാഗ്യവതി
ആനന്ദം പകരുന്നവളോ
ശോഭിതയാണെല്ലായ്പ്പോഴും.

13 നരനായ് തീർന്ന ദൈവസുതൻ
വാഗ്ദാനം ചെയ്തു ഭാഗ്യം
ധരയിൽ നന്നായ് ജീവിക്കും
നരർ സൗഭാഗ്യം പ്രാപിക്കും.

14 മൃതനായ് മിശിഹാ എൻ പേർക്കായ്
പിതൃവലമായ് മേവുന്നിപ്പോൾ
ചോദിപ്പിൻ നല്കും നൂനം
സോദരരേ അണയാമിപ്പോൾ.

15 ഹൃദയം കഴുകാം വത്സലരേ,
കൃപകൾ നേടാൻ കേണീടാം
വായും നാവും ചിന്തകളും
നന്മ പ്രവർത്തിക്കാൻ വയ്ക്കാം.

16 ദീപമെടുക്കാം പകലേ നാം
ദീപത്തിൻ നീർ കരുതീടാം
ഉത്ഥാനത്തിൻ നാഴികയിൽ
വലഭാഗം നാം പ്രാപിക്കും.



17 കരുണ നിറഞ്ഞോരെൻ നാഥാ,
നീ കാണുന്നെൻ ഹൃദയത്തെ
തള്ളരുതെന്നെ പാതാളേ
നീയാണെൻ പ്രിയനാം നാഥൻ.

18 കഷ്ടതയാൽ ഞാൻ കേഴുന്നു
ശക്തി നശിച്ചോനീ ദാസൻ
ദുഷ്ടതയാലെൻ ദിവസങ്ങൾ
വ്യർത്ഥമതായ് പണി ചെയ്തോൻ ഞാൻ.

19 ഈ സുദിനത്തിൽ കർത്താവേ,
കൈക്കൊള്ളണമെന്നെ കൃപയാൽ
കൃപ ചൊരിയണമുയരേ നിന്നും
നിന്നെ പ്രതിയാണെൻ ജീവൻ.

20 പ്രാർത്ഥനയാകും ചിറകുകളിൽ
ഉപവാസത്തിൻ മുടിയോടേ
സോദരനെ സ്നേഹിച്ചീടാം
കർത്താവിൻ സവിധേയെത്താം.

21 തൻ സുവിശേഷം പേറുന്നോർ
പ്രാപിക്കും ദാനം ശ്രേഷ്ഠം
മാനവഹൃദയമതിന്നാഴം
ഒരു നാളും കണ്ടിട്ടില്ല.

22 കർത്താവേ, എൻ മണവാളാ,
മണവറ നൽകു എൻ പേർക്കായ്
നിത്യം നിൻ സ്തുതി പാടീടാൻ
മർത്ത്യർക്കേകു നിൻ ദാനം.[1]

..............................

(1) Cf. Ephrem, "Hymns Preserved in Armenian," in PO. 30; Hymn. 46.

www.malankaralibrary.com



## 204–53 പേറുന്ന ദീപം നയനേ

രീതി: 4

1 മലമുകളിൽ മേവീ മൂശ
ശോഭധരിച്ചയരേ നിന്നും
മുഖശോഭ ശോഭിപ്പിച്ചു—ഹൃദയത്തെ നന്നായ്
മുഖകമലം നല്കും ശോഭ
സൂര്യസമം കാട്ടീ വഴികൾ
കണ്ടു മൂശാനിബിസത്യം—ജീവന്നാധാരം.

2 വാനവദൂതന്മാരെല്ലാം
പേറുന്ന ദീപം നയനേ
തേടു—ന്നില്ലവർ ദീപങ്ങൾ—സത്യം ദർശിപ്പോർ
നയനേ നിന്നും ചിതറുന്ന
ദീപം പാതകൾ കാട്ടുന്നു
ദീപത്താൽ പൊതിയപ്പെട്ടോർ—ഈറേത്തന്മാർ.

3 സൂര്യൻ ചൂടിന്നാധാരം
സ്വയമേ കത്തിപ്പകരുന്നു
തേടുന്നില്ലവനൊരിടത്തും—ചൂടിന്നാധാരം
പുനരുത്ഥാനദിനം പ്രിയരേ,
മർത്യർ ശോഭ ധരിച്ചീടും
നയനം ശോഭ പരത്തീടും വെളിവിന്നവയവൻ.

4 കരുണ നിറഞ്ഞവനാം നാഥാ,
നിൻ മഹിമോദയ ദിവസത്തിൽ
ശോഭാവസനം നല്കേണം—ഞാൻ നിന്റേതല്ലോ.
ദാസ്യരതൻ കറകൾ നാഥാ
മാച്ചണമെന്നപരാധം നീ
തള്ളല്ലേയെന്നെ—കുഴിയിൽ—ഞാൻ നി—ന്റേതല്ലോ.

5 രോഗത്താൽ വലയുന്നേരം
ദേഹം വേദനയേല്ക്കുന്നു
കരയു—ന്നു നരനന്നേരം—ബഹുലം പാപത്താൽ
കരുണ നിറഞ്ഞവനാം നാഥാ
രോഗം നീക്കണമെ കൃപയാൽ
നൽകു—മുഖശോഭയെനിക്കായ്—ഞാൻ നിന്റേതല്ലോ.



6 പകലിൽ സൂര്യൻ ശോഭിച്ചു
നിശയിൽ ചന്ദ്രനുദിക്കുന്നു
വാനം താരഗണങ്ങൾ തൻ വാസഗൃഹമത്രേ.
ദിനരാത്രങ്ങൾക്കുടയവനേ,
നിന്നെനോക്കി വിളിക്കുന്നു
ദാസ—ർക്കാശ്വാസം നല്കു—രോഗം മാറ്റീടു.

7 ലോകത്തിനു പ്രഭ നല്കുന്ന
മിശിഹായെ സൂചിപ്പിക്കും
സൂര്യൻ ശോഭ പരത്തുന്നു—കാലാന്ത്യംവരെയും.
നന്ദി നിനക്കർപ്പിക്കുന്നേൻ
ദീപത്തിൻ നാഥാ ദേവാ,
ശോഭി—പ്പിക്കണമെന്നുള്ളം—തിമിരം മാറേണം.

## 205–54 ശ്മൂയേൽ

രീതി: 4

1 നിബിയാം ശ്മൂയേൽ ഒരു നാളിൽ
യൂദന്മാരോടുര ചെയ്തു
പ്രിയരേ,വരുവിൻ സവിധത്തിൽ—ഉപദേശം ചൊല്ലാം:
നിബിമൂശാ വഴി പ്രിയ ദൈവം
അടിമത്തം നീക്കീ ഒരുനാൾ
ഫറവോൻ മുങ്ങി ചെങ്കടലിൽ—മോദി—ച്ചിസ്രായേൽ.

2 കഷ്ടതയിൽ മേവിയ ജനത
കണ്ണീർ തൂകിക്കേണപ്പോൾ
ദൈവം കൃപയാൽ കൈനീട്ടി, രക്ഷിച്ചവരെ
മന്നാ നല്കീ മരുഭൂവിൽ
പാറ പിളർന്നവനേകി ജലം
തണലിന്നായ് മേഘത്തൂണും—നല്കീ ജനതയ്ക്കായ്.

Cf. St. Ephrem, De Ecclesia, 36.
Brock, S., in ECR. 7, 2 (1975), P. 137–139.

www.malankaralibrary.com



3 കടലിൽക്കൂടി നടന്നിസ്രേൽ
കല്പന പ്രാപിച്ചുമലയിൽ
ദൈവം തൻ ജനമായവരെ—തീർത്ത കാരുണ്യാൽ
സീനായ് മലയിൽ വച്ചൊരുനാൾ
മോതിരമേകീ തരുണിക്കായ്
അവളെ മാറ്റിൽ ചേർത്തുടയോൻ—ചാർത്തീ മൂടുപടം.

4 കുന്നും മരുഭൂവിൻ നടുവിൽ
പാലും തേനുമൊഴുക്കീട്ടും
പറുദീ—സാ നല്കീ നാഥൻ—പ്രിയയാം തരുണിക്കായ്
കോട്ടകളും പണിതു ചുററിലുമായ്
കാവലിനാളിനെ നിയമിച്ചു
ഉടയോൻ കരുണ ചൊരിഞ്ഞവരിൽ—പുഷ്ടിപ്പെട്ടിസ്രേൽ

5 വഴിവിട്ടകലരുതെൻ പ്രിയരേ,
കല്പന കാക്കണമെപ്പോഴും
കേൾക്കൂ—നിബിമാരുടെ വചനം—അവരെന്നെക്കാട്ടും
അവരോ വിട്ടു ഉടയവനേ,
തേടി മ്ലേച്ഛമതാം വഴികൾ
വീണു ദുഷ്ടജനത്തിന്റെ കൈയിൽ—ദൈവജനം.

6 അടിമയിലായ് ജനമിസ്രായേൽ
യൂദാ ബാബേലിൽ പോയി
ചിതറി ദൈവത്തിൻ ജനത—പുറജാതികൾ നടുവിൽ
മേലുയരേ നിന്നാഗതനാം
ദൈവസുതൻ മിശിഹാ നാഥൻ
രക്ഷി—ക്കുന്നവനാണെന്ന്—ചൊല്ലേണം ജനത.

7 കൃപ നിരസിച്ചു ദൈവജനം
ഇടറീ നൃപനാം മിശിഹായിൽ
ലോക—ത്തിൽ ചിതറിപ്പോയി—ഏററു വേദനകൾ
വിഗ്രഹ സേവിതയാം തരുണി
എത്തീ നാഥൻ സവിധത്തിൽ
പാദത്തിൽ വീണോതിയവൾ—കൈക്കൊൾകെൻനാഥാ.



8 മുന്തിരിയാകും ഇസ്രായേൽ
വെട്ടപ്പെട്ടു ഒരു നാളിൽ
പകരം ജാതികളുടെ ശാഖ—ഒട്ടിക്കപ്പെട്ടു
അനുതാപം പൂണ്ടെത്തുമ്പോൾ
രക്ഷിതയാകും ജനമിസ്രായേൽ
അന്നാൾവരെയും ബഹുലമതാം ദുഃഖം പേറുമവൾ.

9 ലോകം മുഴുവൻ ദൈവജനം
കാട്ടുന്നനന്തമാം സ്നേഹം
പാലി—ക്കുന്നു കല്പനകൾ—ഹൃദയത്തിൽനിന്നും
നൃപനേ, ദേവാ, കരുണാബ്ധേ,
ഭാരതഭൂമിയിലീ ദിവസം
ചൊരിയൂ—കൃപയുടെ പനിനീർനീ—ചേർക്കൂജനതതിയെ

## 206–55 ശോഭയെഴും രത്നം

രീതി: 8

1 പാവനകന്യേ,—ദൈവത്തിൻ മാതാ
കാലാന്ത്യത്തിലിതാ
നിന്നിൽ നിന്നും പാവനമായ്
തിരുവചനം നരനായ് തീർന്നു
ഉദരേ മേവീ നവമാസം
മൃതനായ് കുരിശിൽ മർത്യർക്കായ്
പഥിതർ തൻ ആദ്യഫലം മിശിഹാ.

2 പാവനകന്യേ,—മിശിഹായുടെ മാതാ,
നിന്നോടൊപ്പം ഞാൻ
ആരാധിക്കുന്നുടയവനെ
നിന്നിൽ നിന്നുരുവായ സുതൻ
സത്യമതാം തിരുവചനം താൻ
പിതൃവലഭാഗെയിരിക്കുന്നോൻ
പഥിതർ തൻ ആദ്യഫലം മിശിഹാ.

1) 1 ശാമു. 12

www.malankaralibrary.com



3 പാവനകന്യേ,—ആരാധിപ്പൂ നാം
ഉടയവനെയെന്നും
ദൈവത്തിൻ തിരുവചനത്തെ
നിന്നിലിറങ്ങി വസിച്ചവനെ
നിന്നിൽ നിന്നുരുവായവനെ
ത്രിത്വത്തിൽ രണ്ടാമാളാം
പഥിതർ തൻ ആദ്യഫലം മിശിഹാ.

4 പാവന കന്യേ,—ശോഭയെഴും രത്നം
കറതീണ്ടാത്തവളേ
നിൻസ്തുതി പാടുന്നടിയങ്ങൾ
സുതനൊത്തമരും പ്രിയമാതാ,
സഭയിൽ കൃപ വർഷിക്കാനായ്
ശാന്തി ജഗത്തിന്നു പകരാനായ്
പ്രാർത്ഥിക്കുക നിൻ പ്രിയ സുതനോടായ്.

## 207–56 സ്വർണ്ണാലയമേ

രീതി: 8

1 കാരുണ്യാംബേ,—കഴുകണമെന്നെ നീ
പൂർണ്ണത നല്കണമെ
ശാന്തിപകർന്നീടണമെന്നിൽ
നാവിൽ ഗീതം നല്കണമെ
ഹൃദയത്തിൽ നിൻവൻ സ്നേഹം
ജീവിത വഴിയിൽ സന്ദേശം
പറുദീസാ—പണിതീടാൻ നാഥാ.

2 ഓരോ ദിനവും—അത്യുത്ഭുതകരമായ്
എന്നെ സ്നേഹിക്കും
കരുണനിറഞ്ഞോ—രുന്നതനേ,
കാരുണ്യത്തിൻ വിളനിലമേ.
ശോഭയെഴും പറുദീസായേ,
മോദം തിങ്ങും സ്വർലോകം,
നിന്നിൽ ഞാൻ—വല്ലുന്നെൻ ഹൃദയം.



3 മേലുയരത്തിൽ—വാനവദൂതന്മാർ
പാടുന്നു നാഥാ
മോദമൊടേനിൻ ഗീതങ്ങൾ
ധരയിൽ പ്രിയരാം മാനവരും
ഭൂതലമെല്ലാമൊരുനാവിൽ
കീർത്തിക്കുന്നു നിൻ ശക്തി
നിന്നിൽ ഞാൻ—വല്ലുന്നെൻ ഹൃദയം.

4 മ്ശിഹാനാഥാ,—ദൈവത്തിൻ പുത്രാ,
ജീവന്നുറവിടമേ,
ദാനം നല്കും ദാതാവേ,
കന്യകമാതാവിൻ സുതനേ,
സഭയുടെ പ്രിയനാം മണവാളാ,
മകുടം നല്കും ജേതാവേ,
നിന്നിൻ ഞാൻ—വല്ലുന്നെൻ ഹൃദയം.

5 ശോഭയെഴുന്ന—മാണിക്യം മറിയാം,
ദൈവത്തിൻ മാതാ,
പകലോനാടയതായുള്ളോൾ,
മകുടമണിഞ്ഞൊരു കന്യകയേ,
കൃപകൾ നിറഞ്ഞൊരു നിറകുടമേ,
പൂർണ്ണതയേറും മാണിക്യം,
മാതാവേ, നീ താൻ ഭാഗ്യവതി.

6 പാവനകന്യേ,—മിശിഹായുടെ മാതേ,
ശോഭയെഴുന്നവളേ,
ദാനം നല്കുന്നോരുറവേ,
കന്യാത്വത്തിൻ നിറകുടമേ,
സ്തുതികൾക്കർഹയതാം കന്യേ,
കരുണനിറഞ്ഞവളാം മാതേ,
മറിയാമേ നീതാൻ ഭാഗ്യവതി.

www.malankaralibrary.com



7 പാ—വനമാതേ,—കന്യകമറിയാമേ
നിത്യം പിതൃമാർവിൽ
മരുവുന്നവനാം തിരുവചനം
കൃപനിറയും നിന്നിൽ നിന്നും
പരിപാവനറൂഹായാലേ
ധരയിലെഴുന്നെള്ളീ ഒരു നാം
മാനവരെ—ഉയരേററീടാനായ്.

8 സ്വർണ്ണാലയമേ,—ദാവീദിൻ കോട്ടേ,
കന്യകമാതാവേ,
വാഗ്ദാനത്തിൻ പേടകമേ,
നവരാജ്യത്തിൻ പടിവാതിൽ,
പുലരിയിൽ ശോഭിക്കും താരം,
രഹസ്യങ്ങൾ മരുവും കുസുമം,
മറിയാമേ—നീതാൻ ഭാഗ്യവതി.

9 പാ—വനകന്യേ,—ശോഭയെഴുന്നവളേ,
പുതിയൊരു പറുദീസാ,
മാലാഖകളുടെ പ്രിയരാജ്ഞി,
ദുഃഖിതരുടെ വൻ ആശ്വാസം,
പാപികളുടെ പ്രിയസങ്കേതം,
ക്രിസ്ത്യാനികളുടെയാശ്രയമേ,
മറിയാമേ നീതാൻ ഭാഗ്യവതി.

10 ലോകം മുഴുവൻ,—ജനകോടികളെല്ലാം
പാടുന്നൊരു ശബ്ദേ
കന്യകയേ, നിൻ ഗീതങ്ങൾ
നന്മ നിറഞ്ഞവളാം മറിയം
സ്വസ്തിനിനക്കിവരേകുന്നു
കർത്തൻ നിന്നോടുകൂടെന്നും
സ്ത്രീകളിൽ നീ—വാഴ്ത്തപ്പെട്ടവളാം.



11 പാവനകന്യേ,—നിബിമാരുടെ രാജ്ഞി,
മിശിഹായുടെ മാതേ,
ശാന്തിധരയ്ക്കേകുന്നവളേ,
ശ്ലീഹന്മാരുടെ മാതാവേ,
സഹദേന്മാരുടെ കൂട്ടാളി,
ആനന്ദത്തി—ന്നുറവിടമേ,
മറിയാമേ നീ—താൻ ഭാഗ്യവതി.

12 പാ—വനകന്യേ,—ഈ നിമിഷം ഞങ്ങൾ
ഓടിയടുക്കുന്നു
കൃപചൊരിയാനർത്ഥിക്കണമെ
യാചനകൾ നിരസിക്കരുതേ,
കുറവുകൾ തീർക്കാനർത്ഥിക്ക,
പൂർണ്ണത ഞങ്ങൾക്കേകേണം
വേദനകൾ—ദൂരെയകറേറണം.

13 ഭൂ—ലോകത്തിൻ—ശോഭയെഴും രാജ്ഞി,
കന്യകമറിയാമേ,
ശരണം വയ്ക്കുന്നിവർ നിന്നിൽ
കണ്ണീർക്കടലിന്നാഴത്തിൽ
ഉഴലുന്നവരാമിവരിൽ നീ
മേലുയരേ നിന്നൻപോടെ
നോക്കണമെ—കാരുണ്യം ചെയ്ക.

14 തൃക്കണ്ണുകളാൽ—നോക്കണമെന്നെ നീ
കന്യകമാതാവേ,
കരുണനിറഞ്ഞവളാം തരുണീ,
റൂഹായാം ഉന്നതദാനം
പൂർണ്ണതയേകീടുന്നതിനായ്
ദാസന്മാരിലിറങ്ങീടാൻ
പ്രാർത്ഥിക്കൂ—നിൻ പ്രിയതനയനൊടായ്.

www.malankaralibrary.com



15 കന്യകമാതേ,—ദയ തിങ്ങുന്നവളേ
നിൻ സവിധേയെത്തി
കരുണയിരന്നവരെയൊട്ടും
നിരസിക്കാത്തൊരു കരുണാംബേ,
ഓടിവരുന്നിവർ നിൻ പക്കൽ
ഒഴുകും മിഴിനീരോടു കൂടെ
മാതാവേ, പ്രാർത്ഥനകേൾക്കണമേ.

16 ഉന്നതരാജ്ഞീ,—പാപികളുടെ ശരണം,
ശോഭയെഴും രത്നം,
നിൻ സവിധേയണയുന്നടിയൻ
നിന്നെ ഞാൻ വന്ദിക്കുന്നു,
നിന്നെ ഞാൻ—സ്നേഹിക്കുന്നു,
പ്രാർത്ഥിക്കണമേയെൻ പേർക്കായ്
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ശരണം.

17 ചേർക്കണമെന്നെ—സുതരുടെ കൂട്ടത്തിൽ
കൃപനിറയുന്നവളേ
ദുഷ്ടനെയാട്ടിപ്പായിക്ക
ഉന്നതമാം സ്നേഹം നല്ല
അന്ത്യം വരെയുത്തമവഴികളും
ദൈവഹിതത്തിന്നൊത്തമൃതി
മാതാവേ—നല്കണമടിയാർക്കായ്.

# ഭാഗം 4

## അനുതാപം — രോഗം — മരണം

### 203–57 ആഴിയുടാഴത്തിൽ കാണും

രീതി: 3

1 പെരുവെള്ളത്തിൻ ആഴത്തിൽ
വീണോരിവനെ രക്ഷിക്ക
കരുണ നിറഞ്ഞവനാം താതാ
ചെളിയിൽ താഴുന്നെൻ പാദം.[1]

2 മുങ്ങിപ്പോയ് ഞാൻ വെള്ളത്തിൽ
ഓളങ്ങളും മൂ—ടിയെന്നെ
ഭീകരമാം ജീവികളെന്റെ
ജീവനെടുക്കാനെത്തുന്നു.

3 പാദമുറയ്ക്കാ—ത്തീച്ചെളിയിൽ
താഴുന്നു ഞാ—നന്നു നിമിഷം
ചുററിയടിക്കുന്നൊരു നീർച്ചാൽ
എന്നെയടിച്ചു തകർക്കുന്നു.

5 ക്ഷീണിതനായ് ഞാൻ ദുഃഖത്താൽ
കണ്ണും നീറുന്നൊരു മുറിവാൽ
നിന്നെക്കാത്തെൻ കണ്ണുകളെൻ
കർത്താവേ, മങ്ങിപ്പോയി.

5 ശിരസ്സിലെ മുടിയേ—ക്കാളേറും
എന്നെ വെറുക്കു—ന്നൊരു കൂട്ടം
കാരണമെന്യേയവരെന്റെ
ജീവനായ് വലയെ വീശി.

6 ചതിയും കളവും കൈമുതലായ്
ഒരു കൂട്ടമിതാ വളയുന്നു
കരുണക്കടലാം സകലേശാ
ചിതറിക്കുകവരെ നീ ദൂരെ.

(1) സങ്കീ. 69

www.malankaralibrary.com



7 ഒരു നാളും ഞാൻ മോഷ്ടിക്കാ—
ത്തവയെങ്ങനെ ഞാൻ നല്കീടും,
നാഥാ, നീ കാണുന്നെന്റെ
നിർമ്മലമാമീ പാദങ്ങളാം.

8 ഹൃദയേ ഉയരും ചിന്തകളെ
നന്നായറിയുന്നോൻ നാഥാ,
നീ കാണുന്നെൻ ചിന്തകളും
എൻ കൈകളുമെല്ലായ്പോഴും.

9 അത്യുന്നത ശക്തൻ ദൈവം
നീ കാണുന്നെ—ല്ലാം വെളിവായ്
നിന്നെ നോക്കിയിരിപ്പവരെ
ആനന്ദിപ്പിക്കാശ്ശേഷാൽ.

10 നിന്നെ തേടുന്നവരാരും
ഒരു നാളും ലജ്ജിക്കില്ല
ഇസ്രായേലിൻ രക്ഷകനേ,
ശക്തി ധരിപ്പിക്കെന്നെ നീ.

11 നിന്നിൽ ശരണപ്പെട്ടവതിനാൽ
അവരെന്നെ നി—ന്ദിക്കുന്നു.
നിന്ദനമെൻ ശിരസ്സിനെ മൂടി
ഞാനന്യനതായ് തീർന്നല്ലോ.

12 എൻ സോദരരെന്നെ—തള്ളി
''കർത്തൻ രക്ഷിക്കട്ടവനെ''
എന്നെന്നോടുര ചെയ്യുന്നോർ
നാഥാ നിരവധിയാകുന്നു.

13 തിരുഭവനത്തെ പ്രതിയെന്റെ
ഹൃദയം കത്തു—ന്നഗ്നിയതിൽ
നിന്നെ നിന്ദിപ്പവരെന്നെ
നിന്ദിക്കുന്നെല്ലായ്പോഴും.



14 നിന്നെ പ്രതി ഞാൻ അനുനിമിഷം
നിന്ദിതനാകു—ന്നെൻ നാഥാ
എൻ ചെയ്തികളെല്ലാം ദുഷ്ടർ
തിന്മയതായ് കരുതുന്നിപ്പോൾ.

15 കർത്താവേ നീ ശ്രദ്ധിക്കെൻ
യാചന കേൾക്കു കൃപയാലേ
നീ വരികില്ലേയെൻ സവിധേ
ആഴികളിടയിലകപ്പെട്ടേൻ.

16 കൃപയേ, വേഗം വന്നിടുക
ഉത്തരമരുളീടുക വേഗം
നിൻ സത്യം വേഗം വന്നെൻ
പാദത്തെ ചെളിയിന്നേററൂ.

17 കൂരിരുളാം തിങ്ങു—ന്നീയാഴി
കുഴിയിൽ നിന്നും കരയേററൂ
കരുണ നിറഞ്ഞവനാം നാഥാ,
നിൻ ഗീതം ഞാൻ പാടീടും.

18 ആഴിയുടാഴത്തിൽ കാണും
വിള്ളലുകളിലെൻ പ്രിയനാഥാ,
താഴാതെന്നെ കൈതന്ന്
രക്ഷിക്കണമെൻ കർത്താവേ.

19 ഉത്തരമരുളു ദയവാനേ,
നിൻ സ്നേഹം ഞാൻ ഘോഷിക്കും.
നിൻ ദയതിങ്ങും കരമെൻ പേർ—
ക്കിന്നു തിരിച്ചെന്നേകേററൂ.

20 തിരുമുഖമെന്നിൽ നിന്നും നീ
ഒരു നാളും മാററരുതീശോ,
വേദനയാൽ കേഴുന്നെന്റെ
സവിധേയണയണമിപ്പോൾ നീ.

www.malankaralibrary.com



21 ശീഘ്രം വരണം പ്രിയനാഥാ,
പാദം താഴ്—ന്നു ചെളിയിൽ
വേദനയാൽ കേഴുന്നെന്റെ
സവിധേയണയണമിപ്പോം നീ.

22 ഒരു മാതാവിൻ ഉദരം പോൽ
നിൻ സ്നേഹം പു—റുന്നെന്നെ
നിൻ അവകാശമതാമെന്മേൽ
നിൻ തൃക്കൈ ഞാൻ കാണുന്നു.

23 കണ്ണും കാതും കൂടാത്ത
മണ്ണല്ലെൻ ദൈ—വം പ്രിയരേ,
മണ്ണാമെൻ സ്വരമെപ്പോഴും
കേട്ടെന്നിൽ കൃപ ചെയ്തീടും.

24 വേദന നിറയു—ന്നെൻ ജീവൻ
നിന്നെ മാത്രം ധ്യാനിപ്പൂ
ചുററും നിറയും വാളുകളിൻ
വായീന്നെന്നെ കാക്കേണം.

25 ഭൂവാനങ്ങളും പാടട്ടെ
നൃപനാം മിശിഹായുടെ ഗീതം
കടലും കരയും ജീവികളും
നൃപനേ വാഴ്ത്തിപ്പാടട്ടെ.

26 അഗതിക്കാനന്ദം പകരും
ആനന്ദത്തിൻ തേനരുവി
വേഗം വന്നെൻ സവിധത്തിൽ
കൃപയുടെ അരുവിയൊഴുക്കേണം.

## 209—58 ആറാം പ്രുമിയോൻ

രീതി: 4

1 ശുദ്ധത തിങ്ങും യാഥാർത്ഥ്യം
അത്യുന്നതനാം ദൈവസുതാ,
ഉയരേ വാനവദൂതർ നിൻ ഗീതം—പാടുന്നു.



മാററം കൂടാതിവിടെത്തി
ഗോഗുൽത്തായിൽ ബലിയായി
രക്തം ചിന്തി മർത്യർക്കായ്—പരിഹാരം നല്കി.

2 ആചാര്യന്മാർ തിരുസഭയിൽ
വിഭജിക്കുന്നു തിരുമേനി
കുറയു—ന്നില്ലൊരുനാളും നിൻ—മഹനീയം മേനി;
സ്വർഗ്ഗീയർ സ്തുതി പാടുന്നു
മോദിക്കുന്നു മർത്യഗണം
വാനം മഞ്ഞുപൊഴിക്കുന്നു—ധരയാ—ർത്തീടുന്നു.

3 വിജ്ഞാനത്തിന്നുറവിടമേ,
പൂർണ്ണത നല്കുന്നൊരു ദേവാ,
എല്ലാം വെളിവായ് കാണുന്നോൻ—നാഥാ, നീ സ്തുത്യൻ
ഹൃദയേ ഉയരും ചിന്തകളെ
ശുക്കുന്നവനാം മഹനീയാ,
നിന്നിൽ വാഴുന്നടിയാരെ—പൊതിയൂ നിൻ കരുണ.

4 അനുതാപം കാംക്ഷിപ്പവനേ,
കാഴ്ചകൾ കൈക്കൊള്ളുന്നവനേ
കൈക്കൊള്ളണമെൻ കാഴ്ചകളെ—തള്ളല്ലേയെന്നെ.
ജീവൻ നല്കും നിൻ മേനി
യോഗ്യതയോടുൾക്കൊണ്ടിടുവാൻ
പാപം നീക്കേണം കൃപയാൽ—ദാനം നല്കേണം.

5 നിന്നെക്കാണാൻ എൻ നാഥാ,
ആത്മീയനയനം നല്കണമേ
നിന്നെ മാത്രം ഞാനോക്കാൻ—വരമേകണമീശാ
നയനത്തിനു മുമ്പിൽ നാഥാ,
നീ മാത്രം വരണം കൃപയാൽ
നിൻ രൂപം ഞാനെപ്പോഴും—കാണാൻ വരമേകൂ.

www.malankaralibrary.com



6 മേല്യരേ നിന്നും റൂഹാ
ഈ ബലിവേദിയിലാഗതമാം
സമയം ഭീതികരം തന്നെ—ഭക്ത്യാ നില്ക്കൊള്ളാം
ധരയിൽ നിന്നീ സമയം ഞാൻ
ആത്മാവിൽ മേല്യരത്തിൽ
കയറാൻ വരമിന്നേകണമെ—പരിപാവന നാഥാ.

7 കാഴ്ചകം മിശിഹായുടെ ഉഡവും
രക്തവുമായി തീരുമ്പോൾ
എൻ ജീവൻ നിന്റേതിൽ നീ—ചേർത്തീടണമീശാ
ആത്മശരീരങ്ങളിലുള്ള
മാലിന്യം നീക്കീടണമെ
കൈത—ന്നെൻ ബലഹീനതകൾ—നീക്കേണം നാഥാ.

8 ധരയിൽ കൃപ വർഷിപ്പാനും
മൃതരാമോദിച്ചീടാനും
സ്വർലോ—കത്തിൽ വളരാനും—ബലിയർപ്പിക്കുന്നേൻ
ഹൃദയേ ശാശ്വത പകരണമേ
നിൻ സ്ലീബായെ വന്ദിപ്പാൻ
നരരെ യോഗ്യരതാക്കണമെ—സ്തുതിയങ്ങേക്കെന്നും.

## 210-59 എത്രോ

രീതി: 5

1 സ്നേഹത്തികവാകും നാഥാ,—ഓ വാത്സ—ദയവാനേ,
കൈക്കൊള്ളുകീധൂപം, കൃപ ചെയ്—സഭയിൽ നീ.
ഹൃദയം—കാണുന്നവനേ, നിൻ—സവിധത്തിൽ—വയ്ക്കുന്നു—
അടിയാരെ നാഥാ, ബലിയിൽ—ചേർക്കണമെ.

2 പാപം ചെയ്തവരാം ദാസർ—കരയുന്നു—കരുണാബ്ധേ,
പകരണമെ ശക്തി കൃപകൾ—ചൊരിയണമെ.
ബലിയ—ർപ്പിക്കാനടിയാർക്കായ്—ശാന്തി തരു—ദയവാനേ,
കൈക്കൊള്ളുകീ കാഴ്ച ഹാബേ—ലിൻ ബലിപോൽ.



3 റൂഹാ—യാം ദാനം നാഥാ,—ഉയരേനും—ചൊരിയേണം—
പാവനമാകട്ടെ നാഥൻ—ഈ ബലിയെ.
ബലിയർപ്പിക്കും കാർമ്മികനും—നിൻ ജനവും—ഒരുപോലെ
പാവനരാകട്ടെ നാഥാ—റൂഹായാൽ.

4 ഉയരേനും പ്രിയരാം ജനമേ,—പരിഹാരം മോചനവും
ഉടയോൻ നല്കുന്നു ധരയിൽ—സ്തുതി പാടാം.
ഇരുലോ—കങ്ങളിലും താതൻ—വൻ കൃപയാൽ—കടമെല്ലാം
നീക്കുന്നവനാകുന്നെന്നും—വാഴ്ത്തവനെ.

## 211-60 എൻ ഹൃദയം കബറിൽനിന്നും

രീതി: 1

1 നന്മ നിറഞ്ഞവനാം നാഥാ,
വർഷിക്കുക ധരയിൽ പനിനീർ
കഴുകി വെടിപ്പാക്കിയ ഹൃദയം
അർപ്പിക്കുന്നടിയാരിപ്പോൾ

2 വീണു തകർന്നൊരു മർത്ത്യനെ നീ
താങ്ങണമെ നിൻ തൃക്കൈയാൽ
നിന്നെ തേടാത്തവരെന്റെ
ജീവനെടുക്കാനെത്തുന്നു.

3 ദുഷ്ടത തിങ്ങി നിറഞ്ഞ നരൻ
വാഴുന്നു ഭയമെന്യേയിതാ,
ഗർവ്വം ആടയതായ് ചുറ്റി
അഗതിയെ മർദ്ദിച്ചീടുന്നു.

4 ധരയിൽ നിറയെ തിന്മ വിത—
ച്ചലറി നടപ്പു ദുഷ്ടനവൻ
ഉന്നതനൊന്നും കാണില്ലെ—
ന്നോതുന്നവനെല്ലാരോടും.

(1) സങ്കീ. 73

www.malankaralibrary.com



5 അവനൊരു കറവും കാണുന്നി—
ല്ലീ ധരയിൽ; പ്രിയനാം ദേവാ,
നിന്നെ വിളിക്കുന്നവർ പക്കൽ
തിരുമുഖമിങ്ങു തിരിക്കേണം.

6 നിന്നെ വിളിക്കുന്നവനാം ഞാൻ
പാനം ചെയ്യുന്നു മിഴിനീർ
വേദനയാൽ ഞാൻ കേഴുന്നു
രാപകൽ ഭേദം കൂടാതെ.

7 നിന്നിൽ ജീവൻ ദർശിപ്പൂ
നീയാണെൻ കാലിൻ ദീപം
എന്നെ ശോഭ ധരിപ്പിപ്പോൻ
നിന്നിൽ വസ്സുന്നെൻ ജീവൻ.

8 മണലിൽ ഭവനം പണിയുന്നോർ
കേഴും വൻമഴവെള്ളത്തിൽ
ദുഷ്ടർ ധരയിൽ വീഴുമ്പോഴും
നിന്നിൽ ഞാനാമോദിക്കും.

9 അവരുടെ ശോഭ നശിക്കുന്നു
സായാഹ്നേയവർ മായുന്നു
നിന്നിൽ ജീവിക്കുന്നവരോ
പുലരിയിൽ വലഭാഗേയെത്തും.

10 ഭീകര സ്വപ്നം പോലെയവർ
ധരയിൽ ഭീതി പരത്തുന്നു
ദിനകരനാം തവ തിരുരശ്മി
അവരെ നീക്കുന്നു പാടേ.

11 ഞാനെന്നും നിന്നോടുകൂടെ
നീയെന്നും എന്നോടുകൂടെ;
എൻ ഹൃദയം നിൻ ഹൃദയത്തിൽ;
ചുററണമെന്നെ നിൻ കൈകളാം.



12 ധരയിൽ പട്ടു വിരിച്ചു നൃപൻ
കുസുമം വിതറുന്നീലോകേ
ഉയരേ വാനഗണങ്ങളെയും
ധരയിൽ മാനവരാശികളും.

13 തവ ഹൃദയത്തിൽ നിറയുന്ന
സ്നേഹം വിതറണമെൻ ഹൃദയേ
അതിനാൽ ലോകം മുഴുവനെയും
സ്നേഹിച്ചീടും ഞാനെന്നും.

14 നീയൊരുനാൾ ഹതനായ് മലയിൽ
ഞാൻ ഹതനാകും നിൻപേർക്കായ്
എൻ ഹൃദയം നീ കൈക്കൊൾക
ധരയിൽ പനിനീർ വീഴ്ത്തേണം.

15 നിൻ വചനം പോലെൻ വഴികൾ
സജ്ജമതാക്കണമെൻ നാഥാ,
ഒരു നാളും ഞാനതു വെടിയാ—
നിൻ ഹിതമെന്നിൽ നിവർത്തിക്ക.

16 നിന്നെക്കൂടാതൊരു വാസം
ഒരുനാളും ഞാൻ തേടില്ല
നിന്നെക്കൂടാതീ ധരയിൽ
ഒരു നിമിഷം ഞാൻ മേവില്ല.

17 അനുനിമിഷം നിന്നെക്കൂപ്പു—
ന്നൊരു ഹൃദയം ഞാൻ സൂക്ഷിപ്പൂ;
മൃതിയാൽ കബറിലടഞ്ഞാലും
അതു നിൻ ഗീതം പാടീടും.

18 മേനിതളർന്നു പൊടിഞ്ഞാലും
ശക്തി തകർന്നു നശിച്ചാലും
എൻ ഹൃദയം കബറിൽനിന്നും
പാടും നാഥാ, നിൻഗീതം.

www.malankaralibrary.com



19 നീയാണെൻ ദൈവം നാഥാ,
നിന്നെ കാത്തിടുമെപ്പോഴും
നിൻ കൃപയെന്മേൽ വർഷിക്ക
ജീവനെനിക്കായ് നല്കീടു.

20 നിന്നിൽ ഞാനഭയം തേടി
നിൻ തണലിൽ ഞാൻ മരുവീടും
കൈകൾ വച്ചുൻ ശിരസ്സിന്മേൽ
ഞാനവ ചുംബിക്കട്ടെന്നും.

## 12-6 ഏവൻഗേലിയോന ശേഷം

രീതി: 8

(സാധാരണ ദിവസത്തേക്ക്)

1 ഈ നാഴികയിൽ—മിശിഹാ രാജാവേ,
ഓർക്കന്നടിയങ്ങൾ
നിബിമാരാമെല്ലാവരെയും
ശ്ലീഹരെയും സഹദേന്മാരേം.
ശുദ്ധരെയും മൗദ്യാനരെയും
ശോഭയെഴും രത്നത്തെയും
അവർ വഴിയായ്—കൃപ ചൊരിയൂ ധരയിൽ

2 അത്യുന്നതനേ,—മേലാകാശത്തിൽ
പാടുന്നു ദൂതർ
ത്രിയേകൻ നീ പരിശുദ്ധൻ
പരിശുദ്ധൻ നീ പരിശുദ്ധൻ
ധരയിൽ തിരുസഭയാർക്കുന്നു,
ത്രിയേകൻ നീ പരിശുദ്ധൻ
കൃപ ചൊരിയൂ—ധരയിൽ കരുണാബ്ധേ.



3 മ്ശീ—ഹാ രാജാ,—വിജ്ഞാനത്തികവേ,
വാഴ്ത്തുന്നീ നിമിഷം
തിരുസഭയൊരു നാവിൽ നന്നായ്
നിൻവചനത്തെ പ്രതി നിന്നെ;
നിന്നെയയച്ചൊരു താതനെയും;
ജീവിപ്പിക്കും നാഥനെയും;
കൃപചൊരിയൂ—ധരയിൽ കരുണാബ്ധേ

4 (ക്കുദോശീത്തോ ഞായറാഴ്ചക്ക്)
മൂശാ നിബിയെ—എരിയും ജ്വാലയിൽ നി—
ന്നരികെ വിളിച്ചവനെ
നേതാവാക്കി തീർത്തുടയോൻ
കല്പന നല്കിയവൻ കയ്യിൽ
ആചാര്യത്വമവന്നേകി
കൂടാരത്തിൻ സംരക്ഷ
അവനിൽ നീ—മേവീ കരുണാബ്ധേ.

5 (കൂദോസ് ഈത്തോ ഞായർ)
പാവനമാകും—ബലിവേദിയിൽ മേവും
ആചാര്യന്മാരേ,
ജ്വാലയതിൻ ശുശ്രൂഷകരേ,
കൈകൾ കഴുകി വെടിപ്പാക്കിൻ
ഹൃദയം പരിപാവനമാക്കിൻ
റൂഹായാം കൃപ പ്രാപിപ്പിൻ
പ്രാർത്ഥിപ്പിൻ—ഈയടിയാർക്കായി.

6 ആചാര്യന്മാർ—സേവനമർപ്പിക്കും
ഈ വൻ ബലിവേദി
പരിപാവനമാണെൻ പ്രിയരേ,
ജ്വാല വസിക്കുമിരിപ്പിടമാം.
ഈ ബലിയുന്നതമാം ജ്വാല
ജ്വാലകൾ ചുററുന്ന ബലിയെ
എരിയായ്‌വാൻ—സൂക്ഷിക്കിൻ നിങ്ങൾ.

www.malankaralibrary.com


7 (സ്ലീബായോടുള്ള അറിയിപ്പിന്റെ ഞായർ)
പാ—വനമാകം—ബലി വേദിയിലേറി
സ്കറിയാ—യർപ്പിച്ചു
ഉന്നതമാകം സൗരഭ്യം
നാഥനതിൽ സംപ്രീതനമായ്
നിൻദാസനെയോർത്തീ നിമിഷം
ഞങ്ങളണയ്ക്കും യാചനകൾ
പരിമളമായ്—കൈക്കൊൾകെൻ നാഥാ,

8 (ദനഹായും ദനഹാക്കാലത്തിനും)
സ്നാനം നല്കാൻ—എത്തീ യൂഹാനോൻ
ദൈവസുതൻ മിശിഹാ
സ്നാനം പ്രാപി—ച്ചവനിന്നും
നീരിനെ വാഴ്ത്തീ തൻ സ്നാനാൽ
ഭുവാനം വന്ദിച്ചവനെ
എത്തീ റൂഹാ മേലിന്നും
പ്രിയതാതൻ സാക്ഷ്യവുമേകിയിതാ.

9 (കന്യകമറിയാമിന്റെ ഓർമ്മദിവസങ്ങളിൽ)
മേലുയരത്തിൽ—കന്യകയാം മറിയാം
സുതനോടോതുന്നു
തിരുസ്ലീബാ കാണ്മൂ മകനേ,
നിൻ ദേഹത്തിൻ മുറിവുകളും
കുരിശിൽ നിന്നൊ—ഴുകിയ നിണവും;
കൃപചൊരിയണമീധരയിൽ നീ
എൻഗോത്രം വേദനയേല്ക്കുന്നു.

10 ആപത്തുകളിൽ—ശക്തി പകർന്നവളേ,
കന്യകമറിയാമേ,
പ്രാർത്ഥിക്കണമെ അടിയാർക്കായ്
ദുഷ്ടൻ ദൂരെയകന്നീടാൻ
റൂഹായാം കൃപ പ്രാപിപ്പാൻ
ധരയിൽ ശാന്തി പരന്നീടാൻ
ഹൃദയത്തിൽ—സ്നേഹം വർദ്ധിക്കാൻ.



11 കന്യകമറിയാം—ദേവാലയമതിനകം
കാഴ്ചകളർപ്പിച്ചു.
നിബിയാം ശെമവോൻ തൃക്കയ്യിൽ
ഏന്തി ശിശുവാം ഈശോയെ
വാഴ്ത്തീ ഉന്നതനാം നൃപനെ
കണ്ടേൻ ഇസ്രേലിൻ രക്ഷ
ഇനിയും നീ കൈക്കൊള്ളണമെന്നെ,

12 (ആനീദേ ഞായർ)
ക്ലേശിതരാകും—മൃതരോർത്തന്നൊരുപോൽ
ആചാര്യന്മാരേ
കാഴ്ചകളർപ്പിക്കടിയാർക്കായ്
മിശിഹായുടെ ബലിയർപ്പിക്കിൻ
ബലികളിലോർപ്പിൻ മൃതരിവരെ.
മിശിഹാമൃതരെ കൈക്കൊള്ളാൻ
മോഹനമാം പറുദീസാ നല്കാൻ.

13 (വലിയ നോമ്പിലെ ഞായറാഴ്ചകളിൽ)
"ആയുധമായി—നോമ്പിനെയേന്തിടുവിൻ"
ചൊല്ലുന്നു നിബിമാർ.
ശോഭിച്ചതിനാൽ നിബിമൂശ
നാഥൻ ശത്രുവിനെവെന്നു
ഉയരേ കേറീ ഏലിയാ
സഹദേർ ശ്രേഷ്ഠത പ്രാപിച്ചു.
അവരെപ്പോ—ലധ്യാനിച്ചീടാം.

14 (ദുഃഖശനിയാഴ്ചയ്ക്ക്)
ക്രൂശിൽ നിന്നും—കല്ലറയിൽ മേവി
മിശിഹായുടെ മേനി
ജീവൻ മൃതരോടോതിയവൻ
അവരെ ജീവിപ്പിച്ചന്നാരം
നരരെ പറുദീസയിലാക്കാൻ
മൂന്നാം നാളുത്ഥിതനായി;
പാടുന്നൂ—സഭ തൻഗീതങ്ങൾ.

www.malankaralibrary.com



15 (ഉയിര്‍പ്പ് ഞായറാഴ്ചയും ഉയിര്‍പ്പുകാലത്തിനും)
മൃത്യുവില്‍ നിന്നും—ഉത്ഥിതനായ് മിശിഹാ
ജേതാവായ് തീര്‍ന്നു;
ശ്ലീഹര്‍ക്കേകി തന്‍ശാന്തി
മോദത്തിന്‍ മണവാനല്കി
വാഴും ഞാന്‍ സഭയില്‍ പ്രിയരേ,
ധരയില്‍ വിതറിന്‍ മമ ശാന്തി
അവരെല്ലാം—മോദിച്ചന്നാളില്‍.

16 ഞായര്‍ ദിവസം—ശ്രേഷ്ഠകരം ദിവസം
മിശിഹായുത്ഥിതനായ്;
ഭുവാനം മോദിക്കുന്നു
ബലിവേദിയിതാ കീര്‍ത്തിതവും
സുവിശേഷം വിതറുന്നതിനായ്
റൂഹാമേലിന്നെത്തുന്നു;
നരരെല്ലാം മോദിക്കും ദിവസം

17 (പെന്തിക്കൊസ്തിക്കും പെന്തിക്കൊസ്തിക്കാലത്തിനും)
പെന്തിക്കൊസ്തി—പെരുനാളില്‍ ശ്ലീഹര്‍
മേവിയ ഭവനത്തില്‍
ആഗതനായ് റൂഹാ നാഥന്‍
തീനാവുകള്‍ പോലവര്‍ മേലായ്
പ്രാപിച്ചവരുന്നതശക്തി
ലോകേ സുവിശേഷം വിതറാന്‍
സ്നേഹത്തിന്‍—വാഹകരായ് തന്നെ.

18 (സ്ലീബാക്കാലത്തിലെ അവസാന ഞായറിന്)
കാലാന്ത്യത്തില്‍—ജേതാവായ് മിശിഹാ
സ്ലീബായും പേറി
മേലുയരെ യാഗതനാകും
നരരെല്ലാം എത്തും സവിധേ
മൃതരെഴുന്നേല്ക്കും പൊടിയില്‍നിന്നും
നല്ലവരാനന്ദിച്ചീടും
ദുഷ്ടന്മാര്‍—അഗ്നിയില്‍ വെന്തീടും.



## 213-62 ഒരുവന്‍ മൃതനായെന്‍പേര്‍ക്കായ്

രീതി: 8

1 ദാനം ചെയ്യാന്‍ കൈ നീട്ടൂ
ദാനം പോക്കു—ന്നു പാപം.
ദാതാവൊരുനാള്‍ നിന്‍ കൈകള്‍
ദാനം കൊണ്ടു നിറച്ചീടും.

2 പാപത്തെ സ്നേ—ഹിപ്പവരേ,
പാപമുപേക്ഷി—ക്കണമിപ്പോള്‍
പാപിക്കായ് നാഥന്‍ മൃതനായ്
അവനരികേ അണയാം വേഗം.

3 പാപംനല്കും മൃതിവേഗം
വേദനയരുളും പ്രതിഫലമായ്
രോഗങ്ങളില്‍ മുക്കുന്നൊരുവന്‍
ഭീകര യാഥാര്‍ത്ഥ്യം പാപം.

4 സര്‍പ്പമിരിക്കും—മാളത്തില്‍
വാസമുറപ്പി—പ്പവനാരോ?
അതിലും ഭീകരമെന്‍ പ്രിയരേ,
പാപത്തിന്‍ പങ്കാ—ളിത്തം.

5 ഭീകര വിഷമീ മരുഭൂവില്‍
ദേഹം മൃതമാ—ക്കീടുന്നു
അതിലും വിഷമേറും പ്രിയരേ,
പാപത്തിന്‍ പങ്കാളിത്തം.

6 രക്ഷയെനിക്കായ് നേടിയ നിന്‍
സ്ലീബാ ഞാന്‍ വ—ന്ദിക്കുന്നു
അതിനെ വന്ദിക്കാനെല്ലാ
ജനതകളേയുമൊരുക്കീടാം.

7 കുരിശിന്‍ മുകളില്‍ നിന്നടയോന്‍
ദാഹജലം ചോ—ദിച്ചൊരുനാള്‍
ദാഹജലം നല്കാം പ്രിയരേ,
താതനെയെല്ലാര്‍ക്കും കാട്ടാം.

www.malankaralibrary.com



8 മുന്നാണികളിൽ സ്ലീബായിൽ
തൂങ്ങിയ നാഥൻ ദൈവമഹോ
അത്യുന്നതനാം ദൈവസുതൻ
എന്നെപ്രതി മൃതനായ് തീർന്നു.

9 മിശിഹാ മാത്രം തിരുമേനി
ബലിയായർപ്പിച്ചു—കുരിശിൽ
വേറൊരുവനുമെൻപേർക്കായി
മൃതനായില്ലതു ഞാനോർക്കും.

10 വേറൊരുവനുമെ—ന്നെ പ്രതിയായ്
വേദനയേററി—ല്ലെൻ പ്രിയരേ,
ഒരുവൻ മൃതനായ് എൻപേർക്കായ്
അവനെ ഞാനാരാ—ധിക്കും.

11 സ്ലീബായിൽ ഞാ—നെന്നഭയം
വയ്ക്കുന്നെല്ലാ—നാഴികയും
അതു സംരക്ഷിക്കുന്നെന്നെ
ദുഷ്ടനിൽനിന്നും കാക്കുന്നു.

12 വിജ്ഞാനം തേ—ടുന്നവനെ
ഉത്തമനായ് നാം കരുതേണം.
ദാതാവതു മേല്യയരേന്നും
ദാസന്മാർക്കായ് നല്കുന്നു.

## 214–63 കർത്താവെല്ലാ മർത്ത്യരിലും

രീതി: 3

1 കർത്താവത്യു—ന്നത മലയിൽ
വാസം ചെയ്തീ—ടുന്നവനാം;
അവനുന്നതമാം സ്വർഗ്ഗ നി—
ന്നഖിലരെയും തൃക്കൺ—പാ—ർക്കും.

2 കർത്താവെല്ലാ—മർത്ത്യരിലും
വാസം ചെയ്തീടുന്നവനാം
അവനെല്ലാവരെയും നേരിൻ
പാതയിലൂടെ നയിക്കുന്നു.



3 ദുഷ്ടൻ നിശയിൽ യോജിച്ചു
വില്ലുകുലയ്ക്കുന്നെയ്യാനായ്
നീതി നിറഞ്ഞൊരു മർത്ത്യന്റെ
ഹൃദയത്തിൽ ചൊരിയുന്നസ്ത്രം.

4 കർത്താവെല്ലാ ദുഷ്ടതയും
പാടേ നീക്കിക്കളയുന്നു
ദുഷ്ടന്മാർ മേലൊരു നാളിൽ
കല്ലും കനലുകളും വീണീടും.

5 സോദരനെതിരായ് ചിന്തകളാൽ
അന്തമിതമൂടയോനേയടിയൻ
അന്യകളുന്നയിച്ചെയ്തവനാ—
ണെൻ പിഴ കൃപയാൽ പോക്കേണം.

6 സോദരനെതിരായ് വാക്കുകളാൽ
വില്ലുകുലച്ചു ദുഷ്ടനഹം
കരുണ നിറഞ്ഞവനാം നാഥാ,
കൃപയാലെൻ പിഴപോക്കേണം.

7 സോദരനെതിരായ് കർമ്മത്താൽ
കഴികം കുഴിച്ചു പാപിയിവൻ
കരുണക്കടലിൻ കനിവേ, നീ
കുഴിയിൽ നിന്നന്നെ കേററു.

## 215–64 കുർബാനയ്ക്കുശേഷം

രീതി: 8

1 ഞങ്ങളണച്ചു—ഈ ബലിയിൽ നാഥാ,
മിശിഹാ രാജാവേ,
സംപ്രീതനതായ് തീരണമെ;
മാതാവിനു പാവനസ്മരണ
മോദം പരിശുദ്ധർക്കെല്ലാം
ആശ്വാസം മൃതരായോർക്കും;
കാരുണ്യം—ധരയിൽ വസിപ്പോർക്കും.

www.malankaralibrary.com



2 മ്ശീഹാ—രാജാ,—സ്വർഗ്ഗീയം ഭോജ്യം
നിൻ വാക്കോർക്കുന്നേൻ:
"എന്റെ ശരീരം ഭക്ഷിപ്പോൻ
എൻ രക്തം പാനം ചെയ്‌വോൻ
എന്നിൽ വസിക്കുന്നോമർത്യൻ
ഞാനവനിൽ മേവീടുന്നു.
അവസാനെ—ഉയിരവനേകും ഞാൻ".

3 മ്ശീഹാരാജാ,—സ്വർഗ്ഗീയം ഭോജ്യം
ഭക്ഷിച്ചടിയങ്ങളും;
ജീവമയമാം നിൻ തിരുമേനി
മോചനമേകും തിരുരക്തം
അതു ശിക്ഷയ്ക്കായ് തീരരുതേ
കടമെല്ലാം മായ്ച്ചീടണമെ
കാലാന്ത്യെ—വലഭാഗം ശരണം.

4 മ്ശീഹാ രാജാ,—സ്വർഗ്ഗീയം ഭോജ്യം
രക്തമിശ്രിതമും
നിൻ മൃശ്മാ പേറുന്നവരും
നീ മേവുന്നോരാലയവും
ആയവരാം നിൻ ദാസർക്കായ്
നല്കണമെ നിൻ പറുദീസാ
സുഖഭോഗ—മോക്ഷമെഴും രാജ്യം.

5 കാരുണ്യാബ്ധേ,—നിന്നിൽ ശരണിതനാം
എന്നിൽ കൃപചെയ്ക
പരമാർത്ഥതയിൽ ഞാനോടി
എന്നെ ശോധന ചെയ്യണമെ
എൻ ഹൃദയം നീ കാണുന്നു
എൻ ചിന്തകളും അറിയുന്നു
ഈ ദിവസം എന്നെ നടത്തണമേ.



6 രക്തം ചിന്തും—ജനതയിൽ നിന്നെന്നെ
കാക്കണമെ നാഥാ,
പാദങ്ങളെ നീ പാലിക്ക
ചിറകിൻ കീഴിൽ ചേർക്കെന്നെ
നിർമ്മലമാം ഗീതം പാടാൻ
നിൻ ചെയ്തികളെ വിവരിപ്പാൻ
കൃപ നൽക—മ്ശിഹാ രാജാവേ.

7 ദൂതന്മാരേ—ജാലധരിപ്പവരേ,
ആരവപ്പിപ്പിൻ
സ്തുതി ബഹുമാനവുമതുപോലെ
തിരുനാമത്തെ വന്ദിപ്പിൻ
നാഥൻ വാരിധിയിൻ മീതേ
ശ്വേത ചിതറുന്ന ധരയിൽ
ത്രുവാനേ—പ്രപന്നനാം നാഥൻ.

8 പാവനമാകും—ബലിവേദിയെ സ്വസ്തി
ഇനി നിൻ സവിധേക്കായ്
വരുമോയെന്നിവനറിയില്ല.
നീ നല്കിയതാം തീക്കട്ട
ജീവനെനിക്കായ് നല്കട്ടെ
മായാതെപ്പോഴും നിന്നെ
സ്മരണയിൽ ഞാൻ—വയ്ക്കും ബലിവേദി.

## 216-65 കുർബ്ബാനാനുശേഷം

രീതി: 4

1 മഹോന്നതത്തിൻ മണവാളാ,
ദൈവസുതൻ മിശിഹാരാജാ,
നീയെ—ന്നിൽ വാഴണമെന്നും—നിൻ കൃപയെൻ ജീവൻ
പീഠമൊരുക്കി നിനക്കായി
തിരികൾ കൊളുത്തി പ്രിയനാഥാ,
എന്നും വാഴണമെന്നുള്ളിൽ—വഴികാ—ട്ടണമീശോ.

www.malankaralibrary.com



2 നിൻ സവിധേയാഗതനായി
കുമ്പിട്ടാരാധിക്കും ഞാൻ
വയ്ക്കുന്നെന്നെ മുഴുവനുമായ്—നിൻതൃ—പ്പാദത്തിൽ
ഈ മരുഭൂമിയിലീ ദിവസം
വഴികാട്ടണമെ ജഗദീശാ;
ചിറകിൻകീഴിൽ ചേർക്കേണേ—ഞാൻ നിന്റേതത്രേ.

3 സഭയിൻ സുതരോടൊന്നായി
ഹൃദയം തിങ്ങും സ്നേഹത്താൽ
പാടും നാഥാ, നവഗീതം—കൈക്കൊള്ളുകെന്നെ നീ
ഈധരയിൽ നരനാശ്രയമായ്
നീ മാത്രം കരുണാനിധിയേ
നിന്നെ നോക്കുന്നവനെ നീ—വാഴ്ത്തേണം കൃപയാൽ.

4 പാപികളെ സ്നേഹിപ്പവനേ,
കാരുണ്യത്തിൻ വിളനിലമേ,
മാറ്റേ—ണം പാപം കൃപയാൽ—കാരുണ്യം ചിന്തു
സൃഷ്ടികളെല്ലാം നിൻഗീതം
പാടുന്നന്തമാം ശബ്ദേ
മേലീ—നീധരയിൽ നാഥാ,—കാരുണ്യം ചിന്തു.

5 ഹൃദയേ വന്നു വസിക്കുന്ന
കരുണാനിധിയാം ജഗദീശാ,
ഹൃദയേ നൽകേണം കൃപയാൽ—മേലിന്നും ശാന്തി
ബഹുവിധ ചിന്തകളാലടിയൻ
വലയുന്നീശോയീ നിമിഷം
സവിധേ—ത്തണച്ചേർത്തിടേണം—കർത്തനീശോ.

6 എന്നെപ്രതി നരനായ് തീർന്ന
എന്നെപ്രതി മൃതനായവനാം
മിശിഹാരാജാവേ സ്തോത്രം—കൈക്കൊൾകെന്നെ നീ
തവതിരുമേനിയെനിക്കായി
തന്നവനാം പ്രിയ മണവാളാ,
നിന്നെസ്നേഹിക്കുന്നടിയൻ—കൈക്കൊൾകെന്നെ നീ.



7 ദാനങ്ങൾ തൻ ഉറവിടമേ,
നിന്നിൽ വയ്ക്കുന്നെന്നെ ഞാൻ
കാരുണ്യത്താൽ കൈക്കൊൾക—മാറ്റിൽ ചേർക്കണമെ.
നിന്നിൽ നിന്നകലാനായി
ഇടയാകരുതേ കരുണാബ്ധേ,
കരുണാവാരിധിയിൽ സ്ഥാനം—നൽകു പ്രിയനാഥാ.

8 ആത്മശരീരങ്ങൾമേൽ നീ
കൃപയാൽ കാരുണ്യം ചൊരിയൂ
സ്നേഹ—ത്തിൽ വളരാനായി വഴിയും കാണിക്കൂ
റൂഹായാം ദാനം ചൊരിയൂ
നാവിൽ വചനം നല്കീടൂ.
ജനമ—ധ്യേനാഥാ, നിന്നെ—കാട്ടീടും ഞങ്ങൾ.

9 ആചാര്യന്മാ—രേവരെയും
വാഴ്ത്തണമെ കാരുണ്യത്താൽ
നിൻ പേ—ർക്കായ് ജീവൻ വച്ചു—നരരെ വാഴ്ത്തണമേ.
ശാന്തിപരത്തണമെ ധരയിൽ
ഐക്യം നല്കണമെ സഭയിൽ
സവിധേ ചേർക്കണമെല്ലാരേം—പാപം നീക്കേണം.

10 നിന്നെ സ്നേഹിക്കുന്നവരായ്
തീർക്കണമെല്ലാ നരരേയും
ചേർക്കേണം കൃപയാൽനാഥാ സഭയിൽ സകലരെയും
മൃതിയണയുന്നൊരു നിമിഷത്തിൽ
കൈക്കൊള്ളണമെന്നെ നാഥാ
നിന്നിൽ മാത്രം വയ്ക്കുന്നു—എൻ ജീവൻനാഥാ.

## 217–66 കൊറിന്തോസുകാർക്കുള്ള ഒന്നാംലേഖനം

രീതി: 4

1 വിജ്ഞാനികളെവിടെപ്പോയി?
പൗലോസ് ശ്ലീഹാ ഓതുന്നു:
"പ്രിയരേ, വിജ്ഞാനം ദൈവ—ത്തിൽ നി—ന്നെത്തുന്നു;
ലോകത്തിൻ വിജ്ഞാനത്തെ
ഭോഷത്തമതായ് തീർത്തീശൻ
കുരിശിൻ–അവമാനത്താലെ—രക്ഷി—ച്ചുലകത്തെ.

www.malankaralibrary.com



2 കൃപയെ പാനം ചെയ്തവരേ,
ലൗകികദൃഷ്ട്യാ ഭോഷന്മാർ
ആകുന്നു—നിങ്ങൾ പ്രിയരേ; മോദി—ച്ചാർത്തീടുവിൻ.
വിജ്ഞാനികൾ ലജ്ജിക്കുന്നു.
ധനവാന്മാർ കേണീടുന്നു
പാവ—പ്പെട്ടവരാം ജനത—ഘോഷി—ച്ചാർത്തീടും.

3 വിജ്ഞാനം തേടുന്നലകം
യൂദർ തേടുന്നടയാളം
സഭയോ—കുരിശിൽ പുകഴുന്നു—കാലാന്ത്യം വരെയും.
മിശിഹായോടോതുന്നു സഭ
'നീയാണെൻ പ്രിയ മണവാളൻ
അത്യു—ന്നതനാം ദൈവത്തിൻ—പ്രിയനാം ദൈവസുതൻ'.

4 റൂഹായാൽ പൂരിതരായി
നാനാ ജാതികളുടെയിടയിൽ
സുവിശേ—ഷം വിതറിയ ശ്ലീഹർ—സംസ്തുത്യർ പ്രിയരേ
അവരുടെ ഓർമ്മദിനം ധരയിൽ
മോദിക്കുന്നു മർത്യഗണം
ഉയരേ, ദൂതന്മാരൊരുപോൽ—പാടുന്നു ഗീതം.

5 സജ്ജമതാമുന്നതവേദി
വിവരിപ്പാനെളുതല്ലൊട്ടും
നയനം കണ്ടിട്ടില്ലാത്ത—മോദം പകരുമതു്.
മാനവ ഹൃദയമറിഞ്ഞില്ല
ആരുമുരച്ചില്ലാഭാഗ്യം
അത്യത്ഭുതമായ്ത്തീരുന്ന—യാഥാർത്ഥ്യം പ്രിയരേ.

6 ചോരൻ മോഷ്ടിക്കാത്ത ധനം
ജാതികളിടയിൽ വിതറീടാൻ
ഓടീ—മാനവസ്നേഹിതരാം —ശ്ലീഹ—ന്മാരൊരുപോൽ.
നരരെ പറുദീസയിലാക്കാൻ
സത്യത്തിൻ വഴി കാട്ടീടാൻ
ഏറ്റു നിരവധി പീഡകളാ—ക്രൂശിൻ—ശിഷ്യന്മാർ.



7 ഓരോ നിമിഷവുമെൻ നാഥാ,
കയ്യിൽ താങ്ങണമെന്നെ നീ
ബലഹീ—നൻ ഞാനീ ധരയിൽ —പതറു—ന്നെപ്പോഴും
കൃപയാൽ പൂരിതനാക്കെന്നെ
യാചനയെല്ലാം നൽകണമെ
ഹൃദയേ മോദം പകരേണം—നാവിൽ നിൻ ഗീതം.

8 വിത ചെയ്യുന്നോരു ശ്ലീഹന്മാർ
മിശിഹായുടെ വൻ സേവകരും
അത്യു—ന്നതമാം രഹസ്യത്തിൻ—സാക്ഷ്യം—വഹിക്കുന്നു.
ഫലമേകുന്നവനേകൻ താൻ.
ദാസർ പ്രതിഫലവും പേറി
മോദി—ക്കുന്നു മണവറയിൽ—കാലാന്ത്യേ പ്രിയരേ.

## 218–67 ദാനം

രീതി: 1

1 അനുതാപത്തോടെൻ പ്രിയരേ,
അണയാം പ്രിയനാഥൻ സവിധേ
കറകൾ കഴുകി വെടിപ്പാക്കാം
കണ്ണീർ ചിന്തി കേണീടാം.

2 കർത്തൻ സവിധേ വസിക്കുമ്പോൾ
കാരുണ്യത്തിന്നായ് കേഴാം
ദുഷ്ടത ദൂരെയകറ്റീടാം
ദയ നാം പ്രാപിച്ചീടാനായ്.

3 ദാഹിപ്പവനു ജലം നല്കാം
മുട്ടുന്നവനു തുറന്നീടാം
പൊരിയും വയറിൽ കനിയേണം
നാഥൻ നിന്നെ തള്ളില്ല.

4 അദ്ധ്വാനിക്കാമനുനിമിഷം
അദ്ധ്വാനഫലം വിതറീടാം
ദാരിദ്ര്യത്താൽ വലയുന്നോർ
ക്കവലംബം നാമാകേണം.

www.malankaralibrary.com



5 പ്രിയരേ, കേണുകരഞ്ഞീടാം
പ്രണമിച്ചീടിൻ സാഷ്ടാംഗം
ഉയരെ നിന്നുവരുന്ന കൃപ
വിതറട്ടീ ധരയിൽ നിത്യം.

## 219-68 ദിനരാത്രങ്ങൾ തീരുമ്പോൾ

രീതി: 4

1 മമ ഹൃദയം പാടും ഗീതം
നൃപനാം മിശിഹാ നാഥനായ്
ഉയരേ ഗോപുര മുകളിൽ നി—ന്നൊരു ഗീതം നന്നായ്
മിശിഹാ ഹൃദയേയണയുമ്പോൾ
തിമിരം പാടേ നീങ്ങുന്നു
ഹൃദയം കൃപയാൽ നിറയുന്നു; സ്തോത്രം പാടുന്നു.

2 മിശിഹായോടൊത്തെൻ ജീവൻ
അനുനിമിഷം ജീവിച്ചീടാൻ
നാഥാ, വെമ്പുന്നീ ദാസൻ—കൃപചെയ്യണമെന്നിൽ
നിൻ തിരുഭവനേ മരുവീടാൻ
നിൻ സ്തുതി നിത്യം പാടീടാൻ
കൃപയിൻ കേദാരം നാഥാ, തുണചെയ്യണമെന്നിൽ

3 ചെളിയിൽ താഴുന്നെൻ പാദം
തിന്മകൾ കാണാത്തെൻ നയനം
നിന്നെമാത്രം ദർശിക്കാൻ—കൃപയേകണമീശോ
എൻ കൈകൾ നിൻപേർക്കായ് ഞാൻ
നീട്ടുന്നെൻ പ്രിയനാം ദേവാ
കൃപയാൽ ദാനം നല്കേണം പാപം പോക്കേണം.

4 ദാഹജലം തേടും മാൻപോൽ
തേടുന്നെൻ ഹൃദയം നാഥാ
വരണം കൃപയാലീ വേളേ നീയെൻ മണവാളൻ
നിൻ യാഗം മമ പിഴ നീക്കി
ശാപം സ്ലീബായിൽ പേറി
ഓർക്കുന്തോറും മമ ഹൃദയം നിൻ പേർക്കണയുന്നു.



5 ശുദ്ധർ മോദിക്കും നാട്ടിൽ
ദൂതർ സ്തുതിപാടും ദിക്കിൽ
അണയാൻ എൻ ഹൃദയം നാഥാ, വെമ്പുന്നീ നിമിഷം
കരവേലയതല്ലാത്തൊരിടം
നരനേകുന്നോരുന്നതനേ
നിന്നെ പ്രാപിച്ചീടാൻ ഞാൻ—വെമ്പുന്നീ നിമിഷം.

6 ശോഭയെഴും ഭവനത്തിൽ നിൻ
ശുദ്ധർ മദ്ധ്യേ അണയാനായ്
നാഥാ, മൃതരേയെഴുന്നേല്പിക്കണമെ നിൻ കൃപയാൽ
ദിനരാത്രങ്ങൾ തീരുമ്പോൾ
കാഹളനാദം കേൾക്കുമ്പോൾ
പൊടിയിൽ നിദ്രിതരെ നാഥാ എഴുന്നേല്പിക്കേണം.

7 ഭുവനങ്ങൾക്കുടയവനേ
നന്മ വസിക്കുമിരിപ്പിടമേ
കൃപയാൽ വാഴ്ത്തണമെന്നെ നീ ദാനം നല്കേണം
വേദന തിങ്ങും താഴ്വരയിൽ
നീയാണെൻ വലുതാം നാഥൻ
നിന്നിൽ അർപ്പിക്കുന്നിപ്പോൾ എന്നെ മുഴുവനുമായ്.

## 220–69 മറിയം ദീലേത്തോക്

രീതി: 3

1 നിർമ്മലയാകും കന്യകയിൽ
നിന്നവതാരം ചെയ്തുടയോൻ
നിബിയുഹാനോനിൽനിന്നും
നീരിൽ സ്നാനം പ്രാപിച്ചു.

2 കന്യകയും യൂ—ഹാനോനും
ശ്ലീഹന്മാരും—സഹദേരും
പ്രാർത്ഥിക്കുന്നടിയാർക്കായി
കൃപചെയ്യണമീശോ നാഥാ.

www.malankaralibrary.com



## 221-70 മൃതിയണിയും വേഗം പ്രിയരേ

രീതി: 3

1 മൃതിയണയും വേ—ഗം പ്രിയരേ,
ചോരൻ സമമായ് എത്തീടും
നിമിഷം പോലും നില്ലാതെ
കല്പന നിറവേററും ദൂതൻ.

2 യാചന കേൾക്കി—ല്ലാ ദൂതൻ
കാഴ്ചകൾ കൈക്കൊള്ളില്ലൊട്ടും
കോഴകൾ നിഷ്ഫലമായീടും
നാഴികയാഗതമായിടും.

3 നിമിഷംകൊണ്ടെല്ലാം തീരും
നാഴിക ഭയമേ—കും പ്രിയരേ,
ധനവും നേട്ടവുമീധരയിൽ
വിട്ടവനെ പിൻ ചെല്ലേണം.

4 ലൗകിക സമ്പാദ്യം പ്രിയരേ,
രക്ഷിക്കില്ലാ—നാഴികയിൽ
സ്നേഹിതരകലേയ്ക്കകലുന്നു
കേഴുന്നു പ്രിയരാം കൂട്ടം.

5 മൃതിയിലുമൊരുപോൽ ജീവനിലും
നിന്നെപ്പുണരുന്നവനാകും
നിർമ്മല ദൈവത്തിൻ സുതനെ
ഹൃദയത്തിൽ കൈക്കൊണ്ടീടാം.

## 222-71 രക്തമയം ലബനോൻദേശം

രീതി: 3

1 കരുണക്കടലേ, കർത്താവേ,
കഴുകണമെന്നെ കൃപയാലെ
കരുണ ഒഴുക്കണമുയരേന്നും
താണവണങ്ങുന്നീ ദാസർ.



2 നിരവധി പിഴകൾ ചെയ്തടിയാർ
കുറവുകൾ തിങ്ങുന്നീ നിമിഷം
തവഗീതങ്ങൾ വിട്ടകലെ
വ്യർത്ഥത ഉര ചെയ്യേപ്പോഴും.

3 സോദരരെ ഞാൻ കൊലചെയ്തു
നാവൊരു വാളായ് തീർത്തടിയൻ
വിധി ചെയ്‌വാനടിയാനോടി
വിധി ചെയ്യല്ലെന്നെ നാഥാ.

4 ധരനിറയുന്ന കൃപമകുടം
മ്ശിഹാ നൽകട്ടെ ശാന്തി
നിൻ ഹൃദയത്തെ കത്തിക്കാൻ
ദീപം പകരട്ടെ നാഥൻ.

5 സ്നേഹത്താൽ നിൻ ഹൃദയത്തെ
ശോഭിപ്പിച്ചീടും നാഥൻ
മോദം തിങ്ങി നിറയട്ടെ
കരുണ നിറഞ്ഞവനാം നാഥൻ.

6 വരുവിൻ പ്രിയരാം സോദരരേ,
സ്നേഹത്തിൽ കൈകൾ നീട്ടിൻ
സോദരനോട് ക്ഷമിച്ചീടിൻ
ഹൃദയേ ശാന്തി നിറച്ചീടിൻ.

7 ശാന്തി പറഞ്ഞോൻ ദേവാ
ശാന്തി പറഞ്ഞു നിൻ ധരയിൽ
ക്രൂരമൃഗങ്ങൾക്കൊപ്പമിതാ
മർത്ത്യർ വെട്ടിക്കൊല്ലുന്നു.

8 ദയ തൻ ഭവനം മിശിഹായേ
മർത്ത്യർ കൊല ചെ—യ്യുന്നിപ്പോൾ
വെടിവച്ചന്യോന്യം മർത്ത്യർ
സോദരരെ കൊല ചെയ്യുന്നു.

www.malankaralibrary.com



9 കലഹക്കാരെ ചിതറിക്കു
യുദ്ധം നീക്കു ധരയിന്നും
കാരകിൽ വളരും ലബനോനിൽ
വെടി വയ്ക്കുന്നു നിൻ മക്കൾ.

10 കർത്താവേ നീ മാപ്പുതരൂ;
അജ്ഞതയാൽ ഞാൻ അപരാധി;
കൊല ചെയ്യാത്തവനില്ല ധരേ;
നിന്നേയും കൊന്നു മർത്യർ.

11 കാരകിൽ കരയു—ന്നീ ദിവസം
വിറ കൊള്ളുന്നു വൻ തരുക്കൾ
വെടിയുടെ നാദമിരമ്പുന്നു
രക്തമയം ലബനോൻ ദേശം.

12 ചിതറിപ്പായും തീക്കട്ട
കത്തിക്കീറുന്നു ഹൃദയം
കത്തിപ്പടരുന്നു നഗരം
രക്തമയം ലബനോൻ ദേശം.

13 സ്നേഹം ധരയിന്നോടിപ്പോയ്
കലി കാലത്തിൻ വാഴ്ചയിത്
മനുഷ്യൻ ചെന്നായായ് മാറി
കൊന്നുതകർക്കുന്നു കഷ്ടം.

14 അനുതാപത്തിൻ കണ്ണീരാൽ
കരയാമിപ്പോൾ വത്സലരേ,
ഇടിനാദ സമം ആഗതമാം
ഘോരതമം ശബ്ദം കേൾക്കു.

15 ദുഷ്ടത തിങ്ങു—ന്നീ ധരയിൽ;
നല്കാം സ്നേഹം വത്സലരേ
ഇവിടപരാധികളാം നമ്മൾ
കണ്ണീർ ചിന്തി കേണീടാം.

16 ശാന്തി ധരയ്ക്കായ് നല്കിയ നീ
കൃപ ചെയ്യണമേ പാപികൾ മേൽ
കലഹക്കാരെ ചിതറിക്കു
കരയുന്നു ലെബനോൻ ദേശം.



## 223-72 ശോശപ്പാ പ്രാർത്ഥന

രീതി: 3

1 (മാർ യോഹന്നാന്റെ അനാഫൂറാ)
രക്ഷയെനിക്കേകിടുവാനായ്
വത്സലസുതനെ വിട്ടവനേ,
പാവനമാമീ ബലിമൂലം
സഭയിൽ കൃപ ചൊരിയേണം നീ.

2 രഹസ്യം നിറയും മണവറയിൽ
ചേർക്കുന്നൊരുവൻ രഹസ്യമതാം
ഈ ബലിമൂലം പ്രിയതാതാ,
സഭയിൽ കൃപ ചൊരിയേ—ണം നീ.

3 (പന്ത്രണ്ടു ശ്ലീഹന്മാരുടെ അനാഫൂറാ)
നൃപരുടെ നൃപനേ, ജേതാവേ,
ഹൃദയ വെടിപ്പേകണമീശാ;
നിൻ ബലിവേദിയെ വന്ദിപ്പാൻ
യോഗ്യത നല്കണമീനേരം.

4 പരിപാവനമാം ആലയിതിൽ
പരമോന്നതമാം സ്തുതിപാടാൻ
ആത്മശരീര വിശുദ്ധിയെ നീ
മേലുയരേന്നും നൽകേണം.

5 (മാർ യാക്കോബ്)
വഴിവിട്ടോടും ജനതതിയെ
തിരികെ വരുത്താ—നായ് സുതനെ
ധരയിലയച്ചവനാം താതാ
നിണരഹിതം ബലികൈക്കൊൾക.

6 വഴിഞാനാകു—ന്നെൻ പ്രിയരേ,
വാതിലുമതുപോൽ ഞാൻ തന്നെ;
സത്യം ഞാനുര ചെയ്തീടാം
ഉര ചെയ്യുന്നു ജേതാവ്.

www.malankaralibrary.com



7 പ്രിയനാം താതാ, തവകൃപയിൽ
ആശ്രയമെല്ലാം വച്ചുന്നേൻ
രക്ഷയ്ക്കായ് നല്കീയ രഹസ്യം
എന്നെ ശിക്ഷ വിധിക്കല്ലെ.

8 ഈ ബലിമൂലം പ്രിയതാതാ,
എൻ കടമെല്ലാം മായിക്ക
പാപങ്ങൾ കഴുകീടണമെ
റൂഹായാം ദാനം നൽക.

9 (മാർ ദിവന്നാസ്യോസ്)
ഈ ബലിവഴിയായ് പ്രിയ താതാ,
മാച്ചണമെല്ലാ മാലിന്യം;
ശോഭ പകർന്നിടണം ഹൃദയേ
വെണ്മ ജഡത്തിനു നൽകേണം.

10 (മാർ ഈവാനിയോസ്)
സഭയിൻ സുതരാം ജനതയുടെ
പാപം നീക്കു ജഗദീശാ,
ഈ ബലി നിൻ പേക്ഷ്പ്പിക്കാൻ
ശക്തി എനിക്കു പകർന്നീടു.

11 ഇതിനാൽ പാപം കഴുകട്ടെ
കറകൾ നീ—മാച്ചണമെ
അപരാധങ്ങൾ നീക്കണമെ
നിൻ സ്തുതി ഞങ്ങൾ കീർത്തിക്കും.

12 (മാർ പത്രോസ്)
കൃപ ചൊരിയണമെ ജഗദീശാ,
പാപം മായി—ച്ചീടണമെ
ദുഷ്ടരിൽ നിന്നും രക്ഷിക്ക
നിൻസ്തുതി ഞങ്ങൾ കീർത്തിക്കും.

13 (മാർ ക്സുസ്റ്റോസ്)
ഈ ബലിമൂലം പ്രിയതാതാ
പാപവികാരം നീക്കണമെ
നന്മ പ്രവർത്തിക്കാനായി
ശക്തിയെനിക്കു പകർന്നീടു.



14 (മാർ ഒസ്താത്യോസ്)
ദാനം നല്കും ദാതാവേ
കറയാത്തൊരുവൻ കലവറ നീ
വററാത്തൊരു വൻ ഉറവയതും
നീയാകുന്നെൻ ജേതാവേ.

15 കൈകൾ നീട്ടു—ന്നീ ദാസർ
കൈകൾ നിറയ്ക്കു ദാനത്താൽ
അക്ഷയമാം മണവറയിന്നും
സമ്പന്നതയേകു നാഥാ.

## 224–73 സ്തുതി സ്രഷ്ടാവാം താതന്നും

രീതി: 3

1 അനുദിനമഭയം—നല്കീടും
ശക്തി ധരിപ്പി—ക്കും ദൈവം;
അവനിൽ നാം ജീവിപ്പതിനാൽ
ഭീതിവെടിഞ്ഞു വസിച്ചീടാം.

2 ഉന്നതമലകൾ—നീങ്ങിപ്പോം
കടലിന്നടിയിൽ താഴുമവ;
അവനിൽ നാം ജീവിപ്പതിനാൽ;
ഭീതിവെടിഞ്ഞു വസിച്ചീടാം.

3 അലറും കടലി—ന്നോളങ്ങൾ
ഗിരിസമമായ് വ—ന്നെന്നാലും
അവനിൽ നാം ജീവിപ്പതിനാൽ
ഭീതിവെടിഞ്ഞു വസിച്ചീടാം.

4 ജീവജലത്തിൻ നീരുറവ
ഗോഗുൽത്തായി—ന്നൊഴുകുന്നു
ജീവിപ്പാനാഗ്രഹമുള്ളോർ
കോരിയെടുത്തു കുടിച്ചീടിൻ.

5 ഗോൽഗുത്തായി—ന്നൊഴുകുന്ന
ജീവജലത്തിൻ നീരുറവ
കുഞ്ഞാടുകൾ പാനം ചെയ്‌വാൻ
ഭൂതലമെല്ലാമെത്തുന്നു.

www.malankaralibrary.com



6 കന്യകമാരെ നിർമ്മിക്കും
മോദമെഴും നീ—രുറവയിതു്;
ജീവിപ്പാനാഗ്രഹമുള്ളോർ
കോരിയെടുത്തു കുടിച്ചീടിൻ.

7 കന്യകമാരൊപ്പം ഭവനേ
മണവാളൻ പൂ—കീടുമ്പോൾ
ജീവജലം പാനം ചെയ്തോർ
അവനോടൊപ്പം മോദിക്കും.

8 ജീവജലം പാ—നം ചെയ്താൽ
ദാഹം വരികി—ല്ലൊരുനാളും
മരണമവൻമേൽ വീഴില്ല
മിശിഹാനാഥൻ ചൊല്ലുന്നു.

9 മരണത്താലെ—മരണത്തെ
പാതാളത്തിൽ ബന്ധിച്ചോൻ
ജീവജലം പാനംചെയ്തു
ദാസരെ മൃതിയീന്നും കാക്കു.

10 കാഹളനാദം കേൾക്കുമ്പോൾ
പൊടിയീന്നുണരും മൃതരെല്ലാം
ജഡമാത്മാവൊടു ചേർന്നീടും
അണയും വിധിയാളൻ മുമ്പിൽ.

11 മൃതരെ വിളിപ്പാനണയുന്ന—
ദിനമതു ബഹളം ഭീതികരം
ഞൊടിയിട കൊണ്ടല്ലോ മൃതരും
കബറു തുറന്നു പുറത്താകും.

12 മിശിഹാ ദൈവ—ത്തിൻ സൂനു;
ദൈവസ്വരം വാൾ— പോൽ മൂർച്ച
ആ സ്വരശ്രവണത്തിൻ സമയേ
മൃതരെല്ലാരുമുണർന്നീടും.



13 ബാബേലിൻ ഭീ—കര വാഴ്ചേ
ആഗതനായോൻ—ഹസ്സീയേൽ
ദർശിച്ചു മൃതനുത്ഥാനം;
വലിയൊരു സൈന്യത്തിൻ കൂട്ടം.

14 സൃഷ്ടിയെയെല്ലാം സൃഷ്ടിച്ചോൻ
ശക്തി ധരിച്ചോൻ പ്രിയതാതൻ
വചനത്താൽ മൃതരെല്ലാരേം
ജീവിപ്പിക്കും കാ—ലാ—ന്ത്യേ.

15 സൽകൃത്യങ്ങൾ—ക്കടമകളാം
മർത്യനു ഭാഗ്യം കാലാന്ത്യേ
അവനന്നാനന്ദിച്ചീടും
കരയും ദുഷ്ടന്മാരെല്ലാം.

16 ഭീകരമാകും നാഴികയിൽ
കരുണ നിറഞ്ഞോ—നേ, പ്രിയനേ,
കൈക്കൊള്ളണമെന്നെ കൃപയാൽ
നിൻ തിരുമാർവിൽ ചേർക്കേണം.

17 നിൻ തിരുനിണമെയ് ഭക്ഷിച്ചോർ
നിൻ ദാസരെ നീ കൈക്കൊൾക;
തീ നരകത്തിന്നാഴത്തിൽ
വീഴാതവരെ കാക്കേണം.

18 നിന്നെ പ്രതിയെ—ല്ലാം വിട്ട്
തിരുസുവിശേഷം ഘോഷിച്ച
പ്രിയ ദാസരെ നീ കൈക്കൊൾക
നിൻ തിരുമാർവിൽ ചേർക്കേണം.

19 നിൻ പേക്കയരും സ്നേഹത്താൽ
സോദരരെ സ്നേ—ഹിച്ചവരെ
കനിവൊടു വലഭാഗേ ചേർക്ക്
ആനന്ദം പകരെന്നേക്കും.

www.malankaralibrary.com



20 ഈ സഭയിൽ നിൻ നാമത്തിൽ
പ്രാർത്ഥിച്ചവരാം നിൻ സുതരെ
കൈക്കൊള്ളണമെ കർത്താവേ,
നിൻ തിരുമാർവിൽ ചേർക്കേണം.

21 ലോകം മുഴുവൻ നിറയുന്ന
നിൻ കൃപയാലെൻ പ്രിയനാഥാ,
വത്സല മാതാവോടൊത്ത്
മനുജകുലത്തെ കൈക്കൊൾക.

22 കറകളശേഷം കഴുകീടും
ജീവന്നുറവ—ലോകത്തിൽ
ഒഴുകുന്നെൻ പ്രിയനാം ദേവാ,
മനുജകുലത്തെ കൈക്കൊൾക.

23 ബലഹീനതയാൽ പടുകുഴിയിൽ
വീണവരാമീ ദാസരെ നീ
കരുണയൊടേററണമെ കൃപയാൽ
നിൻ തിരുമാർവിൽ ചേർക്കേണം.

24 പറുദീസാ പൂകിയ ചോരൻ
സ്നേഹം തിങ്ങും പാപിനിയും
ഒരു പോലെന്നോടു ചൊല്ലുന്നു:
''കാരുണ്യത്തികവെൻ നാഥൻ''.

25 തിരുനാമത്തിൽ നിദ്രിതരാം
ദാസരെ നീ കൈ—ക്കൊള്ളുണമെ
മോദമെഴും പറുദീസായിൽ
ചേർക്കണമവരെ കാലാന്ത്യേ.

26 ചെയ്തികളെല്ലാം വെളിവാകും
നേരം പ്രിയരേ, ഘോരതമം;
നന്മകൾ ചെയ്യാമീ നിമിഷം
സോദരരെ സ്നേഹി—ച്ചീടാം.



27 മരണം ബഹുലം ഭീതികരം
മർത്യരെയെല്ലാം തോല്പിക്കും;
മിശിഹായോ മൃതിയെ വെന്നു;
വിജയത്തിൻ കൊടിയും നാട്ടി.

28 മിശിഹായിൽ നി—ദ്രിതരാകും
മൃതർ പേടിക്കേ—ണ്ടൊരു നാളും
ജീവൻ പകരുന്നവനത്രേ
കബറിന്നുത്ഥാനം—ചെയ്തോൻ.

29 നാ—ഥൻ മരണത്തെ വഴിയായ്
തീർത്തതു കാൺകെൻ സോദരരേ,
ഈ വഴിയെ നാം മുന്നേറി
തൻ തിരു മാർവിലണഞ്ഞീടും.

30 ചോരൻ മോഷ്ടി—ച്ചീടുന്ന
മരുഭൂമിയതാ—മീധരയിൽ
നിക്ഷേപം സൂക്ഷിക്കല്ലേ
ഇവിടെ നമുക്കൊരു വീടില്ല.

31 പിതൃഭവനത്തെ പ്രാപിപ്പാൻ
മരുഭൂമിയിൽ നാമലയുന്നു;
പ്രിയനാം മിശിഹാ വഴികാട്ടി;
അവനെ പ്രാപിക്കും മൃതിയിൽ.

32 കരയെരുതാരും വത്സലരേ,
നാമെല്ലാമൊ—ന്നിച്ചീടും
ഈ വേർപാടൊരു നാഴിക കൊ—
ണ്ടവസാനിച്ചീടും സത്യം.

33 സ്തുതി സ്രഷ്ടാവാം താതന്നും
സ്തോത്രം പ്രിയനാം തനയന്നും
ആരാധന ശുദ്ധാത്മന്നും
നാമർപ്പിക്കണമെന്നേക്കും.

www.malankaralibrary.com



## ഭാഗം 5 — പൊതുവ്

## 225-74 എൻജീവൻ ബലിയർപ്പിച്ചീടും

രീതി: 8

1 ദ്രവ്യത്തിൽ നാം ഹൃദയം വയ്ക്കരുതേ;
താങ്ങായ് കരുതരുതേ
നരനേയതു രക്ഷിക്കില്ല
ആപത്തിൻ ദിനമണയുമ്പോൾ
ദൂരെയകന്നതു മാറിപ്പോം
വേദന മാത്രം ശേഷിക്കും
ആശ്രയമീ—ശോ നാഥനിൽ വയ്ക്കാം.

2 അത്യുന്നതനേ, ശക്തി നിറഞ്ഞവനേ,
വിജ്ഞാനത്തികവേ,
എല്ലാം കാണുന്നന്തനേ,
കാരുണ്യത്തിനിരിപ്പിടമേ,
കരുണാസാഗരമാം ദേവാ,
തള്ളരുതെന്നെയൊരുനാളും
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ഹൃദയം.

3 എല്ലാം വിട്ടേൻ; അനുദിനമുയരുന്ന
കുരിശും പേറിയിതാ
നിൻ പിറകേയെത്തുന്നടിയൻ
ഗോഗുൽത്തായുടെ മുകളിൽ നിൻ
കുരിശിൽ നിന്നോടൊന്നായി
ജീവൻ ബലിയായ് ഹോമിക്കാൻ
കരുണാബ്ധേ—കൃപ നീ നൽകേണം.

4 ചൊ—ന്നുമിശിഹാ ശെമഓനോടായി
എൻപേർക്കായ് നിങ്ങൾ
ഭവനമുപേക്ഷിച്ചതിനാലെ
ഒന്നിനു നൂറായ് നൽകീടും
ഭവനം പ്രിയരാം വത്സലരേ
ബന്ധു ജനങ്ങളെയും നൂറായ്
മേലുയരേ—ഉന്നതമാം മുടിയും.



5 പ്രാ—ർത്ഥിപ്പാനായ്കൃപനല്കണമീശോ
പ്രാർത്ഥന കേൾക്കണമെ
റൂഹായാം ദാനം തരണം
ഉന്നത ശക്തികൾ നൽകേണം
നിൻ സ്തുതി നിത്യം കീർത്തിപ്പാൻ
നിൻ ഗീതം നിത്യം പാടാൻ
കരുണാബ്ധേ—വരമിങ്ങേകേണമെ.

6 നൽകണമീശോ, കരുണാസാഗരമേ,
നാവിനു നിൻ ശക്തി
ഉന്നതമാം നിൻ സ്തുതിപാടാൻ
ലോകത്തിനു നിന്നെ കാട്ടാൻ
നിൻ ചെയ്തികളെ വിവരിപ്പാൻ
നിൻ വചനം ഹൃദയേ പേറാൻ
ലോകം നിൻ—കീർത്തനമാർത്തീടാൻ.

7 ഊറിശിലേമിൽ—നിന്ദ്യ മൃഗത്തിന്മേൽ
വാഹനമേറിയ നീ
വിനയത്തിൻ ദൃഷ്ടാന്തത്തെ
കാട്ടീ നിൻ ജീവിതവഴിയിൽ
ഗുരുവാം നീ പാദം കഴുകി
ബലഹീനതയെ നീ പുൽകി
കരുണാബ്ധേ—നിന്നെ ഞാൻ വാഴ്ത്തും.

8 മേലുയരത്തിൽ—പിതൃവലഭാഗേ നി—
ന്നീധരയിൽ വന്നു
എളിയവളിൽ നീ പ്രീതനുമായ്
അവളുടെയുദരേയുരുവായി
ബേത്‌ലഹേമിൽ ജാതനുമായ്
അവളുടെ മടിയിൽ നീ വാണു
അഖിലാണ്ഡം സർവ്വം രക്ഷിപ്പോൻ.

www.malankaralibrary.com



9 മേലുയരത്തിൽ— വാനവദൂതന്മാർ
പാടുന്നന്നതനേ,
നിത്യം നിൻ വൻ ഗീതങ്ങളാം
അവരെ വിട്ടൊരു നാളിൽ നീ
ഭൗമിക കന്യകയുടെയുദരം
ഗേഹമതാക്കിത്തീർത്തതിനാൽ
നിന്നെ ഞാനെന്നും വാഴ്ത്തീടും

10 നിൻ ദൈവത്വം—മറവാക്കിക്കൊണ്ട്
കന്യകയിൽ നിന്നും
ഒരു ശിശുവായ് നീ ജഡമേറ്റു
നരനായ്ജീവിച്ചുലകത്തിൽ
നരനെയുയർത്താനായ് നരനായ്
ബലഹീനതയെ പൂണ്ടവനേ,
നിന്നെ ഞാനെന്നും വാഴ്ത്തീടും

11 പാ—പംകൂടാ—തീധരയിൽ മർത്യൻ
ജീവിക്കുന്നതിനായ്
മാർഗ്ഗം കാട്ടിയ മിശിഹായേ,
നിൻ സവിധേയിവരണയുന്ന
പാതതെളിക്കണമടിയാർക്കായ്
കാരുണ്യം നീ കാട്ടണമെ
നിന്നെ ഞാനെന്നും വാഴ്ത്തീടും

12 സ്നേഹംതിങ്ങും—മാനവഹൃദയത്തിൽ
വന്നുവസിക്കാനായ്
ഇഷ്ടംതോന്നിയ ജഗദീശാ,
കരുണാപൂർണ്ണാ മിശിഹായേ,
വന്നു വസിക്കണമെൻഹൃദയേ
നീയാണെന്നും മമ രാജൻ
നിന്നെ ഞാൻ—നോക്കിപ്പാർക്കുന്നു.



13 വേഗം വരണം—വന്നുവസിക്കേണം
ഞാൻ നിന്റേതത്രേ
നീയെൻ ഹൃദയത്തിൻ നാഥൻ
പീഠമൊരുക്കീ മണവാളാ,
പൂക്കളും കോർത്തൊരു മാലയുമായ്
വാതിൽക്കൽ ഞാൻ നില്ക്കുന്നു
എൻനാഥാവന്നിടുകെൻ ഹൃദയേ.

14 ഈ മരുഭൂവിൽ—ഞാനൊരു ബലഹീനൻ
തിന്മ നിറഞ്ഞവനും
കരുണനിറഞ്ഞവനാം നാഥാ,
നിന്നെ ഞാൻ സ്നേഹിക്കുന്നു
ശക്തികളൊക്കെയൊടും കൂടെ
മുഴുഹൃദയത്തോടെൻ നാഥാ,
കരുണാബ്ധേ—വന്നിടുകെൻ ഹൃദയേ.

15 ഓരോനിമിഷം—വഴികാട്ടണമീശോ
ജ്വാല പകർന്നിടണേ
കൈകാൽക്കേകു നിൻശക്തി
മനസ്സിനു ശാന്തി പകർന്നു തരൂ
ജീവിതവഴിയിൽ നിൻ ശക്തി
കാലാന്ത്യത്തിൽ നിൻരാജ്യം
മണവറയും പുതിയൊരിരിപ്പിടവും.

16 ഈമരുഭൂവിൽ—നീയാണെൻ നാഥൻ
വഴികാട്ടുന്നവനും
ഹൃദയേ ശാന്തത നൽകുന്നോൻ
ആനന്ദത്തിൻ കേദാരം
മാലിന്യം നീക്കുന്നവനും
ശിരസ്സിൽ മുടിചൂടുന്നവനും;
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.

www.malankaralibrary.com



17 മ്ശീഹാ—രാജാ—ഹൃദയത്തിൻ നാഥാ,
ജീവനുറവിടമേ,
വന്നുവസിക്കണമെന്നുള്ളിൽ
റൂഹായാം ദാനം നൽകു
ചിന്തണമെന്നിൽ നിൻസ്നേഹം
ശാന്തി ജഗത്തിനു നൽകീട്ടു
കരുണാബ്ബേ—കേഴുന്നീദാസൻ.

18 എൻ ദയവാനേ,—മുഴുഹൃദയത്തോടേ
ശക്തികളൊക്കെയൊടേ
നിന്നെ ഞാൻ സ്നേഹിക്കുന്നു.
നിൻച്ഛായ പതിക്കണമെന്നിൽ
നിന്നെപ്പോലാക്കണമെന്നെ
പൂരിതമാക്കു നിൻ ഭൂതാൽ
കരുണാബ്ബേ—കേഴുന്നീദാസൻ.

19 നീ—യൊരുനാളിൽഗോഗുൽത്താമലയിൽ
സ്ലീബായുടെ മുകളിൽ
കൈകൾ വിരിച്ചിവരെ പുൽകാൻ;
കരുണാബ്ബേ ഞാനീ നിമിഷം,
നിൻ പേർക്കായ് ജീവിക്കുന്നു
ഒരു നാളിൽ നിൻപേർക്കായ് ഞാൻ
എൻ ജീവൻ—ബലിയർപ്പിച്ചീടും.

20 കാരുണ്യാബ്ബേ,—പാപം തീണ്ടിയ ഞാൻ
സ്ലീബായും പേറി
നിൻ പിറകേയെത്തുന്നിപ്പോൾ
കാൽവരി തന്നുടെയുയരത്തിൽ
ജീവൻ കുരിശിൽ ഹോമിക്കാൻ
ശാന്തി ജഗത്തിനു നൽകീടാൻ
നിൻപേർക്കായ് ബലിയർപ്പിച്ചീടാൻ.



21 ക്രൂശിൽ നിന്നും—കൈകളെടുത്തെന്നെ
പുൽകണമെൻ നാഥാ,
നിൻ പേർക്കണയാൻ എൻ ഹൃദയം
പിടയുന്നീശോ, മണവാളാ,
നീയാണെന്നും മമനാഥൻ
നിന്നിൽ നിന്നൊരു നാഴികയും
അകലാനാ—യിടയായീടരുതേ.

22 എല്ലാപ്പോഴും— ദൃഷ്ടികൾ മുമ്പിൽ നീ
കാണപ്പെടുവാനായ്
കാഴ്ചയെനിക്കേകണമീശോ,
ഹൃദയത്തിൽ നിന്നെമാത്രം
നാവിൽ നിത്യം നിൻ ഗീതം
ജീവിതവഴിയിൽ നിൻ ഭൂതം
വിതറീടാൻ കൃപചെയ്യണമീശോ. *

## 226–75 ഞാനെന്നും നിന്റേതാകുന്നു

രീതി: 8

1 എൻ ഹൃദയത്തിൻ—ശോഭയെഴും രാജാ,
വേഗം വന്നിടണം
നിന്നെ പ്രതി ഞാൻ ജീവിക്കും
വേദന തിങ്ങും താഴ്‌വരയിൽ
മോദത്തിൻ തൈലം നല്കാൻ
നിൻ മണവറയിൽ ചേർത്തീടാൻ
കരുണാബ്ബേ—വേഗം വന്നിടണം.

2 എൻ പ്രിയനാഥാ,—മുടിചൂടിയ മന്നാ,
ലോകത്തിൻ നാഥാ,
നിന്നെക്കാണുവതെന്നാണോ?
നിൻ സ്വരമെന്നടിയൻ കേൾക്കും
തകരും ചിന്തകളാലടിയൻ
ബന്ധിതനാകുന്നനുദിനവും
അവയിൽനി—ന്നെന്നെ രക്ഷിക്ക.

---

* മൎക്കോ. 8—11

www.malankaralibrary.com



3 ഈ—മരുഭൂവിൽ—എൻ ജീവിത വഴിയിൽ
ആശ്രയമായ് നാഥാ,
നീമാത്രം മതി മണവാളാ,
അന്ത്യമടുക്കുന്നൊരു നിമിഷം
അഖിലരുമൊരു പോൽ മാറീടും
ആശ്വാസം നീയരുളുന്നു
മണവാളാ,—വന്നിടണം വേഗം

4 കാരുണ്യാബ്ധേ,—നിൻതുള്ളംകയ്യിൽ
ശിശുപോൽ ഞാൻ മേവും
ദുഷ്ടനടുക്കില്ലെന്നരികിൽ
തിന്മകളും ദൂരെയകന്നീടും
കൃപയാലെന്നെ നീ മൂടും
നീയാണെന്നുന്നതനാഥൻ
നിന്നിൽ ഞാൻ വസ്സുന്നെൻ ജീവൻ.

5 കാരുണ്യാബ്ധേ—വിജ്ഞാനത്തികവേ,
നീയറിയുന്നെൻെറ
ശിരസ്സിൽ വളരും മുടിയെണ്ണം
ഒന്നുകൊഴിഞ്ഞാലറിവോനേ,
അവയുടെ നിറമറിയുന്നവനേ,
നീയെന്നെ സ്നേഹിക്കുന്നു
നിന്നിൽ ഞാൻ വസ്സുന്നെൻ ജീവൻ.

6 സ്വർഗ്ഗീയമതാം—ഉന്നതഭോജ്യം ഞാൻ
നിത്യം ഭക്ഷിക്കും
താതൻ ഹിതമെന്നും ചെയ്യും
എൻ കുരിശ്ശുകളെ പേറീടും
സുവിശേഷം ഞാൻ കാട്ടീടും
ഇന്നെൻവഴിയിൽ വരുന്നവയെ
നിൻ കൈയിൽ—നിന്നും കൈക്കൊള്ളും.

7 സ്വർഗ്ഗീയപിതാ, വത്സലനാം താതാ,
നിൻതിരുഹിതമെന്നും
ഉയരേ പോലിവിടാകേണം
ധര നിൻ പാദത്തിൻ പീഠം



നിൻതിരുഹിതമെല്ലാം ചെയ്യും
നിൻപ്രിയനാം മിശിഹായെപ്പോൽ
എത്തുന്നേൻ—നിന്നിഷ്ടം ചെയ്‌വാൻ,

8 എൻപ്രിയതാതാ—കരുണാസാഗരമേ,
ഹൃദയം കാണുവനേ,
എത്തുന്നടിയാ—രീനിമിഷം
നിൻതിരുഹിതമെന്നും ചെയ്വാൻ
നിൻപദ്ധതികൾ പൂവണിയും
തവഹിതമൊത്തെന്നെ തീർക്ക
നിന്നിൽ ഞാൻ വസ്സുന്നെൻ ജീവൻ.

9 കാരുണ്യത്തിൻ—ഉറവിടമേ ദേവാ,
നന്മ നിറഞ്ഞവനേ,
നിൻഹിതമെന്നെ കാട്ടിടുക
ഞാനാവഴിയെ നടന്നീടും
പുതുതാക്കണമെൻ മനസ്സിനെ നീ
റൂഹായാം ദാനം തരണം
ലോകസുഖം—നശ്വരമാണെന്നും.

10 എൻസമ്പത്തായ്—ധരയിൽ കരുതീടാൻ
മിശിഹായേയുള്ളൂ
ലൗകിക സമ്പത്തുകളെപ്പോം
അകലില്ലൊരു നാളും നാഥൻ
മൃതിയെ മൃതിയാൽ വെന്ന നൃപൻ
താതൻ സവിധേ നമ്മൾക്കായ്
അനുനിമിഷം മാദ്ധ്യസ്ഥ്യം ചെയ്യും.

11 സ്ലീബാപേറി—മൃതിയെ വരിച്ചവനേ,
ദൈവത്തിൻ സൂനൂ,
മൂന്നാം നാളിലുയർത്തവനേ,
പിതൃവലഭാഗെയിരിപ്പവനേ,
കാലാന്ത്യത്തിൽ വരുന്നവനേ,
സഭയെ മാറ്വിൽ ചേർപ്പവനേ,
കരുണാബ്ധേ, മിശിഹായേ വരണം.

www.malankaralibrary.com



12 എന്നെപ്രതി താൻ—ബലിയർപ്പിച്ചതിനാൽ
നാഥനായെന്നും
ധരയിൽ ഞാൻ ജീവിക്കേണം
കരിശുകളെല്ലാം പേറേണം
മിശിഹായെ കാട്ടണമെന്നും
ദീപം കാട്ടണമെല്ലാർക്കും
അവസാനം ബലിയർപ്പിക്കേണം.

13 താലന്തുകളെ—വർദ്ധിപ്പിച്ചവനാം
ഗുണവനാം ഭൃത്യാ,
രാജ്യം പൂകിടുകീനേരം
മണവറ സജ്ജമതാക്കിയിതാ
സ്നേഹത്തിൻ സേവകനായി
എൻ സുവിശേഷം നീ പേറി
മോദിക്കൂ—മോദമെഴും ഭവനേ.

14 ദീപമെടുത്ത—കന്യകമാരൊപ്പം
കരുണാവാരിധിയേ,
മണവറയിൽ ചേർക്കണമെന്നെ
വാതിലടയ്ക്കരുതെൻ നാഥാ,
ലജ്ജിതനായ് തീരരുതേ ഞാൻ
വലഭാഗം ചേർക്കണമെന്നെ
കരുണാബ്ബേ, കൈക്കൊള്ളണമെന്നെ.

15 കഷ്ടതതിങ്ങും—മിസ്രേം വിട്ടതിനാൽ
ഖേദിക്കരുതാരും
നാം പിതൃഭവനേ പോകുന്നു
ഗേഹം നിരവധിയുണ്ടവിടെ
മോദത്തിൻ പൂർണ്ണതയത്രേ
കുഞ്ഞാടിൻ വലുതാം സുദിനം
അതിനായ് നാം—ഓടാം എൻ പ്രിയരേ.

16 സൂര്യനുദിക്കും—നാഴികയെൻ നാഥാ,
പറവകൾ പാടുന്നു
ലോകം മോദിക്കുന്നങ്ങിൽ
പ്രഭയിൽ മർത്യർ പണി ചെയ്യും



സ്രഷ്ടാവാം നിന്നെ വാഴ്ത്തും
നിൻ ചെയ്തികളെ വിവരിക്കും
വാഴ്ത്തണമെ—യടിയാരെയിപ്പോൾ.

17 രാ—വണയുമ്പോൾ—മേലാകാശത്തിൽ
ജ്വാലകളുടെ കൂട്ടം
പാടുന്നുന്നതമാം ഗീതം
മായും വചനങ്ങളുമെന്യേ
സ്രഷ്ടാവിൻ സ്തുതി കീർത്തിപ്പൂ
നിശ്ചലമായൊരു ശബ്ദത്തിൽ
അവയോടൊ—ത്തിവർ നിൻ സ്തുതിപാടും.

18 കന്യകമറിയാം—പരിപാവനമാതാ,
ശ്രേഷ്ഠതയേറുന്നോൾ
താരങ്ങളെ വെല്ലുന്നവളും
സൂര്യൻ വസനത്തിൻ രത്നം
അവളെന്നും നിന്നെ വാഴ്ത്തും
സൃഷ്ടികളെല്ലാററിനെയുംകാൾ
ഉന്നതയാ—ണെൻ മാതാ മറിയം.

19 രാ—പകലുകളിൽ—എന്നെ കാപ്പാനായ്
ദൂതനെ വിട്ടവനേ,
നിന്നെ ഞാൻ വന്ദിക്കുന്നു
ദൂരെയകറ്റുക വഞ്ചകനെ
റൂഹായാം ദാനം തരണം
ശിരസ്സിൽ നിൻ കൈ വയ്ക്കേണം
നിന്നെ ഞാൻ എന്നും വാഴ്ത്തീടും.

20 കാരുണ്യാംബ്ബേ—എൻ പ്രിയനാം നാഥാ,
നിന്നെ ഞാൻ വാഴ്ത്തും
എന്നും നിൻ സ്തുതി ഞാൻപാടും
നിൻ ചെയ്തികളെ വിവരിക്കും
നിന്നെ ഞാൻ സ്നേഹിക്കുന്നു.
നിൻകരമെന്മേൽ വയ്ക്കണമെ
ഞാനെന്നും—നിന്റേതാകുന്നു.

www.malankaralibrary.com



## 227-76 തരണം ശാന്തി നിറഞ്ഞദിനം

രീതി: 8

1 കാരുണ്യാബ്ധേ—മിശിഹാ കർത്താവേ,
മേലുയരേ നിന്നും
തരണം ശാന്തി നിറഞ്ഞ ദിനം
നിൻ ഗീതം ഞാൻ പാടീടും
ആരാധനയർപ്പിച്ചീടും
നിന്നെ ലോകേ കാട്ടീട്ടു
നന്ദിനിന—ക്കേകീടും നിത്യം.

2 ഉന്നതരാജാ,—മൃതിരഹിതൻ മിശിഹാ,
കൈക്കൊള്ളുണമെന്നെ
നിൻ സ്ലീബായാണെന്നഭയം
നിൻ റൂഹായെൻ വഴികാട്ടി
ദുഷ്ടനെയാട്ടിപ്പായിക്ക
വേദനയഖിലം നീക്കീട്ടു
വിജയത്തിൻ മകുടം നല്കിടുക.

3 എല്ലാപ്പോഴും—എതിരായ് മരുവുന്ന
തിന്മനിറഞ്ഞവനാം
ദുഷ്ടനെയാട്ടിപ്പായിക്ക
ഹൃദയേ ശാന്തത നല്കിടുക
നന്മകളാൽ പൂരിതനാക്ക
ആശ്വാസം നല്കന്ത്യത്തിൽ
നിൻ വരവിൽ—ദൂതർ മധ്യത്തിൽ

4 അത്യുന്നതനേ—ലോകത്തിന്നുടമേ,
കാരുണ്യം ചിന്തു
നിൻ കരവേലയതാം ധരയിൽ
സ്ലീബായാൽ നവമാക്കെന്നെ
ത്രീയേകൻ നീ സംസ്തുത്യൻ
മാനവഹൃദയേ വാഴുന്നോൻ
സ്നേഹത്തിൽ മേവുന്നവനെന്നും.



5 ആരാധനകൾ—അർപ്പിക്കുന്നടിയർ
അത്യുന്നതനാകും
ത്രീയേകൻ സർവ്വേശ്വരനായ്
അവനിൽ ജീവൻ വള്ളുന്നു
കരുണ നിറഞ്ഞവനാം ദേവാ,
ധരയിൽ കൃപ വർഷിപ്പവനേ,
നീയത്രേ—ജീവൻ നല്കുന്നോൻ.

6 വാഴ്ത്തുകനാഥാ—നിൻ ദാസന്മാർ തൻ
ഭവനങ്ങളെയിപ്പോൾ
നിൻ സ്ലീബായിൽ ശരണിതരായ്
നിൻ സുതനെ കൈക്കൊണ്ടവരെ
കാക്കണമെ നിൻ വൻ കൃപയാൽ
അതിരില്ലാത്തവനാം നൃപനേ,
നീയത്രേ—സകലത്തിനുമുടയോൻ.

7 കാരുണ്യാബ്ധേ—പാവനനാം നാഥാ,
യുദ്ധം നീക്കുക നീ
ധരയിൽ ശാന്തത വർഷിക്കു
തിരുസഭയെ നീ ബലമാക്കു
നീതിപൊഴിക്കു ഉയരേന്നും
നിൻസ്തുതി ഞങ്ങൾ പാടീടും
എന്നെന്നും സ്തുതികൾക്കർഹൻ നീ.

## 228-77 ദൈവികരാജ്യം

രീതി: 8

1 ചോദിച്ചീടുവിൻ—നല്കീടുമതു സത്യം
അന്വേഷിച്ചീടുവിൻ
നിശ്ചയമായ് കണ്ടെത്തീടും
മുട്ടുന്നവനു തുറക്കുന്നു
ചോദിപ്പവനു ലഭിക്കുന്നു
ഉന്നതമാകും വൻ ദാനം
ഉയരേന്നും—താതൻ നല്കുന്നു.

www.malankaralibrary.com



2 ഈ ലോകത്തിൻ സ്രഷ്ടാവാം താതൻ
സുതനെയയച്ചിവിടെ
ധരയെ പുതുതായ് പണിതീടാൻ
റൂഹാ പൂർണ്ണതയേകുന്നു
നവമാം രാജ്യത്തിൻ വഴികളം
തിരയിൻ വത്സലരേ, നിങ്ങളും
നിശ്ചയമായ് അതു കണ്ടെത്തീടും.[1]

3 അത്യുന്നതനേ, വഞ്ചനകൂടാതെ
മുഴുഹൃദയത്തോടെ
നിന്നെ സ്നേഹിച്ചിടുവാനായ്
കൃപയരുളണമീ ദാസർക്കായ്
ഹൃദയം കഴുകിയിതാ ഞങ്ങളും
നിൻ സവിധേയണയുന്നിപ്പോൾ
കാരുണ്യം—ചിന്തണമിവരിൽ നീ.

4 വത്സല താതാ, നീ വാഴ്ത്തപ്പെട്ടോൻ
സ്തുതികൾക്കർഹനഹോ
കൃപയാൽ നീ ദാനം വിതറി
അത്യുന്നതനാം മിശിഹായിൽ
ധരയെ നീ കൃപയാൽ വാഴ്ത്തി
നരനായ് മണവറയുണ്ടാക്കി
ഞാനെന്നും നിന്നെ വാഴ്ത്തീടും.

5 വത്സലതാതാ—മിശിഹാ കർത്താവിൽ
നീയീയടിയാരെ
നിൻ സുതരാക്കിത്തീർത്തതിനാൽ
പൂരിതരാക്കി സ്നേഹത്താൽ
തവ ഹൃദയത്തിൽ നിന്നിവിടെ
നിരവധിയാം ദാനം ചിന്തി
ഞാനെന്നും നിന്നെ വാഴ്ത്തീടും.

(1) ലൂക്കാ. 11



6 മ്ശീഹാരാജാ,—കരുണാ സാഗരമേ,
നിൻ തിരുരക്തത്താൽ
ജീവൻ ഞങ്ങൾ പ്രാപിച്ചു
മാലിന്യം നീ കഴുകിയിതാ
മുറിവുകൾ നന്നായ് സുഖമാക്കി
കൃപയാൽ പൂരിതരാക്കിയിതാ
ഞാനെന്നും നിന്നെ വാഴ്ത്തീടും.

7 താതൻ സവിധേ—ഗൂഢം സ്ഥിതി ചെയ്യും
ഉന്നത രഹസ്യങ്ങൾ
മിശിഹായോതിയിതാ ധരയിൽ
ധരയെ ഒരു നാളൊരുമിക്കാൻ
മാലിന്യം കൂടാത്തവളാം
കന്യകയായ് താതനു നല്ലാൻ
സുതനെത്തീ—നരനായീ ധരയിൽ.[2]

8 ദൈവികരാജ്യം നീതിയുടാലയമാം
റൂഹായിൻ ശാന്തി
ആനന്ദത്തിൻ പൂർണ്ണതയും
ഭക്ഷണ പാനീയമില്ലവിടെ
ലൗകിക വസ്തുവുമില്ലവിടെ
മിശിഹായുടെ ദാസന്മാർക്കായ്
ദൈവം നൽ—കുന്നോരിടമത്രേ.[3]

9 ദൈവിക രാജ്യം—ഗൂഢമതാം രഹസ്യം
നാഥനരുളുന്നു
ശക്തി നിറഞ്ഞൊരു യാഥാർത്ഥ്യം
മിശിഹാ സഭയുടെ ശിരസ്സത്രെ
റൂഹാ സഭയെ നയിക്കുന്നു
താതൻ കൃപകൾ ചൊരിയുന്നു
അതിനുള്ളിൽ—എന്നും മേവീടാം.[4]

(2) എഫേ. 1:3—10
(3) റോമ. 16:17
(4) 1 കൊറി. 4:20

www.malankaralibrary.com



10 ലൗകിക ജീവൻ—നശ്വരമെൻ പ്രിയരേ,
ശാശ്വതമല്ലോർക്കിൻ
അതു നാം വെടിയണമൊരു നാളിൽ
സുന്ദര ഗാത്രത്തിൻ ശോഭ
മരണത്തിൻ വലുതാം നാളിൽ
വാടിക്കരിയുന്നതു കാണ്മിൻ
കീടങ്ങൾക്കിരയായതു തീരും.[5]

11 സുന്ദരഗാത്രം—കീടം തിന്നീടും
പൊടിയായതു മാറും
പൊടിയിൽ നിന്നതുവായതു പോൽ;
നിഗളിക്കരുതാരും ധരയിൽ
ശോഭയിൽ ഗർവ്വിക്കരുതാരും
ഗാത്രം ശാശ്വതമല്ലിവിടെ
കീടങ്ങൾക്കിരയായതു തീരും.

12 മർത്ത്യശരീരം—ത്രിത്വം മേവുന്ന
പാവനമാലയമാം
അതിനെ ബഹുമാനിക്കേണം
പൊടിയിലലിഞ്ഞാലും ഒരുനാൾ
കാഹളനാദം കേൾക്കുമ്പോൾ
ശോഭയോടെഴുന്നേല്ക്കും ദേഹം
അതു നമ്മൾ ഓർക്കണമെൻ പ്രിയരേ.

13 മർത്ത്യശരീരം—ദൈവത്തിൻ ദാനം
റൂഹായുടെ ഗേഹം
പരിപാവനമാം ആലയവും
പാപം വിട്ടകലണമെന്നും
ചിന്തകൾ പാവനമാക്കേണം
ചെയ്തികൾ ദൈവഹിതം പോലെ
നീയന്ത്യേ രാജ്യം പ്രാപിക്കും.

(5) സിറാഹ് 7–11



14 മർത്ത്യശരീരം—കുസുമസമം ധരയിൽ
വാടിക്കരിയുന്നു
വാടാത്തൊരു കുസുമം തരുവോൻ
അത്യുന്നതനാം ദൈവസുതൻ
അവനെ താണു വണങ്ങീടാം
ദേഹമവന്നായർപ്പിക്കാം
നീയന്ത്യേ—രാജ്യം പ്രാപിക്കും.

15 സാമ്രാജ്യങ്ങൾ—തകരുന്നൊന്നൊന്നായ്
പുതിയവയുയരുന്നു
മാററമെഴാത്തവനൊരുവൻ താൻ
അത്യുന്നതനാം ദൈവസുതൻ
ഭൂമധ്യത്തിലവൻ വച്ച
ജീവൻ പകരും സ്ലീബായും
ഒരു നാളും മാറില്ലെൻ പ്രിയരേ.

16 ദുഷ്ടതയാലെ—പണിതവയാം നഗരം
പിഴുതെറിയുന്നുടയോൻ
അതു മരുഭൂമിയതായ് പകരും
നിന്ദ്യമതാമൊരു ധരപോലെ
തന്നുടെ പ്രിയരാം സ്നേഹിതരോ
കാലാകാലം വാണീടും
മോദമെഴും—ഉന്നത നഗരത്തിൽ.

## 229-78 നമ്മുടെ ദേഹം

രീതി: 8

1 ധന്യൻ പൗലോസ്—ശ്ലീഹായോതുന്നു
കറതീർന്നവരായ് നാം
ഈ മരുഭൂവിൽ വസിക്കേണം.
നമ്മുടെ പെസഹായാം മിശിഹാ
നാഥന്റെ പ്രീതികരം ബലികൾ
ആത്മാർത്ഥതയുടെ അപ്പത്താൽ
വത്സലരേ അനുദിനമർപ്പിക്കാം.[1]

(1) 1 കൊറിന്തോസ്, 5:6–8

www.malankaralibrary.com



2 ദൈവികരാജ്യം നേടുന്നവനാരോ?
നീതി നിറഞ്ഞ നരൻ
വഞ്ചന ഹൃദയേയില്ലാത്തോൻ
കൊല ചെയ്യാത്തവനാം നരനും
കൈകൾ നന്നായ് കഴുകിയവൻ
ശിശുതുല്യം മേവുന്നവനും
പ്രാപിക്കും—ദൈവികമാം രാജ്യം.[2]

3 തിന്മയിലേക്കായ്—തിരിയുതൊരുനരനും
സോദരനെതിരെ തൻ
കാലുകൾ നീങ്ങാത്തൊരു നരനും
കൈക്കൂലികൾ വാങ്ങാത്തവനും
നാവിൽ കളവില്ലാത്തവനും
സ്നേഹത്തിൽ മേവുന്നവനും
പ്രാപിക്കും—ദൈവികമാം രാജ്യം.[3]

4 ദുഷ്ടന്മാരാം—നരരുടെയുപദേശം
ശ്രദ്ധിക്കാത്തവനും
ദുഷ്ടതവിട്ടകലുന്നവനും
പരിഹാസികളെയകന്നവനും
സ്ത്രീകളെ ബഹുമാനിപ്പവനും
അത്യാഗ്രഹമില്ലാത്തവനും
പ്രാപിക്കും—ദൈവികമാം രാജ്യം.[4]

5 നമ്മുടെ ദേഹം മിശിഹാ നാഥന്റെ
അവയവമാകുന്നു
അതു മിശിഹായുടെ വകയത്രേ
അതിനെയെഴുന്നേല്പിക്കുമവൻ
ശോഭയെഴും വസനം നല്കും
അവനോടൊന്നായ് ചേർന്നിടാം
ഹൃദയങ്ങൾ അവനിൽ വച്ചിടാം.[5]

---

(2) 1 കൊറി. 6:9–11
(3) സങ്കീ. 24
(4) സങ്കീ. 1
(5) 1 കൊറി. 6:12–16



6 നമ്മുടെ ദേഹം റൂഹായാം ദൈവം
വാഴുന്നൊരു ഭവനം
നാമതു പ്രാപിച്ചയരേന്നും
മൂല്യമെഴും രക്തത്താൽ നാം
വാങ്ങപ്പെട്ടവരാകുന്നു;
ദേഹം നമ്മുടെ വകയല്ല
ദേഹത്തിൻ നാഥനെ വന്ദിക്കാം.[6]

## 230–79 നാഥൻ സവിധേ ഭൃത്യൻപോൽ

രീതി: 3

1 എന്നെ സ്നേഹിക്കുന്നവനേ,
നിന്നിൽ വയ്ക്കു—ന്നെന്നെ ഞാൻ
ജീവജലത്തിന്നുറവയതിൽ
കഴുകണമെൻ പാപം നന്നായ്.

2 തിന്മവെറുക്കും നാഴികയിൽ
കെണിയിൽ വീഴു—ന്നു ദാസൻ
കരുണ നിറഞ്ഞ കരം നല്കി
കുഴിയീന്നെന്നെയേറ്റണം.

3 ചിറകിൻ കീഴിൽ ചേർത്തെന്നെ
സംരക്ഷിക്കു കരുണാബ്ധേ,
ഞാൻ നിന്നെ സ്നേഹിക്കുന്നു
പാപം വിട്ടകലുന്നിപ്പോൾ.

4 നിൻ സവിധേ മാത്രം നാഥാ,
അണയുന്നു ഞാൻ ദയവാനേ,
നീ മാത്രം കൃപ നല്കുന്നു
പാപിയിവൻ നിന്നെ വിട്ടു.

5 തള്ളരുതെന്നെ പ്രിയ നാഥാ,
ഞാൻ നിന്നെ സ്നേഹിക്കുന്നു
പുണ്യത്തിൻ പാതകളെന്നെ
കാട്ടണമെപ്പോഴും നാഥാ.

---

(6) 1 കൊറി. 6:17–20

www.malankaralibrary.com


6 പാപം കൂടാ—ത്തവനേകൻ
അത്യുന്നതനാം പ്രിയ നാഥൻ
അതുപോൽ കന്യകയാം മാതാ
കറയില്ലാത്തവളാകുന്നു.

7 കറകൾ നിറഞ്ഞോ—രിവരെ നീ
കൃപയാൽ കഴുകു—കരുണാബ്ധേ,
ചെളിയിൽ പാദം താഴാതെ
സംരക്ഷിക്കണമെപ്പോഴും.

8 നാഥൻ സവിധേ ഭൃത്യൻ പോൽ
കണ്ണുകളുയരു—ന്നെൻ നാഥാ,
വഴിതെറ്റിയ സുതനെപ്പോലെ
കരയുന്നീ നിമിഷം ദാസൻ.

9 വലിയവനാമെൻ ജഗദീശാ,
ചെറിയവനിവനിൽ കൃപചെയ്യൂ
പാപം ചെയ്തവനാമിവനിൽ
ദൃഷ്ടിപതിക്കു കാരുണ്യാൽ.

10 പാപത്തിൻ നി—ദ്രയിൽ നിന്നും
എന്നെ ഉണർത്തു കരുണാബ്ധേ
അറിവുള്ളവനാം നീയെന്റെ
അപരാധങ്ങൾ പൊറുക്കേണം.

## 231–80 നിന്നിൽ ഞാൻ വയ്ക്കുന്നെൻഹൃദയം

രീതി: 8

1 മ്ശീ—ഹാരാജാ,—കരുണാസാഗരമേ,
നിന്നെ സ്നേഹിക്ക—
ന്നിവനെ നീ കൈക്കൊള്ളണമെ
തീ നരകത്തിന്നാഴത്തിൽ
പൂകാനിടയാകരുതേ ഞാൻ
നിൻ സ്തുതി ഞാനെന്നും പാടും
കൃപനിറയും—കരുണാസാഗരമേ.



2 നീ—ചൊരിയുന്നു,—നിൻ ദാസന്മാർക്കായ്
മേലുയരേ നിന്നും
കൃപ നിറയുന്നൊരു വൻ പാത്രം
അതു പാനം ചെയ്യുന്ന നരർ
ജീവിക്കുന്നെല്ലാ ദിനവും
മൃതി നിപതിക്കില്ലാ നരനിൽ
പാതാളം—വിജയിക്കില്ലൊരു നാൾ.

3 മ്ശീ—ഹായോടായ്—ശെമഓനരചെയ്തു:
പ്രിയനാമെൻ നാഥാ,
രാ മുഴുവൻ ഞാൻ പണിചെയ്തു
എൻ വൃത്തികൾ ഫലശൂന്യമതായ്
എങ്കിലുമെൻ നാഥാ നിന്നിൽ
ശരണിതനായ് ഞാനെൻ നാഥാ
എൻ വലയെ കടലിലിറക്കീടാം.

4 നാ—ഥൻ ചൊന്നു: ''ആഴിയുടാഴത്തിൽ
പടവിൻ വലഭാഗേ
നിൻ വലയെറിയൂ ശെമഓനേ,''
ശെമഓനതുപോൽ ചെയ്തപ്പോൾ
തിങ്ങീ മത്സ്യങ്ങൾ വലയിൽ
അതിനാൽ വല കീറാറായി
ശെമഓനോ—ടീ മിശിഹാ സവിധേ.

5 മ്ശീ—ഹാ നാഥാ,—നീയത്യുന്നതനാം
ദൈവസുതൻ തന്നെ
ഞാനോ പാപം തിങ്ങിയവൻ
നിന്നിൽ വയ്ക്കുന്നെൻ ജീവൻ
എൻ വലയും മമ ചെയ്തികളും
കരുണാ സാഗരമതിലേക്കായ്
എറിയുന്നു—കൈക്കൊൾകെൻ നാഥാ.

www.malankaralibrary.com



6 രാ—വിന്നന്ത്യേ—പറവകൾ പാടുമ്പോൾ
നിൻ സവിധേയണയാൻ
വെമ്പുന്നീശോ മമ ഹൃദയം
നിൻ സ്തുതി എന്നും പാടീടാൻ
നിന്നെ ലോകത്തിനു കാട്ടാൻ
നിൻ ചെയ്തികളെ വിവരിപ്പാൻ
നന്ദിനിന—ക്കേകീടാൻ നാഥാ.

7 ഈ മരുഭൂവിൽ—നീ മാത്രം നാഥാ,
സ്നേഹിതനായുള്ളു,
തെററുകളോർക്കാത്തൊരു നാഥൻ
കറകൾ കഴുകുന്നോരുറവ
പൂർണ്ണത നല്കും പറുദീസാ
മകുടം നല്കും രാജാവ്
ഞാനെന്നും നിന്നെ സ്നേഹിക്കും.

8 ''ഓ—ടിയടുക്കൂ—എൻ സവിധേ നിങ്ങൾ''
നാഥൻ ചൊല്ലുന്നു
ജീവജലം ഞാൻ നല്കീടാം
വഴി ഞാൻ കാട്ടാമെൻ സുതരേ,
സത്യം ഞാനരു ചെയ്തീടാം
കൈക്കു പിടിച്ചു നടത്തീടാം
ഒരു നാളും—കാലുകളിടറില്ല.

9 പാ—പിനിപോൽ ഞാൻ—കരുണാസാഗരമേ,
നിൻ സവിധേയെത്തി
കണ്ണീർ തൂകുന്നെൻ നാഥാ,
കഴുകണമെൻ കറകൾ നന്നായ്
നിരവധി പാപം ചെയ്തടിയൻ
ദൃഷ്ടികൾ ദ്രവ്യത്തിൽ വച്ചു
നിൻ വഴികൾ—വിട്ടിവനോടിപ്പോയ്.

10 നാഥാ, ദേവാ,—കരുണാസാഗരമേ,
കന്യകയുടെ സുതനേ,
നിർമ്മലരുടെ പ്രിയ മണവാളാ,
നിന്നെ ഞാൻ സ്നേഹിക്കുന്നു



ശക്തികളൊക്കെയൊടും കൂടെ
പിളരാത്തൊരു ഹൃദയത്തോടെ
നാഥാ, നീ—വന്നു വസിക്കെന്നിൽ.

11 കന്യാ സുതനേ,—ദൈവത്തിൻ പുത്രാ,
നിബിമാരുടെ നാഥാ,
പറുദീസായുടെ താക്കോലേ,
മകുടം നല്കുന്നൊരു ദേവാ,
മരുഭൂമിയിലെ മന്നായേ,
ദാഹജലത്തിൻ നീരുറവേ,
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ഹൃദയം.

12 എല്ലാദിനവും—എന്നിൽ കൃപ ചൊരിയും
കരുണാസാഗരമേ,
ഉന്നതഗോപുരമേ, നാഥാ,
മൃതിയെ മൃതിയാൽ വെന്നവനേ,
മൂന്നാം നാളിലുയിർത്തവനേ,
പിതൃവലഭാഗെയിരിപ്പവനേ,
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ഹൃദയം.

13 ഓരോ നിമിഷം—നിൻ കരമെൻമീതെ
കൃപയാൽ വച്ചെന്നെ
സംരക്ഷിപ്പവനാം നാഥാ,
അത്യുന്നതനാമെന്നിടയാ,
പുൽമേടുകളിൽ നയിപ്പവനേ,
നാവിൽ ഗീതം നല്കുന്നോൻ,
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ഹൃദയം.

14 ഞാൻ ബലഹീനൻ—പാപത്തിന്നടിമ
ചെളിയിൽ വീണ നരൻ
കറകൾ തിങ്ങി നിറഞ്ഞവനും
നീയെന്നെ കൃപയാൽ കഴുകി
ദൃഷ്ടികൾ എന്മേൽ നീ വച്ചു
നാവിൽ ഗീതം നല്കുന്നോൻ
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ഹൃദയം.

www.malankaralibrary.com



## 232–81 മണലാൽ കടലിന്നതിരിട്ടോൻ

രീതി: 8

1 കാരുണ്യാംബ്ദേ,—ദൈവത്തിൻപുത്രാ,
കഴുകണമെന്നെ നീ.
ദുഷ്ടത ദൂരെയകററണമെ
റൂഹായാം ദാനം ചിന്തു
ഹൃദയേ സ്നേഹം ചിന്തണമെ
രോഗങ്ങളം നീ നീക്കണമെ
നിന്നിൽഞാൻ—വസ്സുന്നെൻ ഹൃദയം.

2 ശ്ലേ—മോനേക്കാൾ ശ്രേഷ്ഠതയേറുന്ന
മിശിഹാ കത്താവേ,
അബ്രാഹത്തിനു മുമ്പുള്ളോൻ
അഗതികളിൽ കൃപ ചൊരിയുന്നോൻ
മണലാൽ കടലിന്നതിരിട്ടോൻ
കാരുണ്യത്തിൻ വിളനിലമേ,
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.

3 രോഗങ്ങളം നീ—കൃപയാൽ നീക്കുന്നു
ദുഷ്ടത നീക്കുന്നു
കൃപകളം ചൊരിയുന്നു ധരയിൽ
ദാനം നല്ലുന്നുയരേന്നും
വിജ്ഞാനം വിതറുന്നെങ്ങും
ദാസക്കേകുന്നു ശക്തി.
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.

4 പ്രാത്ഥിപ്പാനായ്—ശക്തിപകന്നവനേ,
കരുണാസാഗരമേ,
പ്രാത്ഥന കേൾക്കണമീനിമിഷം
തവ റൂഹായെയയയ്ക്കണമെ
ദാനം ചൊരിയണമെൻ ഹൃദയേ
വാക്കുകളം നല്ലണമെൻ നാഥാ,
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.



5 ദേശങ്ങളിൽ നിൻ—സന്ദേശം പകരാൻ
ശക്തി പകന്നു തരു
നാവിൽ വചനം നല്ലീട്ടു
ഹൃദയത്തിൽ നിൻ വൻ സ്നേഹം
നിന്നെ കാത്തവർ മേവുന്നു
ദാഹജലം തേടും മാൻ പോൽ
നിന്നിൻ ഞാൻ—വസ്സുന്നെൻ ഹൃദയം.

6 വേദനതിങ്ങും—കൂരിരുൾ താഴ്വരയിൽ
ദീപം കാട്ടണമെ
കൃപയാൽ വേദന മാററണമെ
രോഗങ്ങളം നീ നീക്കണമെ
മനസ്സിനു ശക്തി പകന്നിടണെ
ഹൃദയത്തിൽ നിൻ ശാന്തിയത്തും
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.

7 വേദന നീക്കും—ഉത്തമനാം വൈദ്യാ,
കഴുകണമെന്നെ നീ
നിൻ കരുണക്കടലിൽ നന്നായ്
തൈലം പൂശണമെൻ ശിരസ്സിൽ
മുറിവുകളം സുഖമാക്കീടണമെ
ദേഹാരോഗ്യം നല്ലണമെ
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.

8 മ്ശീഹാ—നാഥാ,—വിശ്വാസം തരണേ
പ്രാത്ഥന കേൾക്കണമെ
കേഴുന്നടിയാർ നിൻ സവിധേ
റൂഹായാം ദാനം തരണം
നിന്നെ ലോകത്തിനു കാട്ടാൻ
ദാസന്മാരെയയയ്ക്കണമെ
നിന്നിൽ ഞാൻ—വസ്സുന്നെൻ ഹൃദയം.

www.malankaralibrary.com



9 മൃ—ത്യുവിൽ നിന്നു്—മൃതരെ വീണ്ടവനേ,
ജീവന്നുറവിടമേ,
അണയുന്നടിയാർ നിൻ പക്കൽ
രക്ഷിക്കണമെന്നെ കൃപയാൽ
മൃത്യുവിൽ നിന്നും മോചിക്കുക
ജീവന്നുറവ ചൊരിഞ്ഞീടു
നിന്നിൽ ഞാൻ—വയ്ക്കുന്നെൻ ഹൃദയം.

10 ഉന്നതരാജ്യം—വയൽ സമമാകുന്നു
താതൻ കർഷകനും
മിശിഹായതിലെ മുന്തിരിയും
നാമാമുന്തിരിയിൻ ശിഖരം
കളയായ്തീരാതെൻ പ്രിയരേ
ഫലമേകുന്നൊരു ശാഖകളായ്
അനുനിമിഷം—വർത്തിച്ചീടേണം.

11 ഉന്നത രാജ്യം—മലമുകളിലെ ദീപം
മിശിഹായോതുന്നു
നിങ്ങൾ ജ്വാലകളാകുന്നു
ഉയരേയുള്ളൊരു നഗരം പോൽ
രസമേകുന്നൊരു ലവണം പോൽ
സന്ദേശം പേറുന്നവരായ്
അൻനിമിഷം—വർത്തിച്ചീടേണം.

12 ഉന്നതരാജ്യം—വിത്തിൻ സമമത്രേ
വയലിലെറിഞ്ഞുടയോൻ
അതു വളരുന്നു രാപകലിൽ
കർഷകനറിയാതതു കതിരായ്
കതിരിൽ മണികൾ നിറയുന്നു
കാലാന്ത്യത്തിലുണങ്ങീടും
അതു പേറാൻ—എത്തുന്നു ദൂതർ.



13 ഉന്നതരാജ്യം—കടുകിൻ മണിപോലെ
ദൃഷ്ടിയിൽ ചെറുതത്രേ
അതു വലുതായ് ധര നിറയുന്നു
ശാഖകളെത്തുന്നെമ്പാടും
പറവകൾ വന്നു വസിക്കുന്നു
മൃഗജാലം മോദിക്കുന്നു
തേടുന്നു ക്ഷീണിതരാശ്വാസം.

14 എൻ—രക്ഷകനേ,—മനസ്സിൽനിരവധിയാം
ചിന്തകൾ തിങ്ങുന്നു
ഹൃദയം പിടയുന്നീനേരം
നിൻ സ്ലീബായെ ദർശിപ്പാൻ
നിൻ തിരുസ്നേഹം ധ്യാനിപ്പാൻ
നിൻ ശാന്തത ഹൃദയേ പേറാൻ
ദാസർക്കി—ന്നേകണമെ കരുണ.

15 ചിന്തകളാൽ ഞാൻ—ബന്ധിതനാകാതെ
നിൻ ശാന്തത കാണാൻ
ഹൃദയേ സ്നേഹം തിങ്ങീടാൻ
നിന്നെ ലോകത്തിനു കാട്ടാൻ
നിൻ സുവിശേഷം ഘോഷിക്കാൻ
പുതിയൊരു ധരയെ പണിതീടാൻ
റൂഹായാം—ദാനം ചിന്തണമെ.

16 നാവിൽ മാത്രം—സ്നേഹിതരാകാതെ
മുഴുഹൃദയത്തോടെ
നിൻ പേർക്കായ് ജീവൻ വയ്ക്കാൻ
ഹൃദയം നിൻ ഹൃദയേ വയ്ക്കാൻ
നിൻ സ്നേഹത്തിൽ ജീവിക്കാൻ
സത്യാരൂപിയിൽ വന്ദിപ്പാൻ
റൂഹായാം ദാനം ചിന്തണമെ.

www.malankaralibrary.com



## 233-82 വലയെറിയാം ആഴിയുടാഴത്തിൽ

രീതി: 8

1 പാതകരം തീർപ്പാൻ—എത്തീയൂഹാനോൻ
യോർദ്ദാൻ തീരത്തിൽ
മിശിഹായുടെ വരവറിയിച്ചു
മരുഭൂമിയിലെ സ്വരമായി
പാതയൊരുക്കിൻ വത്സലരേ,
രാജ്യം സ്ഥാപിതമാകാറായ്
അനുതാപ—ത്തിൻ വസനംചൂടിൻ.

2 കേശം—പ്പിൻ പ്രിയരേ,—എൻപിറകേവരുവോൻ
എന്നേക്കാൾ മുൻപൻ
കന്യകമറിയാമിൻ സൂനു
ഉന്നതദൈവത്തിൻ പുത്രൻ
റൂഹായിൽ സ്നാനം നല്കും
കൃപയാൽ നമ്മെ നിറച്ചീടും
അവനായ് നാം—വാതിൽ തുറക്കേണം.

3 ഗ്ലീലാ നഗരേ—മിശിഹായോതിയിദം
കാലാന്ത്യമടുത്തു
ആഗതമായ് പ്രിയരേ, രാജ്യം
അനുതാപം ചൂടിൻ ഉടനേ
സുവിശേഷത്തിലുറച്ചിടുവിൻ
സ്നേഹം വിതറിൻ ഭുവെങ്ങും
താതൻ സ്നേ—ഹത്തിൻ നിറകുടമാം.

4 മ്ശീ—ഹായോതി—ശെമഓനോടായി
എൻപിറകേ വരുവിൻ
നവമാം വല ഞാൻ നല്കീടാം
പുതിയൊരു പടവുനിനക്കു തരും
ആഴിക്കടൽ ഞാൻ കാട്ടീടാം
മത്സ്യംതിങ്ങും നിൻവലയിൽ
മത്സ്യങ്ങളാം—കുടയവനാണീശോ.



5 ലോകം മുഴുവൻ—തിങ്ങും ജനതതിയെ
വീശിയെടുക്കാനായ്
പോകൂ സ്ലീബായും പേറി
വത്സലനാമെൻ പ്രിയശിഷ്യാ,
നിന്നെക്കാത്തവർ മേവുന്നു
ദാഹജലംതേടും മാൻപോൽ
നൽകൂ നീ—എൻപ്രിയസുവിശേഷം.

6 ര—ക്ഷാനാദം—ഹൃദയേ കൈക്കൊള്ളാൻ
വലിയൊരു ജനകോടി
നോക്കിപ്പാർക്കുന്നെൻ പ്രിയരേ,
ഓടാമവരുടെ സവിധത്തിൽ
വലയിൽ കയറാനായ് മത്സ്യം
കടലിൽ ചുററിനടക്കുന്നു
വലയെറിയാം—ആഴിയുടാഴത്തിൽ.

7 മർത്ത്യർക്കെല്ലാം—മോദം പകരുന്ന
സന്ദേശം പകരും
കരുണ നിറഞ്ഞൊരിടയാ നീ,
യോഗ്യതയടിയാർക്കേകണമേ.
നിൻവചനം പേറുന്നതിനായ്
നിന്നെയുയർത്തിക്കാട്ടീടാൻ
പ്രിയനാഥാ, വരമിങ്ങേകേണം.

8 നാഥാ, ദേവാ,—ശക്തിപകർന്നു തരൂ
നാവിൽ നിൻവചനം
കയ്യിൽപ്രിയമാം സ്ലീബായും
ഹൃദയേ ഉത്തമനാം നിന്നെ
ജീവിതവഴിയിൽ നിൻസ്നേഹം
സുവിശേഷത്തിൻ വൻദീപം
പേറുംഞാൻ—കൈകളിലെൻ നാഥാ.

www.malankaralibrary.com



9 വേലക്കാരെ—വയലിലയച്ചീട്ടു;
വിളവധികം നല്കും
വയൽ കൃഷ്കനെ നോക്കുന്നു;
പോകുവതിന്നായാരുണ്ടു്?
കററകറ്റ ഭവനേയെത്തിക്കാൻ
ധാന്യം പുരയിൽ കൂട്ടിടാൻ
വന്നിടുവിൻ—പ്രിയരാം സേവകരേ.

10 വത്സലതാതാ,—കാരുണ്യത്തികവേ,
കേൾക്കണമെന്റെ സ്വരം
വയലിലയയ്ക്കു കൃഷ്കരെ
റൂഹായിൻ കൃപനല്കീട്ടു
നാവിൽ വചനം നല്കീട്ടു
ജീവിത വഴിയിൽ നിൻസ്നേഹം
ഞാനെന്നും നിന്നെ കാട്ടീടും.

11 കാരുണ്യാബ്ധേ,—കൃപ ചെയ്യണമെല്ലാ
നരരുടെ മേലും നീ
തിന്മകറ്റ നീക്കണമിവിടുന്നു്
പൂർണ്ണത നല്കണമെല്ലാക്കും
കണ്ണീർ കാണുകയെൻ നാഥാ,
ദാനം കൈക്കൊള്ളുക ദേവാ,
ഞാനെന്നും നിന്നെ കാട്ടീടും.

12 കാരുണ്യാബ്ധേ,—ജീവന്നുറവിടമേ,
പ്രാർത്ഥന കേൾക്കണമെ.
നിന്നിൽ നിദ്രിതരാം ദാസർ
നിൻ വലുതാം ദിനമണയുമ്പോൾ
നിൻവലഭാഗത്തണയാനായ്
ദൂതന്മാരുടെ മദ്ധ്യത്തിൽ
പ്രിയനാഥാ, കാരുണ്യം ചെയ്ക.



## 234-83 സ്നേഹത്തിൻ സന്ദേശം പകരാൻ

രീതി: 8

1 ഊറിശിലേമിൽ—ദേവാലയമതിന്നും
ഭണ്ഡാഗാരത്തിൽ
നേർച്ചകളർപ്പിച്ചൊരു വിധവ
സമ്പാദ്യമതാം ഇരുപൈസാ
മുഴുവനുമായവളവിടിട്ടു
നാഥൻ പ്രീതിപ്പെട്ടവളിൽ
ജനമദ്ധ്യേ—അവളെ കാട്ടിയവൻ.

2 എൻ ദയവാനേ,—സമ്പത്തിന്നുറവേ,
വയ്ക്കുന്നെന്നെ ഞാൻ
മുഴുവനുമായ് നിൻ പാദത്തിൽ
എൻ സമ്പാദ്യം നീയത്രേ
നീയാകുന്നെന്നവകാശം
കൈക്കൊള്ളണമെന്നെ കൃപയാൽ
പ്രിയ നാഥാ,—ഹൃദയത്തിൻ നാഥാ.

3 കാഹളനാദം—കേൾക്കുന്നൊരു നാളിൽ
സൂര്യൻ മങ്ങുമ്പോൾ
അഖിലചരാചരമിളകുമ്പോൾ
സ്ലീബാ വാനിൽ കാണുമ്പോൾ
നീയാഗതനാകും നേരം
നിന്നിൽ നിദ്രിതരെ നാഥാ,
പൊടിയിൽനി—ന്നെഴുന്നേല്പിക്കേണം.

4 ബേഥന്യായിൽ—ശെമഓൻ ഭവനത്തിൽ
ഒരുസ്നേഹിതയെത്തി
മേന്മയെഴും തൈലം പേറി
തൈലമെടുത്തവളാ നിമിഷേ
മിശിഹായുടെ തലയിൽ പൂശി
ജീവിതമവനായർപ്പിച്ചു
അവളെയവൻ ജനമദ്ധ്യേകാട്ടി.

www.malankaralibrary.com



5 വഞ്ചനയെന്യേ—സ്നേഹിതനായ്തന്നെ
എന്നും വർത്തിപ്പാൻ
വരമേകണമെ കരുണാബ്ധേ,
ശക്തി പകർന്നിടണേയെന്നിൽ
നിന്നെ ലോകത്തിനു കാട്ടാൻ
നിൻ സുവിശേഷം പേറീടാൻ
സ്നേഹത്തിൻ—സന്ദേശം പകരാൻ.

6 എൻ—പേർക്കായി ബന്ധനമേററവനേ,
പീഡനമേററവനേ,
കവിളത്തടികൊണ്ടൊരു ദേവാ,
നിന്ദനമേറെ സഹിച്ചവനേ,
മുൾമുടി ചൂടിയ രാജാവേ,
കുരിശിൽ തൂങ്ങിയ ദൈവസുതാ,
ഞാൻ നിന്നെ സ്നേഹിക്കുന്നെന്നും.

7 ഗോഗുൽത്തായിൽ—മാനവരക്ഷയ്ക്കായ്
സ്ലീബായുടെ മുകളിൽ
ജീവൻ വിട്ടൊരു ദൈവസുതാ,
ഭുവനങ്ങൾക്കുടയവനേ,
അത്യുന്നതനാം മിശിഹായേ,
പിതൃവലഭാഗെയിരിപ്പവനേ,
നിന്നിൽ ഞാൻ വയ്ക്കുന്നെൻ ഹൃദയം.

8 മ്ശീഹാ നാഥൻ—ചൊന്നു ശിഷ്യരൊടായ്
അത്യുന്നത രഹസ്യം
ഉന്നതരാജ്യത്തിൻ വഴികൾ
വീതി കുറഞ്ഞവയാണവകൾ
അതിലേ പോകുന്നവർ തുച്ഛം
ഓടിൻ പ്രിയരേ ആവഴിയെ
പിതൃ ഭവനേ എത്തീടും നിങ്ങൾ.



9 എൻ—സോദരരേ—കീർത്തിലഭിപ്പാനായ്
മാനവരുടെ മുമ്പിൽ
ഭക്തിനടിക്കരുതൊരു നരനും
പ്രതിഫലമേകില്ലെൻ താതൻ
രഹസ്യത്തിൽ ചെയ്യുന്നവയെ
മുടിചൂടിക്കുന്നു താതൻ
അവയിൽ താൻ—പ്രീതനുമാണെന്നും.

10 ദാനംചെയ്യിൻ—നരരറിയാതെന്നും
ദാതാവതു കാണും
മേലുയരത്തിൽ നിന്നപ്പോൾ
കൃപയുടെ സ്രോതസ്സൊഴുക്കീടും
നീയുന്നതനായ് തീർന്നീടും
താതൻ നിന്നിൽ കീർത്തിതനും
അതിനായ് നാം—അധ്വാനിച്ചീടാം.

11 കീർത്തി ലഭിപ്പാൻ—പ്രാർത്ഥിക്കരുതാരും
താതൻ കേൾക്കില്ല
തെരുവീഥിയിലുയരും നാദം
നരരുടെ സ്തുതി പ്രാപിക്കുന്നു
നീയോ ഭവനത്തിൽ പൂകി
വാതിലടച്ചുയരേ മേവും
താതനൊടായ്—പ്രാർത്ഥിച്ചീടേണം.

12 സ്വർഗ്ഗീയ പിതാ—കരുണാവാരിധിയേ,
നന്നായ് പ്രാർത്ഥിപ്പാൻ
കഴിവു പകർന്നു തരേണം നീ
നിൻ നാമം പരിപാവനമാം
നിൻ രാജ്യം വരണം ധരയിൽ
നിൻ തിരുവിഷ്ടം ധരയെങ്ങും
സ്വർഗ്ഗേ പോൽ എന്നും നിറവേറും.

www.malankaralibrary.com



13 സ്വർഗ്ഗീയപിതാ—അപ്പം നല്കണമെ
വേദന മാററണമെ
കൃപയാൽ പാപം നീക്കണമെ
ഞങ്ങൾ പിഴകൾ പൊറുത്തതുപോൽ
ദുഷ്ടനെയാട്ടിപ്പായിക്ക
റൂഹായാം ദാനം നല്ക
ഉന്നതനാം കരുണാവാരിധിയേ.

14 കീടം തിന്നും—നശ്വര ഭൂമിയിതിൽ
നിക്ഷേപം വേണ്ടാ
അതു നിലനില്പില്ലൊരു നാളും
ചോരൻ മോഷ്ടിക്കും ധരയിൽ
നിക്ഷേപം ഉയരേവയ്ക്കുക
ചിതലും ചോരനുമെത്തില്ല
കാലാന്ത്യേ പ്രതിഫലമേന്തും നീ.

15 വത്സല സുതരേ,—കേഴണ്ടൊരുനാളും
ജീവിതവഴിയിൽ ഞാൻ
ദാനം വിതറാമെന്നെന്നും
പൂർണ്ണതഞാൻ നല്കുന്നെന്നും
റൂഹായാം ദാനം നല്കാം
ഭവനേ മണവറ നല്കീടാം
മോദമെഴും മുടിയും കീർത്തനവും.

16 ആകാശത്തിൽ—പാറിനടക്കുന്ന
പറവകളെ നോക്കുക
കൊയ്ത്തും വിതയും കൂടാതെ
ഉന്നതനവയെപ്പോററുന്നു
അവയേക്കാൾ നീ ശ്രേഷ്ഠനഹോ
ദൈവത്തിൻ പ്രിയനാം സൂനു
വ്യാകുലത—വിട്ടു നടന്നീടു.



17 വാ—ടിക്കരിയും—പുൽക്കൊടിയെ നോക്കുക
പുലരിയിൽ ശോഭിപ്പൂ
സായാഹ്നത്തിൽ കരിയുന്നു
നൂൽനൂൽക്കുന്നില്ലവയൊട്ടും
ശ്ലേമോനേക്കാൾ മോദകരം
ശോഭയവയ്ക്കുടയോനേകി
അവയേക്കാൾ—മർത്യൻ മഹനീയൻ.

18 എൻസോദരരേ—എല്ലാ നാഴികയും
ദൈവത്തിൻ രാജ്യം
തേടിയിറങ്ങാം മോദമൊടേ
തൻനീതിക്കായ് പണിതീടാം
വേണ്ടവയെല്ലാം താൻ നല്കും
ഉന്നതമാം തൻ റൂഹായും
മേലുയരേ ശ്രേഷ്ഠമെഴും വാസം.*

## 235–84 സൗന്ദര്യത്തികവാം റാണി

രീതി: 4

1 ഞാനാകുന്നു ദിവ്യസഭ
അത്യുന്നതനുടെ മണവാട്ടി
സഭജാ—തികളോടായ് ചൊ—ല്ലുന്നൊരു മോഹനവാക്യം!
മിശിഹായെ ഞാൻ സ്തുതി ചെയ്യും
അവനെന്നെ വധുവാക്കിയനാൾ
ഭൂവാ—നങ്ങൾ സ്തുതി പാടി—അത്യത്ഭുതമാണു.

2 സ്വർഗ്ഗത്തിൽ മമ പ്രിയനൊത്ത്
സ്വർഗ്ഗീയാനന്ദം നുകരാൻ
പണിതു—മോഹനമാം മണവറയെൻ കർത്തൻ ധന്യൻ
മണവറയിൽ ഞാനുൾപ്പുകി
മടി കൂടാതെ പുകഴ്ത്തീടും
മഹിമാ മുടി ചൂടിച്ചീടും—മഹിതം ത്രിത്വത്തെ.

---

മത്താ. 6

www.malankaralibrary.com



3 വിഗ്രഹസേവയതിൽ നിന്നും
വിലയില്ലാത്തവയിൽ നിന്നും
മോചി—ച്ചെന്നെ കാണിച്ചു—മറവാം രഹസ്യങ്ങളും.
''പാരും വാനുമഴിഞ്ഞീടും
നാളും വരെ ഞാൻ നിന്നോടുകൂടെ
ലേശം ഭയമെന്യേ വാഴു,'' പ്രിയനാ—ഥൻ ചൊല്ലി.

4 മിശിഹായെ ഞാൻ സ്തുതിചെയ്യും
അവനെന്നെ വധുവാക്കിയനാളും
ഭുവാ—നങ്ങളും സ്തുതി പാടി—അത്യത്ഭുതമാണു;
അവനെൻ ശിരസ്സിൽ മുടി ചൂടി
വിരലിൽ മോതിര ഭൂഷകളും
കാഞ്ചന വസ്ത്രാലംകൃതയായ് തീർന്നോരഗതിയിവളും.

5 അവനെ തേടിയലഞ്ഞു ഞാൻ
കരകടലിവകളിലാരാഞ്ഞു;
അവനെ മാത്രം കണ്ടില്ല;കദനാൽ കേഴുന്നു.
ബേത്ലഹേം വഴി ഞാൻ ചെല്ലേ
അവനോ മിസ്രേമിൽ പോയി
എന്നെ—ന്നോടുര ചെയ്ത സ്വരം—ശോകം മാററില്ല.

6 മിസ്രേമിൽ ഞാൻ പോയിട്ടും
അവനെ കാണാതതിവേഗം
നസ്രത്തിൽ വന്നിട്ടവിടേം—കണ്ടില്ലെൻ പ്രിയനെ;
യോർദ്ദാൻ മരുഭൂവിവയെല്ലാം
ചുററി നടന്നു തിരഞ്ഞപ്പോളും
കേട്ടു: നിൻ പ്രിയ മണവാളൻ—ഗോഗുൽത്താമുകളിൽ.

7 കുരിശിന്മേൽ ഗോഗുൽത്തായിൽ
അവനെ തേടി നടന്നപ്പോളും
ഒരുവൻ ചൊന്നു; നിൻ തോഴൻ കബറിന്നുള്ളതിലായ്;
ദൈവസുതൻ മിശിഹാ നാഥൻ
എന്നെ വധുവായ് തീർത്തനുപൻ
എന്തിന്നീ മൃതഗേഹത്തിൽ—വാസം കാംക്ഷിച്ചു.



8 കദനം തിങ്ങിക്കബറരികിൽ
കരയാൻ സഖിമാരില്ലാതെ
മരുവീടുന്നൊരു നിമിഷത്തിൽ—കേട്ടു ദിവ്യസ്വരം
കരയരുതേ കന്യകയേ നീ
നിൻ മണവാളനുയിർത്തല്ലോ
ജീവി—ക്കുന്നവനെങ്ങനെയാണിവിടെ—യുറങ്ങിടുക?

9 ആ സ്വരമെന്നുള്ളം കുളിരേകി
ഉടനേ ഞാനവനെ കണ്ടു;
തഴുകി—ആശ്ലേഷിച്ചെന്നോ—ടവിടുന്നരുളുംചെയ്തു:
നീയെൻ വധുവായ് കുരിശിങ്കൽ
സൗന്ദര്യത്തികവാം റാണി
പിതൃസ—ന്നിധി ഞാൻ പോയിട്ടെന്നാത്മാവിനെ നല്കാം

## 236-85 സൗഭഗസുന്ദര കന്യക

രീതി: ''നാഥാ,ദയമോച—നമീവകളിരന്നീടാൻ''
(വ്യാഴം സന്ധ്യ—രണ്ടാം കോലോ)

1 രാജസുതൻ മിശിഹാ കണ്ടൊരു സുന്ദരിയെ
വിഗ്രഹ സേവിതയായലഞ്ഞൊരു വനമധ്യത്തിൽ
സൗഭഗസുന്ദര കന്യകയാണവളും നൂനം
യോർദ്ദാൻ തീരേ അവനവളെ വേളികഴിച്ചു.

2 ഞാൻ നിന്നെ കൂട്ടിക്കൊണ്ടിഹ പോയീടും
വലഭാഗേ ഞാൻ നല്കീടാം സിംഹാസനവും
ശോഭിതയാം മണവാട്ടിയതായ് തീർത്തീടും
മണവറ തീർക്കാൻ പോകുന്നു കരയരുതേ നീ.

3 ശോഭയെഴും മകുടം നിൻ ശിരസ്സിൽ വയ്ക്കാം
കാഞ്ചന വസ്ത്രാലംകൃതയായ് നിന്നെ തീർക്കാം
എന്നോടൊത്തെന്നും മരുവീടുന്നതിനായ്
ഉണ്ടുനിനക്കായ് ഉന്നതമതിൽ സിംഹാസനവും